# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2023 ജനുവരി 19 | ദീപം 55 | നാളം 45 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org




ഡിജോ കാപ്പൻ



# കേരളത്തെ ഭക്ഷണം കഴിപ്പിച്ചു കൊല്ലുന്നതാര്?

കഞ്ഞിയും പയറും എന്നതിൽനിന്ന് കപ്പയും മീൻകറിയും എന്നതിലേക്കുമുള്ള മാറ്റം സാവധാനത്തിലായിരുന്നു. പിന്നെ അത് കപ്പബിരിയാണിയായി മാറി. അതിനുശേഷം ചിക്കൻബിരിയാണി, പൊറോട്ട, ബീഫ് എന്നിവയൊക്കെ മലയാളിയുടെ ഇഷ്ടഭക്ഷണമായി. യുവാക്കൾ ഐ.റ്റി. മേഖലയിൽ ജോലിയെടുത്തു തുടങ്ങിയതോടെ ഉച്ചയൂണിന് അരമണിക്കൂർ കളയാനില്ലായെന്ന കാരണം പറഞ്ഞു ബർഗറും കോളയുമായി അടുപ്പം കാണിച്ചു. പിന്നാലെ ഷവർമയും കുഴിമന്തിയും അൽഫാമും അടങ്ങിയ അറബിക്ഭക്ഷണത്തിലേക്കു മലയാളി എടുത്തുചാടി. ഇതോടെ ഭക്ഷണം കഴിച്ചവർ ആശുപത്രിയിലാകുന്നതും മരണപ്പെടുന്നതും വാർത്തയായി. രണ്ടാം ലോകമഹായുദ്ധകാലത്ത് ഭക്ഷ്യവസ്തുക്കൾക്കു ദാരിദ്ര്യം അനുഭവപ്പെട്ടപ്പോൾ അല്പം ചോറും അതിലേറെ കഞ്ഞിവെള്ളവും അതിനു കൂട്ടാനായി ഉപ്പുമാങ്ങ കാന്താരിമുളകു ചേർത്തു ചതച്ചതും ആർഭാടഭക്ഷണമായിരുന്നു നമ്മുടെ മാതാപിതാക്കൾക്ക്. പഴങ്കഞ്ഞി കുടിച്ച് ആരും മരിച്ചതായി വായിക്കാൻ ഇടയായിട്ടില്ല. കപ്പബിരിയാണി കഴിച്ച് ആശുപത്രിയിൽ എത്തിയവരെക്കുറിച്ചും കേട്ടിട്ടില്ല. എന്നാൽ, അറേബ്യൻവിഭവങ്ങളായ ഷവർമ, കുഴിമന്തി, അൽഫാം തുടങ്ങിയ ഭക്ഷണരീതികളിലേക്കു മലയാളി മാറിത്തുടങ്ങിയതോടെ മരണവും മരണത്തിനു കാരണമാകുന്ന കാൻസർ തുടങ്ങിയ രോഗങ്ങൾക്കും അടിമപ്പെടുകയാണ്. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്? ഇത്തരം ഭക്ഷണം പാകം ചെയ്യാൻ പരിശീലനം ലഭിച്ചവരല്ല ഇവ ഉണ്ടാക്കുന്നത്. ഡിമാന്റു കൂടുന്നതോടെ വിദഗ്ധജോലിക്കാരെ കിട്ടാത്ത സാഹചര്യത്തിൽ വടക്കേയിന്ത്യയിൽനിന്നു തൊഴിൽതേടിയെത്തുന്നവരെ അടുക്കളയിൽ നിയമിക്കും. തൊഴിലാളികളുടെ ശുചിത്വക്കുറവും വൃത്തിഹീനമായ അടുക്കളയും അണുബാധക്ഷണിച്ചുവരുത്തുന്നു. റെസ്റ്റോറന്റിൽ ആളുകൾ ക്യൂവായിത്തുടങ്ങിയാൽ നന്നായി വേവിക്കേണ്ട മാംസാഹാരം പകുതിവേവാകുമ്പോൾ വിളമ്പിക്കൊടുക്കും. പലപ്പോഴും ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുന്നവരുടെ പിന്നിൽ ആളുകൾ അടുത്ത അവസരത്തിനായി ക്യൂനിൽക്കുമ്പോൾ കഴിച്ചുപൂർത്തിയാകാത്ത ഭക്ഷണം പായ്ക്കുചെയ്യാൻ ആവശ്യപ്പെടുന്നതും സാധാരണമാണ്. ഇതു പിറ്റേന്നു കഴിക്കുന്നതും അപകടകരമാണ്.

മുട്ടയും വെളുത്തുള്ളിയും ചേർത്തുണ്ടാക്കുന്ന മയോണൈസിന്റെ ആയുസ്സ് രണ്ടു മണിക്കൂറാണ്. ഈ സമയത്തിനുമുമ്പായി ഇത് ഫ്രിഡ്ജിൽ വച്ചില്ലെങ്കിൽ വളരെ അപകടകാരിയായിമാറും. പലപ്പോഴും രാവിലെ ഉണ്ടാക്കുന്ന മയോണൈസ് തണുത്ത പ്രതലത്തിൽ വയ്ക്കാതെ വൈകിട്ടു വിളമ്പുന്നുണ്ടാവും.

ഭക്ഷണസാധനങ്ങൾ ഉണ്ടാക്കാൻ ഉപയോഗിക്കുന്ന ചേരുവകളുടെ ഗുണനിലവാരവും കമ്മിയാണ്. കേടായ ഭക്ഷണസാധനങ്ങൾ ചില കെമിക്കലുകളും തക്കാളി സോസും ചേർത്ത് സുഗന്ധവ്യഞ്ജനങ്ങളുടെ അകമ്പടിയോടെ രുചിയും മണവും ഉണ്ടാക്കി വില്ക്കാനാണ് അടുത്തശ്രമം. ഭക്ഷണശാലകളിൽ ഇത്തരത്തിൽ ഉണ്ടാക്കിവച്ചിരിക്കുന്ന ഉത്പന്നങ്ങൾ ഇടയ്ക്കിടയ്ക്കു പരിശോധിച്ചാൽ ജനങ്ങളുടെ ആരോഗ്യം ഉറപ്പാക്കാൻ കഴിയും. ഇത്തരം പരിശോധനകളുടെ വിശദാംശങ്ങൾ മാധ്യമങ്ങൾക്കു നൽകുകയും ആ സ്ഥാപനങ്ങളുടെ പേരുൾപ്പെടെ പ്രസിദ്ധീകരിക്കുകയും ചെയ്താൽ അത്തരം സ്ഥാപനങ്ങൾ ഒഴിവാക്കാൻ ജനങ്ങൾക്കു കഴിയും. ഇത്തരം നിയമലംഘനങ്ങൾ നടത്തുന്നവരെ മാതൃകാപരമായി ശിക്ഷിക്കാൻ നിയമത്തിൽ വ്യവസ്ഥയുമുണ്ട്. ഭക്ഷണപദാർഥങ്ങളിൽ മായം ചേർത്താലോ ഭക്ഷ്യവിഷബാധയേറ്റ് ഒരാൾ മരണപ്പെട്ടാലോ ഭക്ഷണം ഉണ്ടാക്കിയവർക്കും വിതരണം ചെയ്തവർക്കും ഏഴു വർഷംവരെ തടവും പത്തുലക്ഷം രൂപ പിഴയും നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ, ഭക്ഷണപദാർഥങ്ങൾ ശാസ്ത്രീയമായി പരിശോധിച്ച് തെളിവുകളോടെ ബന്ധപ്പെട്ട കോടതിമുമ്പാകെ എത്തിക്കാൻ നമ്മുടെ ഭക്ഷ്യസുരക്ഷാവകുപ്പിനു കഴിയുന്നില്ല. ഇതിന് ഇവർ പറയുന്ന കാരണങ്ങൾ അടിസ്ഥാനസൗകര്യങ്ങളും ആവശ്യത്തിനു ജീവനക്കാരുമില്ലായെന്നതാണ്.

ഇപ്പോൾ പ്രധാനമായും പരിശോധന നടക്കുന്നത് തിരുവനന്തപുരത്തും കൊച്ചിയിലും കോഴിക്കോട്ടുമുള്ള മൂന്നു റീജിയണൽ ലാബുകളിലാണ്. ഈ ലാബുകൾ ആധുനികവത്കരിക്കാൻ കേന്ദ്രസർക്കാർ 2021-22 വർഷങ്ങളിലായി ആറുകോടി രൂപ അനുവദിച്ചത് വകമാറ്റി ചെലവഴിച്ചെന്നാണ് ആക്ഷേപം. ഭക്ഷണപദാർഥങ്ങളിലെ ബാക്ടീരിയ ഉൾപ്പെടെയുള്ള സൂക്ഷ്മാണുക്കളുടെ സാന്നിധ്യം തിരിച്ചറിയുന്നതിനു മൈക്രോബയോളജി അടിസ്ഥാനമാക്കിയുള്ള ആധുനികപരിശോധന നടത്തി റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചാൽ കുറ്റവാളികൾ രക്ഷപ്പെടില്ല.

പതിന്നാല് ജില്ലാ നോഡൽ ഫുഡ് സേഫ്റ്റി ഓഫീസർമാരുടെ കീഴിൽ 140 ഫുഡ് സേഫ്റ്റി ഓഫീസർമാരാണ് നിലവിൽ കർമരംഗത്തുള്ളത്. ജില്ലാതലത്തിൽ പത്തനംതിട്ടയിലും കണ്ണൂരുമാണ് പരിശോധനാലാബുകൾ ഉള്ളത്. പതിന്നാലു ജില്ലകളിലും മൊബൈൽ ലാബുകൾ ഉണ്ടെങ്കിലും ഇവിടെ ശാസ്ത്രീയമായ പരിശോധനയ്ക്കുള്ള സംവിധാനം ഇല്ല.

ഭക്ഷ്യവിഷബാധയെത്തുടർന്ന് കോട്ടയം മെഡിക്കൽ കോളജാശുപത്രി നഴ്സ് രശ്മി രാജ്, പാർക്ക് മലപ്പുറം കുഴിമന്തി ഹോട്ടലിൽനിന്ന് ഭക്ഷണം വാങ്ങിയതിന്റെ തെളിവു കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നാണ് പോലീസ് ഭാഷ്യം. നമ്മളൊക്കെ ഹോട്ടലിൽ ഭക്ഷണം കഴിച്ചശേഷം വെയ്റ്റർ കൊണ്ടുവരുന്ന ബില്ലും പണവുംകൂടി വെയ്റ്ററെ ഏല്പിക്കുകയാണു ചെയ്യുന്നത്. വെയ്റ്റർ ഈ പണം ക്യാഷ് കൗണ്ടറിൽ എത്തിച്ചുകഴിയുമ്പോൾ ബില്ലു വാങ്ങി കൗണ്ടറിലിരിക്കുന്ന ആണിയിൽ തൂക്കുന്നു. എന്നാൽ, ഈ ബില്ല് ഭക്ഷണം കഴിച്ചവർ തിരിച്ചു വാങ്ങിയിരിക്കണം. മറ്റേതൊരു ബിസിനസ് സ്ഥാപനത്തിലാണെങ്കിലും ഉടമ ബില്ല് തിരിച്ചുവാങ്ങാറില്ല. ബില്ല് പണം മുടക്കിയവനുള്ളതാണ്. ഭക്ഷണം കഴിച്ചത് ഏതു ഹോട്ടലിലാണെന്നുള്ളതിന് ഏകതെളിവ് ഈ ബില്ലു മാത്രമാണ്. ശാരീരികാസ്വാസ്ഥ്യം ഇല്ലെന്നു ബോധ്യമായി രണ്ടു ദിവസം കഴിയുമ്പോൾ ബില്ലു നശിപ്പിച്ചുകളഞ്ഞാലും പ്രശ്നമില്ല.

▶8

# ലോകം ആണവയുദ്ധഭീഷണിയിൽ?



തോമസ് കുഴിഞ്ഞാലിൽ



ഒരാഴ്ച കൊണ്ട് അവസാനിപ്പിക്കാമെന്നു കരുതി റഷ്യ തുടങ്ങിവച്ച യുക്രെയ്ൻ യുദ്ധം ഈ മാസം 24-ാം തീയതി പതിനൊന്നു മാസം പിന്നിടുകയാണ്. യുക്രെയ്നെ കൈയയച്ചു സഹായിക്കുന്ന പാശ്ചാത്യശക്തികൾക്ക് ഉചിതമായ മറുപടി നൽകാൻ ആണവായുധങ്ങളുൾപ്പെടെയുള്ളവ തങ്ങളുടെ കൈവശം സജ്ജമാണെന്നും തക്കസമയത്ത് അവ പ്രയോഗിക്കാൻ മടിക്കില്ലെന്നുമുള്ള റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിന്റെ ഭീഷണിയാണ് യുക്രെയ്ൻ സംഘർഷം ഒരു ആണവയുദ്ധത്തിലേക്കു നീങ്ങുമോയെന്ന ഭയത്തിന്റെ അടിസ്ഥാനം.

ഈ പ്രശ്നത്തെക്കുറിച്ചുള്ള മാധ്യമപ്രവർത്തകരുടെ ചോദ്യത്തിനു മറുപടിയായി പുടിൻ പറഞ്ഞത് "ഞാൻ ഒരു ഭ്രാന്തനായി മാറിയിട്ടില്ല" എന്നായിരുന്നു. ആണവായുധങ്ങൾ ശത്രുരാജ്യത്തെ ഭയപ്പെടുത്തി നിറുത്താനുള്ള ഒരു പ്രതിരോധമാർഗമാണെന്നും, എന്നാൽ, ഗത്യന്തരമില്ലാതെ വരുന്ന പക്ഷം അവ പ്രയോഗിക്കാൻ മടിക്കില്ലെന്നും പുടിൻ കൂട്ടിച്ചേർത്തു.

"ഞങ്ങളുടെ മാതൃരാജ്യത്തിന്റെ സുരക്ഷ ഉറപ്പാക്കാൻ ഞാൻ പ്രതിജ്ഞാബദ്ധനാണ്. ആ ലക്ഷ്യം നേടാൻ ഏതറ്റം വരെയും പോകും, ആണവായുധങ്ങൾ പ്രയോഗിക്കേണ്ടിവന്നാൽപ്പോലും. മറ്റെല്ലാ രാജ്യങ്ങൾക്കും ഉള്ളതിനേക്കാൾ മെച്ചപ്പെട്ട അണുവായുധങ്ങൾ ഞങ്ങളുടെ പക്കലുണ്ട്'' - പുടിൻ വെളിപ്പെടുത്തി.

റഷ്യൻപ്രസിഡന്റിന്റെ ഭീഷണിയോടുള്ള അമേരിക്കൻ പ്രസിഡന്റ് ജോ ബൈഡന്റെ പ്രതികരണം ഇപ്രകാരമായിരുന്നു: "യുക്രെയ്നിൽ ആണവായുധങ്ങൾ പ്രയോഗിക്കുന്ന പക്ഷം വലിയ അബദ്ധങ്ങളിലേക്കാകും റഷ്യ ചെന്നെത്തുക. അത്തരം കടുത്ത നടപടികൾ സ്വീകരിച്ചാൽ റഷ്യയ്ക്ക് ഗുരുതരമായ പ്രത്യാഘാതങ്ങൾ നേരിടേണ്ടിവരുമെന്ന് മുന്നറിയിപ്പു തരുകയാണ്."

റഷ്യയും അമേരിക്കയും നേർക്കുനേർ ഏറ്റുമുട്ടുന്ന അവസ്ഥയിലേക്കാണു കാര്യങ്ങൾ നീങ്ങുന്നതെന്ന് രണ്ടു നേതാക്കളുടെയും പ്രസ്താവനകളിൽ നിന്നു വ്യക്തമാകും. രണ്ടു വൻശക്തി രാഷ്ട്രങ്ങളും നേരിട്ടേറ്റുമുട്ടുമായിരുന്ന 1962 ലെ ക്യൂബൻ പ്രതിസന്ധിക്കുശേഷമുള്ള ഏറ്റവും സങ്കീർണമായ അവസ്ഥയാണിപ്പോൾ സംജാതമായിരിക്കുന്നത്. മൂന്നാം ലോകമഹായുദ്ധത്തിലേക്കു വീഴുമെന്ന് ലോകം ഭയപ്പെട്ട അന്നത്തെ പ്രതിസന്ധി തലനാരിഴയ്ക്കാണ് ഒഴിവായത്. ഇപ്പോഴാകട്ടെ, ഓരോ ദിവസത്തെയും സംഭവവികാസങ്ങൾ ചുരുളഴിയുമ്പോൾ പ്രശ്നങ്ങൾ കൂടുതൽ വഷളാകുന്ന സ്ഥിതിയാണുള്ളത്.

യുക്രെയ്ൻ പ്രസിഡന്റ് വൊളോഡിമിർ സെലെൻസ്കി ഇക്കഴിഞ്ഞ മാസം 22-ാം തീയതി നടത്തിയ സാഹസികമായ യു എസ് സന്ദർശനത്തിനു പിന്നാലെ പേട്രിയറ്റ് മിസൈൽ സംവിധാനം നല്കി സഹായിക്കാമെന്ന ജോ ബൈഡന്റെ വാഗ്ദാനം യുക്രെയ്ൻ സംഘർഷം ഒരു പുതിയ ഘട്ടത്തിലേക്കു കടക്കുകയാണെന്ന സൂചനയാണു നല്കുന്നത്. ശത്രുസൈന്യത്തിന്റെ മിസൈലുകളെ വളരെ അകലെനിന്നുതന്നെ തിരിച്ചറിഞ്ഞു നശിപ്പിക്കുന്ന ഈ സംവിധാനത്തിന് 40 ലക്ഷം ഡോളർ വില വരും (ഏകദേശം 3,200 കോടി രൂപ). യു എസിൽനിന്ന് ജർമനിയിലുള്ള നാറ്റോയുടെ വ്യോമതാവളത്തിലെക്കുന്ന പേട്രിയറ്റ് മിസൈലുകൾ പ്രവർത്തിപ്പിക്കുന്നതിന് യുക്രെയ്ൻ സൈനികർക്ക് പ്രത്യേകപരിശീലനം നല്കും. സൈനികരുടെ പരിശീലനത്തിനുശേഷമാകും പേട്രിയറ്റ് മിസൈലിനെ യുക്രെയ്നിലെ തന്ത്രപ്രധാനസ്ഥാനത്ത് വിന്യസിക്കുക. കഴിഞ്ഞ വർഷം ഫെബ്രുവരി 24-ന് യുദ്ധം തുടങ്ങിയശേഷം ഇതുവരെ സാമ്പത്തികവും സൈനികവുമായി 2,200 കോടി ഡോളറിന്റെ സഹായം അമേരിക്കയിൽ നിന്നു യുക്രെയ്നു നല്കിക്കഴിഞ്ഞതായി പെന്റഗൺ റിപ്പോർട്ടു ചെയ്തു (ഏകദേശം 1,76,000 കോടി രൂപ).

റഷ്യ കൈവശപ്പെടുത്തിയ ഡോണെറ്റ്സ്ക് മേഖലയിൽ തമ്പടിച്ചിരുന്ന റഷ്യൻ സൈനികരിൽ 89 പേരെ ഇക്കഴിഞ്ഞ പുതുവർഷദിനത്തിൽ യുക്രെയ്ൻ സൈനികർ മിസൈലാക്രമണത്തിൽ കൊലപ്പെടുത്തിയത് പുതിയ സംഭവവികാസമാണ്. യുക്രെയ്നിലെ വിവിധ മേഖലകളിലായി നടന്ന ഏറ്റുമുട്ടലുകളിൽ അന്നേദിവസത്തെ റഷ്യൻ സൈനികരുടെ ആകെ മരണസംഖ്യ 800 തികഞ്ഞുവെന്നും യുക്രെയ്ൻ സൈനികവൃത്തങ്ങൾ അറിയിച്ചു. ഈ കൂട്ടക്കൊലയുടെ പ്രതികാരമെന്നോണം ഈ മാസം 8-ാം തീയതി നടത്തിയ ശക്തമായ പ്രത്യാക്രമണത്തിൽ അറുന്നൂറിലേറെ യുക്രെയ്ൻ സൈനികരെ വധിച്ചതായി റഷ്യയും അവകാശപ്പെട്ടു. രണ്ടു രാജ്യങ്ങളിലെയും ഓർത്തഡോക്സ് സഭ ക്രിസ്മസ് ആചരിച്ച ഈ മാസം ഏഴാം തീയതി റഷ്യ ഏകപക്ഷീയമായി പ്രഖ്യാപിച്ച 36 മണിക്കൂർ വെടിനിറുത്തലിനുശേഷമായിരുന്നു ഈ തിരിച്ചടി. 1,300 ഓളം യുക്രെയ്ൻ സൈനികർ താമസിച്ചിരുന്ന ക്രാമറ്റോർസ്ക് നഗരത്തിലെ കോളജ് ഹോസ്റ്റലിനു നേരേ നടത്തിയ മിസൈലാക്രമണത്തിലാണ് ഇത്രയേറെ സൈനികർ വധിക്കപ്പെട്ടത്. എന്നാൽ, ആ വാർത്ത റഷ്യൻ സൈനികനേതൃത്വം മനഃപൂർവം മെനഞ്ഞെടുത്ത നുണക്കഥയാണെന്ന് ക്രാമറ്റോർസ്ക് മേയർ പറയുന്നു. മിസൈലുകൾ പതിച്ച കോളജിന്റെ രണ്ടു കോമ്പൗണ്ടുകളിൽ ആഴമേറിയ രണ്ടു ഗർത്തങ്ങൾ രൂപപ്പെട്ടതായി കണ്ടെത്തിയിട്ടുണ്ടെന്നും സൈനികരുടെ മൃതശരീരങ്ങളൊന്നും ദൃശ്യമായിരുന്നില്ലെന്നും അദ്ദേഹം സാക്ഷ്യപ്പെടുത്തി. ഏഴാം തീയതി മധ്യാഹ്നംമുതൽ എട്ടാം തീയതി അർദ്ധരാത്രിവരെയുള്ള റഷ്യയുടെ വെടിനിറുത്തൽ പ്രഖ്യാപനം വെറും കാപട്യമായിരുന്നുവെന്ന് വിശേഷിപ്പിച്ച യുക്രെയ്ൻ ഭരണകൂടം റഷ്യയുടെ നടപടിയോട് സഹകരിക്കാതെ യുദ്ധം തുടരുകയായിരുന്നു. കഴിഞ്ഞവർഷം യുദ്ധം ആരംഭിച്ചശേഷമുള്ള ആദ്യവെടിനിറുത്തൽ പ്രഖ്യാപനമായിരുന്നു ഇതെന്ന പ്രത്യേകതയുമുണ്ട്. കഴിഞ്ഞ വർഷം ഓഗസ്റ്റുമുതൽ നേരിടുന്ന തിരിച്ചടികളിൽനിന്നും പാഠമുൾക്കൊണ്ട് യുദ്ധം എങ്ങനെയും അവസാനിപ്പിക്കാൻ പുടിൻ ആഗ്രഹിക്കുന്നുവെന്ന സൂചനയായി വെടിനിറുത്തലിനെ കാണുന്നവരുണ്ട്. സമാധാനം പുനഃസ്ഥാപിക്കാനുള്ള ലക്ഷ്യത്തിനപ്പുറം, തുടർച്ചയായ തോൽവികളും കനത്ത ആൾനാശവുമാണ് വെടിനിർത്തലിനു പുടിന് പ്രേരണ നൽകിയതെന്നാണ് രാഷ്ട്രീയനിരീക്ഷകർ വിലയിരുത്തിയത്.

നാറ്റോ അംഗരാജ്യങ്ങളായ യു എസ്, യു കെ, ജർമനി, ഫ്രാൻസ് എന്നിവ ഇതുവരെ നല്കിയ സഹായങ്ങൾക്കുപുറമേ കൂടുതൽ കവചിതവാഹനങ്ങളും മിസൈലുകളുൾപ്പെടെയുള്ള യുദ്ധോപകരണങ്ങളും യുക്രെയ്നിലെത്തിക്കാൻ ഒരുങ്ങുന്നുവെന്ന വാർത്തയും ആശങ്ക ജനിപ്പിക്കുന്നുണ്ട്. ഇറാനിൽനിന്നും റഷ്യയ്ക്കു നൽകിവരുന്ന ഡ്രോണുകൾ യുക്രെയ്ൻ നഗരങ്ങളുടെ മുകളിലെത്തിച്ച് വിസ്ഫോടനം നടത്തുന്ന പുതിയ ആക്രമണരീതി തടയാൻ ആധുനികയുദ്ധോപകരണങ്ങൾക്കും പേട്രിയറ്റ് മിസൈലിനും കഴിയും.

ഇതിനിടെ, റഷ്യയുടെയും ചൈനയുടെയും സേനാവ്യൂഹങ്ങൾ ജപ്പാൻ കടലിലും പടിഞ്ഞാറൻ പസഫിക്കലിലുമായി സംയുക്തസൈനികാഭ്യാസങ്ങൾ നടത്തുന്നുവെന്ന വാർത്തകളും വരുന്നുണ്ട്. ചൈനയുടെ 2,000 കാലാൾപ്പടയും 300 സൈനികവാഹനങ്ങളും 21 യുദ്ധവിമാനങ്ങളും മൂന്നു യുദ്ധക്കപ്പലുകളുമാണ് റഷ്യയുമായുള്ള സൈനികാഭ്യാസത്തിൽ പങ്കെടുക്കുന്നത്. പസഫിക് മേഖലയിലെ അമേരിക്കയുടെ വർദ്ധിച്ചുവരുന്ന സൈനികസാന്നിധ്യത്തെ ചെറുക്കാൻ രണ്ടു രാജ്യങ്ങളുടെയും സൈന്യത്തെ സജ്ജമാക്കി നിറുത്തുകയാണ് ലക്ഷ്യം.

2023 അവസാനിക്കുമ്പോഴേക്കും ആണവമേഖലയിൽ ഇപ്പോഴുള്ള സംവിധാനങ്ങൾ മെച്ചപ്പെടുത്താനും പുതിയവ നിർമിക്കാനുമുള്ള പദ്ധതികൾ ത്വരിതപ്പെടുത്തിയതായി റഷ്യയുടെ പ്രതിരോധമന്ത്രി സെർജി ഷോയ്ഗു വെളിപ്പെടുത്തിയത് അടുത്ത നാളുകളിലാണ്. 6,257 അണുബോംബുകൾ സ്വരുക്കൂട്ടി വച്ച ഒരു രാജ്യമാണ് റഷ്യ. യുഎസിന്റെ കൈവശം 5,550 ഉം ചൈനയിൽ 350 ഉം അണുബോംബുകളുണ്ട്. ഇന്ത്യയും ഒരു ആണവരാജ്യം തന്നെ, അണുബോംബുകളുടെ എണ്ണം 156.

അമേരിക്കൻ ഭൂഖണ്ഡത്തിലെത്താൻ കെല്പുള്ള ആണവമിസൈലുകളുടെ നിർമാണം ഉത്തരകൊറിയയിൽ പുരോഗമിച്ചുവരുന്നു. പ്രവർത്തനസജ്ജമായ 50 അണുബോംബുകൾ അവരുടെ കൈവശമുള്ളതും അപായസൂചനയാണ്.

ഒരു 'ചീത്ത ബോംബ്' യുക്രെയ്നിൽ പ്രയോഗിക്കാൻ റഷ്യ ഒരുക്കങ്ങൾ നടത്തുന്നുവെന്ന വാർത്തയും ഇടയ്ക്കു പ്രചരിച്ചിരുന്നു. ആണവാവശിഷ്ടങ്ങൾ വായുവിൽ വിതറി അണുപ്രസരണത്തിലൂടെ മനുഷ്യരെ സാവകാശം കൊന്നൊടുക്കാൻ കെല്പുള്ള ഇത്തരം 'ചീത്ത ബോംബുകൾ' യുക്രെയ്ന്റെ കൈവശമുണ്ടെന്ന് റഷ്യ ആരോപിച്ചു. യുദ്ധമേഖലയിലെ ഏതെങ്കിലുമൊരു നഗരത്തിൽ ബോംബു വർഷിക്കുകയും കുറ്റം യുക്രെയ്നുനേരെ ചുമത്തുകയും ചെയ്യുകയാണ് ഈ ആരോപണത്തിനു പിന്നിലെ ലക്ഷ്യമെന്ന് നിരീക്ഷിക്കുന്നവരുണ്ട്.

ഒന്നും രണ്ടും ലോകമഹായുദ്ധങ്ങൾക്കുമുമ്പ് രൂപംകൊടുത്ത ശാക്തികചേരികൾക്കു സമാനമായി ലോകത്തെ പ്രബലരാജ്യങ്ങൾ ചേരി തിരിഞ്ഞ് യുദ്ധസജ്ജരായി നില്ക്കുന്നത് ഒരു വലിയ യുദ്ധത്തിനുള്ള പടപ്പുറപ്പാണെന്നു വ്യാഖ്യാനമുണ്ട്. റഷ്യയും ചൈനയും ഇറാനും ഉത്തരകൊറിയയും അവരോടു ചേർന്നുനില്ക്കുന്ന ചെറിയ രാജ്യങ്ങളും ഒരുവശത്തും, യു എസും യു കെയും ഉൾപ്പെടെയുള്ള പാശ്ചാത്യരാജ്യങ്ങളും, ജപ്പാനും ഓസ്ട്രേലിയയും മറുവശത്തുമായി എല്ലാം നശിപ്പിക്കുന്ന ഒരു ആണവയുദ്ധത്തിലേക്ക് യുക്രെയ്നിലെ സംഘർഷം വഴിമാറാൻ ഇനി അധികകാലമില്ല. 2026 ൽ തുടങ്ങി 27 വർഷം നീണ്ടുനില്ക്കുന്ന മൂന്നാം ലോകമഹായുദ്ധം 2053 ൽ അവസാനിക്കുമ്പോൾ ഭൂമിയിൽ ഒന്നും അവശേഷിക്കാനുണ്ടാവില്ല എന്നുള്ള അഭ്യൂഹങ്ങളും പ്രചരിച്ചുതുടങ്ങിയിട്ടുണ്ട്. ■

# കുടുംബം കാക്കും നിയമകരങ്ങൾ

## കുടുംബവുമായി ബന്ധപ്പെട്ട നിങ്ങളുടെ നിയമപരമായ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

നിയമവീഥി



**അഡ്വ. സി. ലിനറ്റ് SKD**

**ഗാർഹികബന്ധം എന്നാൽ എന്താണ്?**

ഒരു വീട് പങ്കുപറ്റിക്കൊണ്ട് ഒരുമിച്ചു താമസിക്കുന്നതോ ഏതെങ്കിലും സമയത്തു താമസിച്ചിട്ടുള്ളതോ ആയ രണ്ടു വ്യക്തികൾ (സ്ത്രീ-പുരുഷൻ) തമ്മിലുള്ള ബന്ധം, വിവാഹബന്ധം, വിവാഹസമാനമായ ബന്ധം, ദത്തെടുക്കലിലൂടെയുള്ള ബന്ധം, കൂട്ടുകുടുംബബന്ധം, എന്നീ അഞ്ചു തരത്തിലാണ് ഗാർഹികബന്ധം നിലനിൽക്കുന്നത്.

**ഗാർഹികപീഡനം എന്നാൽ എന്താണ്?**

ഒരു സ്ത്രീയുടെ ആരോഗ്യത്തിനോ സുരക്ഷിതത്വത്തിനോ മാനസികമോ ശാരീരികമോ ആയ ഹാനി വരുത്തുകയോ അപായപ്പെടുത്താൻ ഒരുങ്ങുകയോ ശാരീരികവും ലൈംഗികവുമായ ദുരുപയോഗം ചെയ്യുകയോ വാക്കാലും വൈകാരികമായുള്ള പരിഹാസങ്ങളും അവഹേളനങ്ങളും അപമാനവും ഉണ്ടാക്കുകയോ ടി സ്ത്രീക്ക് താത്പര്യമുള്ള ആരെയെങ്കിലും ശാരീരികമായി വേദനിപ്പിക്കുമെന്ന് ആവർത്തിച്ചു ഭീഷണിപ്പെടുത്തുകയോ ചെയ്യുന്നതും മറ്റുമാണ് ഗാർഹികപീഡനം. പീഡിപ്പിക്കപ്പെടുന്ന കുട്ടികൾക്കുവേണ്ടിയും അമ്മയ്ക്കു കോടതിമുമ്പാകെ അപേക്ഷ നൽകാം.

**എന്താണ് സാമ്പത്തിക ദുരുപയോഗം?**

1. പീഡിപ്പിക്കപ്പെട്ട സ്ത്രീക്ക് ഗാർഹികബന്ധത്തിന്റെ ബലത്തിൽ ഉപയോഗിക്കാവാനും, ആസ്വദിക്കാനും അവകാശപ്പെട്ട സൗകര്യങ്ങൾ തുടർച്ചയായി അനുഭവിക്കുന്നതും പങ്കുപറ്റുന്ന വീട്ടിലേക്കുള്ള പ്രവേശനമുൾപ്പെടെ നിരോധിക്കുന്നതും നിയന്ത്രിക്കുന്നതും ഉൾപ്പെടുന്നു.
2. ഗാർഹികസ്വത്തുക്കൾ കൈയൊഴിക്കുന്നതും സ്ഥാവരമോ ജംഗമമോ ആയ ആസ്തികളോ വിലപ്പിടിപ്പുള്ള വസ്തുക്കളോ ഈടുകളോ ബോണ്ടുകളോ അതുപോലുള്ളവയോ പീഡിപ്പിക്കപ്പെട്ട സ്ത്രീയ്ക്ക് ഗാർഹികബന്ധത്തിന്റെ ബലത്തിൽ ഉപയോഗിക്കാൻ അവകാശമോ താത്പര്യമോ ഉള്ളതോ, സ്ത്രീക്കോ അവരുടെ കുട്ടികൾക്കോ ന്യായമായും ആവശ്യമായിരിക്കുന്നതോ ആയ മറ്റു സ്വത്തുക്കളോ, സ്വർണമോ പീഡിപ്പിക്കപ്പെട്ട വ്യക്തിക്ക് കൂട്ടായോ ഒറ്റയ്ക്കോ ഉടമസ്ഥതയുള്ള മറ്റെന്തെങ്കിലും സ്വത്തോ അന്യാധീനപ്പെടുന്നതും ഇതിൽപെടും.

**ഗാർഹികപീഡനം ഉണ്ടായാൽ പരാതി കൊടുക്കേണ്ടത് എവിടെയാണ്?**

പ്രൊട്ടക്ഷൻ ഓഫീസർ

സർവീസ് പ്രോവൈഡർ

മജിസ്ട്രേറ്റ് കോടതി മുമ്പാകെ നേരിട്ടോ വക്കീൽമുഖാന്തിരമോ പരാതിപ്പെടാം.

ഇത്തരം പരാതികളുമായി പോലീസ് സ്റ്റേഷനിൽ ചെല്ലുന്ന സ്ത്രീകളെ പ്രൊട്ടക്ഷൻ ഓഫീസറുടെയോ സർവീസ് പ്രൊവൈഡറുടെയോ അടുത്തേക്കു പറഞ്ഞയയ്ക്കേണ്ട ചുമതല പോലീസിനുണ്ട്.

**പ്രൊട്ടക്ഷൻഓഫീസറിൽനിന്നു ലഭിക്കുന്ന സേവനങ്ങൾ എന്തൊക്കെയാണ്?**

1. ഗാർഹികപീഡനത്തിൽനിന്ന് സ്ത്രീകൾക്കുള്ള സംരക്ഷണനിയമമനുസരിച്ചുള്ള പരാതി നൽകാൻ സഹായിക്കുക.
2. നിർദിഷ്ടഫോറം സൗജന്യമായി നൽകുക.
3. പരാതി ലഭിച്ചാൽ ടി സംഭവത്തിന്റെ റിപ്പോർട്ട് തയ്യാറാക്കി മജിസ്ട്രേറ്റ് മുമ്പാകെ സമർപ്പിക്കുക.
4. അടിയന്തരഘട്ടങ്ങളിൽ പോലീസ് സഹായത്തോടെ പീഡനം തടയുക.
5. ആവശ്യമെങ്കിൽ സുരക്ഷിതമായി താമസിക്കാൻ അഭയമന്ദിരം ലഭ്യമാക്കുക.
6. വൈദ്യപരിശോധന ലഭ്യമാക്കുക.

   ഈ നിയമപ്രകാരമുള്ള മജിസ്ട്രേറ്റിന്റെ ചുമതലകൾ നിറവേറ്റുവാൻ അദ്ദേഹത്തെ സഹായിക്കുക
7. ഈ റിപ്പോർട്ടുകളുടെയെല്ലാം ഓരോ പകർപ്പുകൾ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിലേക്ക് അയയ്ക്കുക.
8. ഗാർഹികപീഡനത്തിൽനിന്നു പീഡിപ്പിക്കപ്പെട്ട സ്ത്രീയെ സംരക്ഷിക്കുകയും വീണ്ടും പീഡനം ആവർത്തിക്കുന്നതു തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുക.
9. കോടതി ആവശ്യപ്പെടുന്നപക്ഷം പീഡനം നടന്ന വീട്ടിൽ ഗാർഹികസന്ദർശനം നടത്തുക.
10. സ്വത്ത് സംബന്ധിച്ച അന്വേഷണം നടത്തി റിപ്പോർട്ട് കോടതിയിൽ സമർപ്പിക്കുക.
11. വിലപ്പിടിപ്പുള്ള മറ്റു വസ്തുക്കൾ കൈവിട്ടുപോയെങ്കിൽ തിരിച്ചെടുക്കാനും കുട്ടികളുടെ കസ്റ്റഡിയും തിരിച്ചുകിട്ടാനും മറ്റും സഹായിക്കുക.



**കുടുംബക്കോടതിയിൽ സമർപ്പിക്കാവുന്ന സിവിൽ അന്യായങ്ങൾ, വിഷയങ്ങൾ എന്തൊക്കെയാണ്?**

1) ഒരു വിവാഹബന്ധത്തിലെ പ്രശ്നങ്ങളുമായി ബന്ധപ്പെടുത്തി ഏതെങ്കിലും നിരോധന ഉത്തരവ് (injunction) ആവശ്യപ്പെടുന്ന കേസുകൾ.
2) ഒരാളുടെ പിതൃത്വതർക്കം സംബന്ധിച്ച കേസുകൾ.
3) ജീവനാംശംതേടിയുള്ള കേസുകൾ.
4) പ്രായപൂർത്തിയായിട്ടില്ലാത്ത ഒരാളുടെ രക്ഷാകർത്തൃത്വം സംബന്ധിച്ച തർക്കവുമായി ബന്ധപ്പെട്ട കേസുകൾ
5) ഒരു വിവാഹബന്ധം സാധുവാണെന്നോ അസാധുവാണെന്നോ പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെടുന്ന കേസുകൾ.
6) വിവാഹമോചനമോ വിവാഹം അസാധുവാക്കണമെന്നോ ആവശ്യപ്പെട്ടോ വിവാഹബന്ധം പുനഃസ്ഥാപിച്ചുകിട്ടണമെന്നോ നിയമപരമായി വേർപെടുത്തിക്കിട്ടണമെന്നോ ആവശ്യപ്പെട്ടോ ഉള്ള കേസുകൾ.
7) ഒരു വിവാഹബന്ധത്തിൽ ഉൾപ്പെട്ടവർ തമ്മിലുള്ള സ്വത്തുതർക്കം സംബന്ധിച്ച കേസുകൾ

കുടുംബക്കോടതി ക്രിമിനൽകോടതിയായി പ്രവർത്തിക്കുന്ന സാഹചര്യങ്ങൾ ഏതൊക്കെ?

ഭാര്യയുടെയും കുട്ടികളുടെയും മാതാപിതാക്കളുടെയും സംരക്ഷണത്തിനായുള്ള വ്യവസ്ഥകൾ പ്രകാരം ഒന്നാംക്ലാസ് മജിസ്ട്രേറ്റിനുള്ള അധികാരങ്ങൾ കുടുംബക്കോടതിക്ക് പ്രയോഗിക്കാം. ഈ അധികാരങ്ങൾ പ്രയോഗിക്കുമ്പോൾ കുടുംബക്കോടതി ക്രിമിനൽകോടതിയായാണു പ്രവർത്തിക്കുക.

**കുടുംബക്കോടതിവിധികളിന്മേൽ അപ്പീൽ എവിടെയാണ് നൽകേണ്ടത്?**

ഹൈക്കോടതി ഡിവിഷൻ ബെഞ്ചിലാണ് അപ്പീൽ നൽകേണ്ടത്.

ഭർത്താവും ഭാര്യയും രണ്ടിടത്തു താമസിക്കുകയാണെങ്കിൽ ഏതു കുടുംബക്കോടതിയിലാണ് കേസ് നൽകേണ്ടത്?

ഇക്കാര്യത്തിൽ നാലു സാധ്യതകളാണുള്ളത്:

1. വിവാഹം നടന്ന സ്ഥലം.
2. പരാതി നൽകുന്ന സമയത്ത് എതിർകക്ഷി താമസിക്കുന്ന സ്ഥലം (ഭാര്യയാണു പരാതിക്കാരിയെങ്കിൽ ഭർത്താവ് താമസിക്കുന്ന സ്ഥലവും ഭർത്താവാണ് പരാതിക്കാരനെങ്കിൽ ഭാര്യ താമസിക്കുന്ന സ്ഥലവും).
3. ഇരുവരും ഒടുവിൽ ഒന്നിച്ചുതാമസിച്ച സ്ഥലം
4. ഭാര്യയാണ് പരാതിക്കാരിയെങ്കിൽ അവർ പരാതി നൽകുമ്പോൾ താമസിക്കുന്ന സ്ഥലത്തുള്ള കുടുംബക്കോടതിയെയും സമീപിക്കാം.
5. എതിർകക്ഷി ഇന്ത്യയ്ക്കു പുറത്തായിരിക്കുകയോ ഏഴുവർഷമായി അയാളെ/അവരെപ്പറ്റി ഒരു വിവരവുമില്ലാതിരിക്കുകയോ ആണെങ്കിൽ പരാതി നൽകുന്നയാൾ താമസിക്കുന്ന സ്ഥലത്തു പരാതി നൽകാം.

**ഒരു കുടുംബക്കോടതിയിൽ നടക്കുന്ന കേസ് മറ്റൊരു കുടുംബക്കോടതിയിലേക്കു മാറ്റിക്കിട്ടണമെന്ന് ആവശ്യപ്പെടാമോ?**

ആവശ്യപ്പെടാം. ഇതിനായി ഹൈക്കോടതിയെ സമീപിക്കാം.

**ഭാര്യയിൽനിന്നു ജീവനാംശംതേടി ഭർത്താവിനു കോടതിയെ സമീപിക്കാമോ?**

തീർച്ചയായും സമീപിക്കാം. ഭർത്താവിൽനിന്നു ഭാര്യയ്ക്കും ഭാര്യയിൽനിന്നു ഭർത്താവിനും ജീവനാംശം ആവശ്യപ്പെടാൻ ഹിന്ദുവിവാഹനിയമത്തിൽമാത്രം വ്യവസ്ഥയുണ്ട്.

**പ്രായമായ മാതാപിതാക്കൾക്കു മക്കളിൽനിന്നു ജീവനാംശംതേടി കുടുംബക്കോടതിയെ സമീപിക്കാമോ?**

സമീപിക്കാം. Sec. 125 cr. p.c. അനുസരിച്ച് ഇവർക്ക് കേസ് ഫയൽ ചെയ്യാം.

# ദീപനാളം

കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ




ആവശ്യക്കാരനിൽനിന്നു കണ്ണു തിരിക്കരുത്; നിന്നെ ശപിക്കാൻ ആർക്കും ഇട നൽകുകയുമരുത്.

പ്രഭാഷകൻ 4:5

**എഡിറ്റോറിയൽ**

## ദൈവത്തിന്റെ സ്വന്തം നാട്ടിൽ ആത്മഹത്യകൾ പെരുകുന്നുവോ?

**എ**ന്തിനുമേതിനും ആത്മഹത്യയിൽ 'അഭയം' തേടുന്നവരുടെ എണ്ണം അതിഭയാനകമാംവിധം പെരുകുന്ന റിപ്പോർട്ടുകളാണ് ദിനംപ്രതി വന്നുകൊണ്ടിരിക്കുന്നത്. ആത്മഹത്യ ഒന്നിനും പരിഹാരമല്ലെന്ന് അറിയാത്തതുകൊണ്ടല്ല, അങ്ങനെയൊക്കെ സംഭവിച്ചുപോകുന്നതാണ് എന്നത്രേ ആത്മഹത്യയ്ക്കു ശ്രമിച്ചു പരാജയപ്പെടുന്നവരുടെ കൊച്ചു വർത്തമാനം. തൊട്ടതിനും പിടിച്ചതിനുമെല്ലാം ജീവൻവച്ചു പന്താടുന്ന മലയാളിയുടെ മരണസംസ്കാരഭ്രമം ആരോഗ്യകരമല്ലെന്നു മാത്രമല്ല, മരണത്തിന്റെയും ജീവന്റെയും അധിനാഥനായ ദൈവത്തിനെതിരേയുള്ള വെല്ലുവിളിയുംകൂടിയാണ്.

നാഷണൽ ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ കണക്കനുസരിച്ച് 2020 ൽ കേരളത്തിൽ 8500 പേർ ആത്മഹത്യ ചെയ്തുവെന്നത് ഞെട്ടിക്കുന്നതാണ്. ഇതിൽ 6570 പേർ പുരുഷന്മാരും 1930 പേർ സ്ത്രീകളുമാണ്. ദേശീയ ശരാശരിക്കു മുകളിലാണ് കേരളത്തിലെ ആത്മഹത്യകളെന്നാണ് കണക്കുകൾ കാണിക്കുന്നത്. അതായത്, രാജ്യത്ത് ഒരു ലക്ഷം പേരിൽ പത്തുപേർ ആത്മഹത്യ ചെയ്യുമ്പോൾ കേരളത്തിൽ അത് 24 പേരാണ്. ഇന്ത്യയിൽ ആത്മഹത്യ ചെയ്യുന്നവരുടെയും അതിനു ശ്രമിക്കുന്നവരുടെയും പ്രായം നോക്കിയാൽ 67 ശതമാനം പേരും യുവാക്കളാണ് എന്നതാണു സങ്കടകരമായ കാര്യം. അതിൽത്തന്നെ 70 ശതമാനവും പുരുഷന്മാരാണ്. അതേസമയം, ഏറ്റവുമധികം ആത്മഹത്യാശ്രമം നടത്തുന്നതും ഭീഷണി മുഴക്കുന്നതും സ്ത്രീകളാണെന്നും റിപ്പോർട്ടുകൾ പറയുന്നു. ആഗോളതലത്തിൽ ആത്മഹത്യാനിരക്കിൽ ഇന്ത്യ ഒന്നാമതെത്തി നില്ക്കുന്നുവെന്നത് ലജ്ജിപ്പിക്കുന്നതാണ്. നഗരാടിസ്ഥാനത്തിലുള്ള ആത്മഹത്യാനിരക്കിൽ രാജ്യത്ത് ഒന്നാംസ്ഥാനത്തുള്ളത് കൊല്ലമാണെന്നും കണക്കുകൾ സൂചിപ്പിക്കുന്നു.

സ്വയം ജീവൻ അവസാനിപ്പിക്കണമെന്നു തോന്നാനുള്ള കാരണങ്ങൾ ഓരോരുത്തർക്കും വ്യത്യസ്തമാകാം. കുടുംബപ്രശ്നങ്ങൾ, വിവാഹജീവിതത്തിലെ പൊരുത്തക്കേടുകൾ, പഠനം/ജോലി ഉളവാക്കുന്ന സമ്മർദങ്ങൾ, അമിതമായ ലഹരിയുപയോഗം, മാനസികവിഭ്രാന്തികൾ, സാമ്പത്തികപരാധീനതകളും കഷ്ടനഷ്ടങ്ങളും ഇങ്ങനെ പോകുന്നു അവ. ഇതിനുംപുറമേ കൊവിഡൊരുക്കിയ ആരോഗ്യപ്രശ്നങ്ങളും തൊഴിൽനഷ്ടങ്ങളും സാമ്പത്തിക-മാനസികപ്രതിസന്ധികളും നിരവധി ജീവനെടുത്ത വർഷങ്ങളാണു കടന്നുപോയത്.

ആത്മഹത്യ ചെയ്യുന്ന ഭൂരിപക്ഷം ആളുകളിലും പ്രകടമോ അല്ലാത്തതോ ആയ മാനസികരോഗമോ രോഗലക്ഷണങ്ങളോ ഉണ്ടെന്നാണ് പൊതുവേയുള്ള കണ്ടെത്തൽ. ഒരു വ്യക്തിയുടെ പെരുമാറ്റത്തിലൂടെ വ്യക്തമാകുന്ന മാനസികമായ അസാധാരണത്വത്തെ നിസ്സാരവത്കരിച്ചുകാണാനാവില്ല. ഒരുപക്ഷേ, ചെറിയ ശതമാനം ആളുകളേ രോഗലക്ഷണങ്ങൾ പ്രകടിപ്പിക്കുന്നുള്ളൂവെങ്കിലും മാനസികപിരിമുറുക്കങ്ങളും സമ്മർദങ്ങളും അനുഭവിക്കുന്ന ഒരു വലിയ ശതമാനം ആളുകളെ പരിഗണിക്കേണ്ട ധർമം ഉത്തരവാദപ്പെട്ട എല്ലാവർക്കുമുണ്ട്. മാനസികാസ്വസ്ഥതകൾ മാനഹാനി ഭയന്നു മൂടിവച്ചാൽ പരിഹരിക്കാൻ കഴിയാത്തവിധം എല്ലാം കൈവിട്ടുപോകുന്ന ദുരവസ്ഥയിലേക്കു കാര്യങ്ങൾ എത്തിപ്പെടും. ശാരീരികാസുഖങ്ങൾക്കു വേഗം ചികിത്സയെടുക്കുന്നതുപോലെതന്നെ മാനസികപ്രശ്നങ്ങൾക്കും കൃത്യമായ പരിചരണവും ചികിത്സയും ആവശ്യമാണെന്ന് സമൂഹവും പ്രത്യേകിച്ച് സ്വന്തം കുടുംബാംഗങ്ങളെങ്കിലും അറിഞ്ഞിരിക്കണം.

ആത്മഹത്യ ചെയ്യുന്നവരിൽ ഏറിയ പങ്കും വിഷാദരോഗികളാണ്. ദ ന്യൂ ഏജ് കില്ലർ എന്നാണ് ലോകാരോഗ്യസംഘടന വിഷാദരോഗത്തെ (ഡിപ്രഷൻ) വിശേഷിപ്പിക്കുന്നത്. മനസ്സിന്റെ സമനില തെറ്റി ഒറ്റയാന്മാരായി ഒതുങ്ങി ജീവിക്കുന്നവരെയും എല്ലാറ്റിനോടും വെറുപ്പു തോന്നുന്നവരെയുമൊക്കെ കാണുമ്പോൾ അവരെ പ്രത്യേകം കരുതലോടെ ചേർത്തുപിടിക്കാൻ സമൂഹം പ്രബുദ്ധമാകണം. ആത്മബലംകൊടുത്ത് അവരെ ശുഭാപ്തിവിശ്വാസത്തിലേക്കു നയിക്കാനും പുതുജീവിതം കൊടുക്കാനുമൊക്കെ കൂട്ടുകാർ കരങ്ങൾ കോർക്കണം.

യുവജനങ്ങൾക്കിടയിൽ ആത്മഹത്യ വർദ്ധിക്കുന്നത് തടയിടാൻ കോളജുകളിൽ പ്രതിരോധപദ്ധതി നടപ്പാക്കണമെന്ന് ഈയിടെ യുജിസി നിർദേശിച്ചിരിക്കുന്നത് ശുഭോദർക്കമാണ്. മാനസികാരോഗ്യനയം (2014), മാനസികാരോഗ്യസംരക്ഷണനിയമം (2017) എന്നിവ അടിസ്ഥാനമാക്കി യുവാക്കളുടെ മാനസികാരോഗ്യം ഉറപ്പിക്കുന്നതിനാണ് കേന്ദ്ര ആരോഗ്യ-വിദ്യാഭ്യാസമന്ത്രാലയങ്ങൾ കൈകോർക്കുന്നത്. 2030 ഓടെ ആത്മഹത്യാനിരക്ക് മൂന്നിലൊന്നായി കുറയ്ക്കുകയാണ് ലക്ഷ്യംവയ്ക്കുന്നത്.

നീറുന്ന എല്ലാ പ്രശ്നങ്ങൾക്കും അറുതിവരുത്താൻ മരണമാണ് ഏകപരിഹാരമെന്ന ചിന്ത ഒരാളുടെ മനസ്സിൽ വേരൂന്നിയാൽ വൈകാതെ വിദഗ്ധനായ മനഃശാസ്ത്രജ്ഞന്റെയോ കൗൺസലറുടെയോ സഹായം തേടേണ്ടതാണ്. നമ്മുടെ കലാലയങ്ങളിലും സ്കൂളുകളിലും കൗൺസലിങ്ങിന് മതിയായ പ്രാധാന്യം കൊടുക്കുന്ന കാലം ഇനിയെന്നുവരും? കുട്ടികൾക്കു മാനസികാരോഗ്യശേഷി കൈവരുന്നതിൽ അധ്യാപക-രക്ഷാകർത്തൃസൗഹൃദങ്ങൾ ശക്തിപ്പെടേണ്ട കാലമാണിത്. കുടുംബങ്ങളിൽ പ്രായമായിരിക്കുന്നവർക്കും തീരാരോഗികളായിരിക്കുന്നവർക്കും സാന്ത്വനചികിത്സാസഹായങ്ങൾ ആവിഷ്കരിച്ചു നടപ്പാക്കാനും ബന്ധപ്പെട്ടവർ തയ്യാറാവണം. സൗജന്യ കൗൺസെലിങ്ങ് പദ്ധതികളും ബോധവത്കരണപദ്ധതികളും ആസൂത്രണം ചെയ്യാൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെങ്കിലും തയ്യാറായാൽ, മാനസിക വെല്ലുവിളികൾ നേരിടുന്നവരെ സഹായിക്കാൻ ഒരുപരിധിവരെയെങ്കിലും സർക്കാരിനാകും. കത്തോലിക്കാസഭയും ഇതര സമുദായസംഘടനകളും ഇത്തരത്തിലുള്ള ക്രിയാത്മകസംരംഭങ്ങൾക്ക് മതിയായ പ്രാധാന്യം കൊടുത്താൽ മാനസികാരോഗ്യമുള്ള ഒരു തലമുറയെ ചിട്ടപ്പെടുത്തിയെടുക്കാൻ സാധിക്കുമെന്നുറപ്പ്.

■

# ബനഡിക്ട് പാപ്പായുടെ വിയോഗം ഒരു തീരാനഷ്ടം

കാലം ചെയ്ത ബനഡിക്ട് പതിനാറാമൻ പാപ്പായെക്കുറിച്ച് മാർ ജോസഫ് പള്ളിക്കാപറമ്പിൽ എഴുതിയ ഓർമക്കുറിപ്പു വായിച്ചു. പാപ്പായുടെ അഗാധമായ ബൈബിൾ ജ്ഞാനത്തെയും അഗാധമായ ദൈവശാസ്ത്രപാണ്ഡിത്യത്തെയുംകുറിച്ചാണ് എല്ലാവർക്കും പറയുവാനുള്ളത്.

സാധാരണക്കാരായ വിശ്വാസികളെ സംബന്ധിച്ചിടത്തോളം ദൈവശാസ്ത്രം അവരുടെ ചിന്തയ്ക്കപ്പുറമാണ്. അവരുടെ ഏകകൈമുതൽ ദൈവത്തിലുള്ള അടിയുറച്ച വിശ്വാസവും അനുദിനപ്രാർഥനകളും ഞായറാഴ്ചയാചരണവും ആണ്ടുവട്ടത്തിലെ ചില തീർഥാടനങ്ങളും മാത്രമാണ്. പക്ഷേ, അവരറിയുന്നില്ല, തങ്ങളുടെ വിശ്വാസത്തിന്റെയും തങ്ങൾ അംഗമായിരിക്കുന്ന സഭയുടെയും നിലനില്പ് ബനഡിക്ട് പാപ്പായെപ്പോലുള്ള അനേകം സഭാപിതാക്കന്മാരുടെ ചിന്തകളിലൂടെയും പഠനങ്ങളിലൂടെയും രൂപപ്പെട്ട വലിയ ദർശനങ്ങളുടെ പിൻബലത്തിലാണെന്ന വസ്തുത.

ബനഡിക്ട് പാപ്പായുടെ ദൈവശാസ്ത്രപാണ്ഡിത്യത്തെ ഉയർത്തിക്കാട്ടുമ്പോഴും അദ്ദേഹം സഭൈക്യസംഭാഷണങ്ങൾക്കു കൊടുത്തിരുന്ന പ്രാധാന്യത്തെ വിസ്മരിച്ചുകൂടാ. സഭകളുടെ ഐക്യം സ്വപ്നം കണ്ട മാർപാപ്പായാണ് ബനഡിക്ട് പതിനാറാമൻ എന്നു മാർ ജോസഫ് പള്ളിക്കാപറമ്പിൽ നിരീക്ഷിക്കുന്നുണ്ട്. പ്രാദേശികസഭകളിൽപ്പോലും ഇന്നു രൂക്ഷമായിക്കൊണ്ടിരിക്കുന്ന വിഭാഗീയപ്രവണതകളുടെ പശ്ചാത്തലത്തിൽ ചിന്തിക്കുമ്പോൾ, പാപ്പായുടെ സഭൈക്യചിന്തകൾ എത്രയോ ശ്ലാഘനീയമായിരുന്നുവെന്നോർക്കണം. സഭകൾ തമ്മിലുള്ള ഭിന്നതകൾ ലോകത്തിനു വലിയ എതിർസാക്ഷ്യമാണു നല്കുന്നതെന്ന് അദ്ദേഹത്തിനു ബോധ്യമുണ്ടായിരുന്നു. ഇവിടെ ഒരേ സഭയിൽത്തന്നെ ആചാരാനുഷ്ഠാനങ്ങളുടെ പേരിൽ ഭിന്നിക്കുന്നു! തീർച്ചയായും ബെനഡിക്ട് പാപ്പായുടെ വിയോഗം സഭയ്ക്കും ലോകത്തിനും വലിയ നഷ്ടംതന്നെ.

**റാണി സെബാസ്റ്റ്യൻ**
**ഇടപ്പള്ളി**

# പക്ഷികൾ പറക്കുമ്പോൾ

കേരളത്തിലെ ജന്തുജാലങ്ങളുടെ വൈവിധ്യമോർത്താൽ നാം അദ്ഭുതം കൂറും. എന്തെന്തു പക്ഷികൾ! എന്തെന്തു മൃഗങ്ങൾ! ലോകത്തെല്ലായിടത്തും ഒരുപോലെ കാണപ്പെടുന്ന പക്ഷിക്കൂട്ടങ്ങളും ജന്തുജാലങ്ങളും കൂടാതെ ഓരോ ദേശത്തും പ്രത്യേകമായി കാണപ്പെടുന്ന ജീവിവർഗങ്ങളും അനവധിയാണ്! അനവധിയെന്നു പറഞ്ഞതുകൊണ്ടാവില്ല. ആയിരങ്ങളെന്നു തന്നെ പറയണം. ഓരോന്നിന്റെയും വർണഭംഗിയും രൂപഭംഗിയും വിവരണാതീതമാണ്. ഫോട്ടോഗ്രഫിയുടെയും ആധുനികസാങ്കേതികസംവിധാനങ്ങളുടെയും വികാസംകൊണ്ടുണ്ടായ വലിയ നേട്ടങ്ങളിലൊന്ന് ഈ കാഴ്ചവിരുന്നാണെന്നു പറയേണ്ടിയിരിക്കുന്നു. 'കേരളത്തിലെ പക്ഷികൾ' എന്ന ദീപനാളം പരമ്പരയാണ് ഇത്രയും കുറിക്കാൻ പ്രേരണയായത്. ചെറുതെങ്കിലും സുഖമുണ്ട് അതു വായിക്കാൻ. മാത്യുസ് പ്ലാക്കന് അഭിനന്ദനങ്ങൾ.

**ബിജു വർഗീസ്**
**ചിറക്കടവ്**



## പ്രതികരണം

സൂക്ഷ്മമായി ആലോചിച്ചാൽ നമ്മുടെ ലോകത്തുനിന്നു കേൾക്കാൻ ഇന്നു ഭീതിദമായ വാർത്തകളല്ലാതെ മറ്റെന്തെങ്കിലുമുണ്ടോ? ഒന്നു രണ്ടു വർഷമായി തുടരുന്ന കോവിഡ് ഭീതി ഏതാണ്ട് ഒഴിഞ്ഞുതുടങ്ങിസ്ഥിതിയെക്കുറിച്ചന്വേഷിക്കാൻമെനക്കെടാതെ, അപ്പോഴേ ഷെയർ ചെയ്യുന്നതിലാണ് എല്ലാവർക്കും ആനന്ദം. വാട്ട്സാപ്പ് ഗ്രൂപ്പിലും മറ്റും ഞാൻ മുമ്പേ ഞാൻ മുമ്പേ എന്ന മട്ടിലാണ് മത്സരം. കൃത്രിമവീഡിയോകളും വാർത്തകളും ധാരാളമാണിന്ന്. കാണികളിൽ കേവലകൗതുകം ജനിപ്പിക്കുന്ന ഫ്രോഡ് വീഡിയോകൾ ക്ഷമിച്ചുവിടാം. എന്നാൽ, ജനങ്ങൾക്കിടയിൽ ഭിന്നിപ്പു സൃഷ്ടിക്കാനും മതവിദ്വേഷം പടർത്താനും പോന്ന വ്യാജസൃഷ്ടികൾ പടച്ചുവിടുന്നവരെ നിയമത്തിനുമുമ്പിൽ

# പഠനാർഹമായ ലേഖനം

യെന്ന് ആശ്വസിച്ചിരിക്കുമ്പോൾ ഇതാ എത്തുന്നു, അതേ ഭീഷണി വീണ്ടും. അതും ചൈനയിൽനിന്നുതന്നെ (ലേഖനം-കൊവിഡ് മഹാമാരിയിൽ വിറച്ച് ചൈന-നാളം-44).

ലേഖനത്തിൽ വിവരിക്കുന്നത്ര രൂക്ഷത അവിടെയുണ്ടോ? എന്തായാലും ജനങ്ങളിൽ വിവരമെത്തിക്കുന്ന ആധികാരികസ്രോതസുകളെപ്പറ്റി ആർക്കുമത്ര പിടിയില്ല. ഇന്ന് എല്ലാവരും വാർത്താപ്രചാരകരാണ്. കൈയിൽ കിട്ടുന്ന വാർത്തയെന്തുമാകട്ടെ, അതിന്റെ സത്യകൊണ്ടുവരണം. എന്നാൽ, യഥാർഥ വാർത്തകൾ ജനങ്ങളിലെത്തുകയും വേണം.

ചൈനയിലെ സ്ഥിതി ഗുരുതരമെങ്കിൽ ആ മുന്നറിയിപ്പ് നാം അവഗണിച്ചുകൂടാ. നാം ജാഗരൂകരാകേണ്ടിയിരിക്കുന്നു. എന്തായാലും ലോകവാർത്തകൾ നല്ല പഠനലേഖനങ്ങളായി അപ്പോഴപ്പോൾ ദീപനാളം വായനക്കാരിലെത്തിക്കുന്ന തോമസ് കുഴിഞ്ഞാലിൽ അഭിനന്ദനമർഹിക്കുന്നു.

**വിൽഫ്രഡ് മാത്യു**
**ആലപ്പുഴ**

# കഥ പറയുമ്പോൾ



'ഋ' എന്ന പേരിലൊരു സിനിമയോ? കേൾക്കുമ്പോൾ കൗതുകം തോന്നുന്ന ഈ സിനിമയുടെ പിന്നിൽ അദ്ഭുതപ്പെടുന്ന ഒരുപിടി കാര്യങ്ങളുണ്ട്. ഒരു വൈദികൻ സംവിധാനം ചെയ്യുന്ന ആദ്യത്തെ മലയാളസിനിമ. പ്രണയത്തോടൊപ്പം വർണരാഷ്ട്രീയം മുഖ്യപ്രമേയമാകുന്ന ചിത്രം പൂർണമായും കാമ്പസ് പശ്ചാത്തലത്തിലാണ് ഒരുക്കിയിരിക്കുന്നത്. എം.ജി. സർവകലാശാലയിൽ പൂർണമായി ചിത്രീകരിച്ച ആദ്യത്തെ സിനിമ.

സംവിധാനത്തിന് ദേശീയപുരസ്കാരം നേടിയ നടനും സംവിധായകനുമായ സിദ്ധാർഥ് ശിവ ഛായാഗ്രഹണവും എഡിറ്റിങ്ങും നിർവഹിച്ച ചിത്രം. അവഗണിക്കപ്പെടുകയും പാർശ്വവത്കരിക്കപ്പെടുകയും ചെയ്തവരുടെ കഥ പറയാൻ ശ്രമിക്കുമ്പോൾ അതിന് അവഗണിക്കപ്പെട്ട അക്ഷരമായ 'ഋ' എന്ന പേരിടുകയായിരുന്നുവെന്ന് സംവിധായകൻ ഫാ. വർഗീസ് ലാൽ പറയുന്നു. "മലയാളത്തിൽ മാറ്റിനിർത്തപ്പെട്ട ഒരക്ഷരംപോലെയാണല്ലോ 'ഋ'. എന്നാൽ സ്വന്തമായി ഒരർഥമുള്ള അക്ഷരമാണ് 'ഋ' എന്നു വിശ്വസിക്കാനാണ് എനിക്കിഷ്ടം. നായകന്റെ പേര് ഋഷിയെന്നാണ്."

'ഋ' പോലെ ചുറ്റിപ്പിണഞ്ഞുകിടക്കുന്ന ജീവിതത്തിന്റെ സങ്കീർണതകളാണ് സിനിമയുടെ പ്രമേയം. ഷേക്സ്പിയറുടെ ഒഥല്ലോയുടെ പുനരാവിഷ്കരണമായ കഥയിൽ വർത്തമാനകാലസാമൂഹികസാഹചര്യം അവതരിപ്പിച്ചിരിക്കുന്നു. കാമ്പസ് രാഷ്ട്രീയവും ഇതിലുണ്ട്.

കുട്ടിക്കാലംമുതലേ ആത്മീയകാര്യങ്ങളോടൊപ്പം തന്നെ സിനിമയോടും ഫാദർ വർഗീസ് ലാലിനു താത്പര്യമായിരുന്നു. "കലയില്ലാതെ മതമില്ലെന്നു വിശ്വസിക്കാനാണ് എനിക്കിഷ്ടം. മതത്തിൽ കലയില്ലെങ്കിൽ ബോറാകും. ഈശ്വരനിലേക്കുള്ള വഴി തന്നെയാണ് കല" ഫാ. വർഗീസ് ലാൽ പറയുന്നു.

എം.ജി. സർവകലാശാലയിൽനിന്ന് എം.എ. സിനിമ ആൻഡ് ടെലിവിഷൻ മൂന്നാം റാങ്കോടെ ജയിച്ച ഫാ. വർഗീസ് ലാൽ 'സിനിമയുടെ കലാബോധം' എന്ന വിഷയത്തിൽ എം.ഫിൽ പൂർത്തിയാക്കി. ഇതിനോടകം 20 ഹ്രസ്വചിത്രങ്ങൾ ചെയ്തിട്ടുണ്ട്.



**ഫാ. വർഗീസ് ലാൽ**
സംവിധായകൻ

മികച്ച നവാഗതസംവിധായകനും തിരക്കഥാകൃത്തിനുമുള്ള കേരള ഫിലിംക്രിട്ടിക്സ് അവാർഡ് ചിത്രത്തിനു കിട്ടിക്കഴിഞ്ഞു. എം.ജി. സർവകലാശാല സ്കൂൾ ഓഫ് ലെറ്റേഴ്സ് അധ്യാപകൻ ഡോ. ജോസ് കെ. മാനുവലിന്റേതാണ് തിരക്കഥ. വിശാൽ ജോൺസന്റെ വരികൾക്ക് സംഗീതം പകർന്നിരിക്കുന്നത് സൂരജ് എസ്. കുറുപ്പാണ്. രഞ്ജി പണിക്കർ, രാജീവ് രാജ്, നയന എൽസ, ഡെയിൻ ഡേവിസ്, കോട്ടയം പ്രദീപ് തുടങ്ങിയവരാണ് താരനിരയിൽ.

---






ടി.പി. ശാസ്തമംഗലം

# ഗാനസാഹിത്യം എങ്ങോട്ട്?

ഓരോ വർഷം കഴിയുമ്പോഴും മുമ്പ് ഈ ലേഖകൻ ഒരു വർഷത്തെ ചലച്ചിത്രഗാനങ്ങളുടെ വിളവെടുപ്പു നടത്തുമായിരുന്നു. പതിരല്ലാതെ കതിരൊന്നും ലഭിക്കായതോടെ ആ പണി ഞാനങ്ങു നിറുത്തി. പ്രമുഖ പത്രങ്ങളും ചലച്ചിത്രപ്രസിദ്ധീകരണങ്ങളും നിജസ്ഥിതി മനസ്സിലാക്കി അത്തരം ലേഖനങ്ങൾ വേണ്ടെന്നുവച്ചു. അദ്ഭുതമെന്താണെന്നുവച്ചാൽ ചില സൈറ്റുകൾ യാതൊരു ഉളുപ്പുമില്ലാതെ 2022 ലെ മികച്ച (?) ഗാനങ്ങൾ കണ്ടെത്താൻ ശ്രമം നടത്തിയിരിക്കുന്നു. പീറപ്പാട്ടുകളിൽനിന്ന് ഇങ്ങനെയൊരു തിരഞ്ഞെടുപ്പ് മനഃസാക്ഷിക്കുത്തില്ലാതെ എങ്ങനെ സാധ്യമായി?

ഇതാ 2022 ന്റെ ഒടുവിലിറങ്ങിയ ഒരു ഗാനം. ഇത്തരം വികലമായ സൃഷ്ടികളാണ് പോയവർഷം നമ്മുടെ കാതുകളിലെത്തിയത്.

"വാനിലെ താരകേ തേടുന്നിതാ
കാറ്റിൻതീരങ്ങളിൽ ഭൂവിൽ
തിങ്കളിൻ തേരിലായ് വന്നിടു
വാതിൽ ചാരി നീ വരൂ സഖീ വരൂ" (ചിത്രം - 4 ഇയേഴ്സ്; രചന - ആരതി മോഹൻ; സംഗീതം - ശങ്കർ ശർമ്മ; ആലാപനം - അയിരാൻ, ശ്രുതി ശിവദാസ്)


പതിവുപോലെ ആകാശവും താരകവും കാറ്റും തിങ്കളും എല്ലാം ഇവിടെയും സ്ഥാനം പിടിച്ചിട്ടുണ്ട്. വാനിലെ താരകയെ തേടുന്നത് വാനിലല്ല, കാറ്റിന്റെ തീരങ്ങളിലും ഭൂമിയിലുമാണ്. തിങ്കളിന്റെ തേരിൽ വേണം താരകം വരേണ്ടതെന്ന നിർദേശവുമുണ്ട്. അങ്ങനെ വരേണ്ടത് വാതിൽ ചാരിയിട്ടാവണം എന്ന പ്രസ്താവത്തിന്റെ യുക്തി വ്യക്തമല്ല. സാധാരണഗതിയിൽ വാതിൽ തുറന്നുവേണം വരേണ്ടത്. ഇവിടെ വാതിൽ ചാരിയിട്ട് വരാനാണ് ആഹ്വാനം.

"കനിമൊഴി നീയെൻ കനവിലെ കൂട്ടിൽ
അണയുവാനായ് പൂനിലാരാവിൽ
മന്ദം മന്ദം വിരിയുമീ പൂവിൽ
അരികിലായ് പായും തേൻകിളീ വാ"




പുതിയ പാട്ടെഴുത്തുകാർക്ക് പല്ലവി, അനുപല്ലവി, ചരണം ഇവ തമ്മിലുള്ള ബന്ധത്തെക്കുറിച്ച് വലിയ ഗ്രാഹ്യമൊന്നുമില്ല. അതുകൊണ്ട് ആദ്യം പറയുന്നതുമായി പിന്നീടുള്ള വരി യോജിക്കാതെ വരും. പല്ലവികൾ താരകത്തെ സംബോധന ചെയ്തതും പലയിടത്തും അന്വേഷിച്ചതും തിങ്കളിന്റെ തേരിൽ വരാൻ പറഞ്ഞതുമൊക്കെ അപ്പോൾത്തന്നെ എഴുത്തുകാരൻ മറന്നു. അനുപല്ലവിയിൽ കനിമൊഴിയോടും തേൻകിളിയോടുമാണ് രചയിതാവ് സംവദിക്കുന്നത്. എന്തൊക്കെയോ എഴുതി എന്നല്ലാതെ ഒന്നും ലക്ഷ്യത്തോടെയല്ല. പരസ്പരം പൂരകങ്ങളായി വർത്തിക്കേണ്ട വരികൾ വിഘടിച്ചുനില്ക്കുന്നു. ഗാനരചനയുടെ പ്രാഥമികപാഠമെങ്കിലും വശമില്ലാത്തവർ തൂലികയെടുക്കരുത് എന്നാണ് എന്റെ എളിയ അപേക്ഷ. നമുക്കു മാതൃകയായി സമ്പന്നമായ ഗാനചരിത്രമുണ്ട്. എന്നിട്ടും അതൊന്നും കാണാതെ വായിൽ വരുന്നതു കോതയ്ക്കു പാട്ട് എന്ന മട്ടിൽ അർഥശൂന്യമായ പലതും എഴുതിവിടുന്നു. കാവ്യവാസന തൊട്ടുതെറിച്ചിട്ടില്ലെങ്കിലും കുറഞ്ഞപക്ഷം ഭാഷയെങ്കിലും കുറ്റമറ്റതായിരിക്കേണ്ടതല്ലേ?

"കൂട്ടിനായ് വരാനെന്തിനി നാണം
വാനവും ഭൂമിയും ചേരുമീ വേളയിൽ
നിനവുകൾ ഇതാ പൂക്കാലങ്ങളായ്
കനവുകൾ സാഗരംപോലെയെൻ മാനസം
നീയതിൽ നീരാടിടും" എന്നിങ്ങനെ ശുഷ്കമായ ഏതാനും വരികൾ കൂട്ടിയോജിപ്പിച്ചുകൊണ്ട് രചയിത്രി ഗാനസാഹസം പൂർത്തിയാക്കിയിരിക്കുന്നു. ഈ പാട്ടിനിടയ്ക്ക് അതിനെ അലോസരപ്പെടുത്തുന്ന വിധത്തിൽ സംഭാഷണം കേൾക്കാം. സംവിധായകൻ പാട്ടിന് അത്ര പ്രാധാന്യമേ കല്പിച്ചിട്ടുള്ളു എന്നു സാരം. ഇതു യുഗ്മഗാനമാണ്, ഇതിൽ കാതലായ വിഷയം പ്രണയവുമാണ്. പക്ഷേ, വരികൾ പാടിക്കേൾക്കുമ്പോൾ നമുക്ക് അങ്ങനെ തോന്നുകയില്ല. മലയാളത്തിലെ ഓമനത്തം തുളുമ്പുന്ന പദങ്ങളൊക്കെയാണ് ഗാനത്തിൽ സ്ഥാനം പിടിച്ചിട്ടുള്ളത്. അതുകൊണ്ടെന്തുകാര്യം? വാക്കുകൾ തമ്മിൽ ചേർന്ന് അർഥം ധ്വനിപ്പിക്കണമല്ലോ. ആദ്യന്തം സുദൃഢമായ ഒരാശയം ഗാനത്തിലുണ്ടായിരിക്കുകയുംവേണം. ഈ ഗാനം പതിനായിരം തവണ കേട്ടാലും നമുക്കൊന്നും തോന്നുകയില്ല. മടുപ്പുളവാക്കുകയും ചെയ്യും. ഗാനം കലാസൃഷ്ടിയാണെങ്കിൽ വെറുപ്പിക്കുകയല്ല രസിപ്പിക്കുകയാണു വേണ്ടത്. ഈ സാരസ്വതരഹസ്യമെങ്കിലും കുറഞ്ഞപക്ഷം രചയിതാക്കൾ അറിഞ്ഞാൽ നന്ന്.




**ജനുവരി 22**
**ദനഹാക്കാലം**
**മൂന്നാംഞായർ**

സംഖ്യ 11:11–20
ഏശ 45:18–46:4
ഹെബ്രാ 4:1–10
യോഹ 1:29–34



# ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്



ഡോ. ജോസഫ് കരികുളം

**ജ**നത്തിനും ദൈവത്തിനുമിടയിൽ നിൽക്കുന്ന മോശയുടെ സങ്കടങ്ങളും, അവയ്ക്കു ദൈവം നിർദേശിക്കുന്ന പരിഹാരമാർഗവുമാണ് ഒന്നാം വായനയുടെ (സംഖ്യ 11:11-20) ഉള്ളടക്കം. തനിക്കു മഹത്ത്വം നൽകി, തന്റെ വഴിയിലൂടെ സഞ്ചരിക്കേണ്ട, തന്റെ പ്രിയപ്പെട്ട ജനം, വഴിതെറ്റി സഞ്ചരിക്കുന്നതുകാണുമ്പോൾ വിഷമമുണ്ടാകുന്ന സ്നേഹധനനായ പിതാവായ ദൈവം ഒരു വശത്ത്! കരുണ അർഹിക്കുന്നവരും എന്നാൽ, തറുതല മാത്രം കാണിക്കുന്നവരുമായ ദൈവത്തിന്റെ ജനം മറുവശത്ത്! വിപരീതസ്വഭാവമുള്ള ദൈവത്തിന്റെയും ദൈവജനത്തിന്റെയും മധ്യത്തിൽ നിൽക്കുന്ന മോശയ്ക്കും ദേഷ്യം വരുന്നുണ്ട്. എന്തിനുവേണ്ടി ഈ പണി താൻ ചെയ്യണം എന്നതാണ് മോശയുടെ ആവലാതി. ഒരു മനുഷ്യനെന്ന നിലയിൽ സ്വാഭാവികമായും ഉണ്ടാകാവുന്ന സാഹചര്യം, പ്രത്യേകിച്ചും ഒരു വശത്ത് സ്രഷ്ടാവായ ദൈവം ആകുമ്പോൾ!

മോശയുടെമേലുള്ള ചൈതന്യം ഒരു ജനത്തെ നയിക്കാൻമാത്രം പര്യാപ്തമായിരുന്നു. കാരണം, അത് ദൈവത്തിന്റെ ചൈതന്യമായിരുന്നു. മാനുഷികമായ കാരണങ്ങളാൽ അതുപോലും മോശയ്ക്കു നിരർഥകമായിത്തോന്നി. മോശയിലുള്ള ദൈവചൈതന്യത്തിന്റെ ഒരു ഭാഗം വഹിക്കുന്ന എഴുപതു പേരുകൂടി ഉണ്ടാകുന്നു. എന്തെങ്കിലും മാറ്റം ഉണ്ടാകുന്നുണ്ടോ? ജനം പതിവുപോലെ പരിതപിക്കുന്നവരായി തുടരുന്നു. ദൈവം ശിക്ഷിച്ചും ക്ഷമിച്ചും മടുക്കുകയും ചെയ്യുന്നു. ദൈവത്തെ അനുസരിക്കുകയും ജനത്തിനുവേണ്ടി വാദിക്കുകയും ചെയ്യുന്ന ഏതു നല്ല മനുഷ്യനും താങ്ങാൻ പറ്റാത്ത സാഹചര്യങ്ങളാണിവ.

ദൈവംതന്നെയായ ഈശോമിശിഹായ്ക്കു മാത്രമാണ് ഇത്തരമൊരു സാഹചര്യത്തിൽ ദൈവത്തിനും മനുഷ്യനുമിടയിൽ നിൽക്കാനായത്. സുവിശേഷത്തിൽ (യോഹ. 1:29–34) സ്നാപകയോഹന്നാൻ ഈശോയ്ക്കു കൊടുക്കുന്ന സാക്ഷ്യം, ലോകത്തിനും ദൈവത്തിനുമിടയിൽ നിൽക്കുന്ന മോശയെപ്പോലെ, എന്നാൽ മോശയെക്കാൾ വലിയവനായ, ദൈവംതന്നെയായ ഈശോമിശിഹായുടെ ഈ ദൗത്യത്തെ ചൂണ്ടിക്കാട്ടുന്നു. "ഇതാ ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്'' (1:29). ദൈവം തന്റെ ജനത്തെ തന്നിലേക്കടുപ്പിക്കാനായി, അവരുടെ പാപപരിഹാരത്തിനായി, നിരവധി വ്യക്തികളെ മനുഷ്യരിൽനിന്നു തിരഞ്ഞെടുത്തെങ്കിലും അവർക്കാർക്കും ആ ദൗത്യം സാധിക്കാനായില്ല. അതിനാൽ അവിടുന്ന് തന്റെ പുത്രനെത്തന്നെ അയയ്ക്കുന്നു.

ദൈവം തന്റെ രക്ഷ മനുഷ്യനു സമ്മാനിക്കാൻ തീരുമാനിച്ചുറപ്പിച്ചിരിക്കുന്നു (ഏശ. 45:18). 'നിങ്ങൾക്കു നര ബാധിക്കുമ്പോളും ഞാൻ നിങ്ങളെ വഹിക്കും. ഞാൻ നിങ്ങളെ സൃഷ്ടിച്ചു; നിങ്ങളെ വഹിക്കും; ചുമലിലേറ്റി രക്ഷിക്കുകയും ചെയ്യും' (46:4). ഈ രക്ഷ പല രീതികളിൽ ഇസ്രായേലിന്റെ ജീവിതത്തിൽ കാണുന്നുണ്ട്. അത് അവർ അടിമത്തത്തിൽനിന്നു പുറത്തെത്തുന്നതിലും യുദ്ധങ്ങളിൽ വിജയിക്കുന്നതിലുമൊക്കെയാണ്. ഈ ഭൗതികസൂചനകളെല്ലാം ഈശോയിൽ പൂർത്തിയാകുന്ന നിത്യമായ രക്ഷയുടെ അടയാളങ്ങൾമാത്രം.

ദൈവത്തിന്റെ രക്ഷയുടെ ദിവസത്തെ 'ഇന്ന്' (today) എന്ന സമയസൂചകത്തിലൂടെയും 'ദൈവം നൽകുന്ന വിശ്രമം' എന്ന അവസ്ഥാസൂചകത്തിലൂടെയും ഹെബ്രായലേഖനം മനോഹരമായി വിവരിക്കുന്നു (ഹെബ്രാ. 4:1-10). ദൈവം നിത്യനാണ്. 'ഇന്ന്' എന്നത് ദൈവത്തിന്റെ നിത്യതയെ സൂചിപ്പിക്കുന്നു. അവിടത്തേക്ക് ഇന്നുമാത്രമേയുള്ളൂ, ഇന്നലെയും നാളെയുമില്ല. അപ്രകാരം നോക്കുമ്പോൾ ദൈവം സൃഷ്ടിയെക്കുറിച്ചു ചിന്തിക്കുന്നതും രക്ഷ നടത്തുന്നതും മനുഷ്യനെ തന്റെ മഹത്ത്വത്തിന്റെ വിശ്രമത്തിലേക്കു സ്വീകരിക്കുന്നതുമെല്ലാം ദൈവത്തിന്റെ അവസ്ഥയിൽ 'ഇന്ന്' തന്നെയാണ്. മനുഷ്യരുടെ ദൃഷ്ടിയിൽ ഇതെല്ലാം കാലത്തിന്റെ വിവിധ ഘട്ടങ്ങളിൽ സംഭവിക്കുന്നു: കാരണം, മനുഷ്യൻ നിത്യനല്ല, അവന് ഇന്നലെയും ഇന്നും നാളെയുമുണ്ട്, സമയപരിമിതിയുണ്ട്, ജനനമുണ്ട്, മരണവും! എന്നാൽ, മനുഷ്യനും നിത്യനാകാൻ കഴിയും, അതിനവൻ ദൈവത്തിന്റെ സ്വരം ശ്രവിച്ച് അവിടുത്തെ നിത്യതയിലേക്കു പ്രവേശിക്കണം.

മരിച്ചവരുടെ അവസ്ഥയെക്കുറിച്ചു നാം പൊതുവെ പറയാറുള്ളത് അവർ 'നിത്യവിശ്രമം കൊള്ളുന്നു' എന്നാണ്. സൃഷ്ടികർമത്തിനുശേഷം ഏഴാം ദിവസം ദൈവം വിശ്രമിച്ചെന്ന വിശ്വാസം നിത്യവിശ്രമത്തിനു മാതൃകയാണ്. സൃഷ്ടിക്കുശേഷമുള്ള ദൈവത്തിന്റെ അവസ്ഥ ദൈവികമായ നിത്യവിശ്രമത്തിന്റേതാണ്. അവിടുത്തെ സ്വരം ശ്രവിച്ച്, ഹൃദയം കഠിനമാക്കാതെ, മാനസാന്തരപ്പെട്ട് ദൈവത്തിന്റെ വിശ്രമത്തിലേക്കു പ്രവേശിക്കാൻ വിളിക്കപ്പെട്ടവരാണ് നാമോരോരുത്തരും. അങ്ങനെ 'ഇന്നും' 'നിത്യവിശ്രമവുമൊക്കെ' ദൈവത്തോടൊത്തുള്ള നമ്മുടെ ജീവിതത്തിന്റെ, ദൈവമഹത്ത്വത്തിലുള്ള ജീവിതത്തിന്റെ, യഥാർഥ സൂചകങ്ങളായും മാറും. അതിലേക്കാണ് നാം വിളിക്കപ്പെട്ടിരിക്കുന്നതും ഈശോമിശിഹാ ഈ ഭൂമിയിലേക്കു വന്നതും. ■




## അതിരുകൾ താണ്ടി അകലങ്ങളിൽ

(യാത്രാവിവരണം)

ഗ്രന്ഥകർത്താ : ജെയിംസ് സെബാസ്റ്റ്യൻ പുൽപ്പേൽ
പ്രസാധനം : എസ്.എം. ബുക്സ് & പബ്ലിക്കേഷൻസ്, ചേർപ്പുങ്കൽ
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : ₹ 295



സഞ്ചാരവിശേഷങ്ങൾ നമുക്കു പുതിയൊരു ലോകം തുറന്നു കാണിക്കുന്ന അനുഭവമാണ് നൽകുക. വിഷയവുമായുള്ള എഴുത്തുകാരന്റെ ഉൾച്ചേരൽ, ആ ഉൾച്ചേരൽ പങ്കുവയ്ക്കാനുള്ള എഴുത്തുകാരന്റെ താത്പര്യം, അതു സാധ്യമാകുന്ന ഭാഷയുടെ തെളിമ ഇവയെല്ലാംകൂടി ഒത്തുചേരുന്ന ആത്മാർഥമായ ശ്രമം ഈ ഗ്രന്ഥത്തിൽ നാം കണ്ടുമുട്ടുന്നു.

## സൗഖ്യത്തിന്റെ തൂവൽസ്പർശം

ഗ്രന്ഥകർത്രി : സി. മേരി ജയിൻ എസ്.ഡി.
പ്രസാധനം : ഐറിൻ ബുക്സ്
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : ₹ 160



നിഷേധാത്മകവികാരങ്ങളാൽ അടിച്ചമർത്തപ്പെട്ടു കഴിയുന്നവരാണ് ഏറിയ പങ്കും മനുഷ്യരെന്ന് ഡോ. കാൾ യുങ് കണ്ടെത്തിയിട്ടുണ്ട്. ഇവർ ചൂണ്ടിക്കാണിക്കുന്ന സത്യമനുസരിച്ച് സൗഖ്യത്തിനു വിഘാതമായി നില്ക്കുന്നവയെ സത്യസന്ധമായി തിരിച്ചറിഞ്ഞു നീക്കിക്കളയാൻ രോഗികളെ എങ്ങനെ സഹായിക്കാമെന്ന് ഈ പുസ്തകം തെളിയിക്കുന്നു.

## കളിമലയാളം

ഗ്രന്ഥകർത്താ: ഷാജി മാലിപ്പാറ
പ്രസാധനം : എസ്.എം. ബുക്സ് & പബ്ലിക്കേഷൻസ്, ചേർപ്പുങ്കൽ
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : ₹ 50




മലയാളം രസിച്ചുപഠിക്കാൻ സഹായകമായ അമ്പതു കളികളുടെ ഒരു ചെപ്പാണ് 'കളിമലയാളം.' അക്ഷരങ്ങളും ചിഹ്നങ്ങളും ഉപയോഗിച്ച് പദങ്ങളുണ്ടാക്കുന്നത് മലയാളഭാഷയിലെ എഴുത്തുവഴിയിൽ ഉത്സാഹം പകരുന്ന പ്രവൃത്തിയാണ്. അത് ഇതിൽ തെളിച്ചുകാട്ടുന്നു.

# അഴകിന്റെ കിരീടം ചൂടി കോട്ടയംകാരി ലിസ്



സാഗര എസ്.

“ജീവിതത്തിൽ നേരിട്ടറിഞ്ഞതും വായിച്ചറിഞ്ഞുമായ കാര്യങ്ങളിൽ നിന്നാണ് സൗന്ദര്യപ്പട്ടത്തിലേക്കുള്ള യാത്ര നടത്തിയത്. ചിലപ്പോഴൊക്കെ മിസ് കേരളപ്പട്ടം കിട്ടിയാലോയെന്ന് ആഗ്രഹിച്ചിട്ടുണ്ട്. അതിനായി സൗന്ദര്യമത്സരവിജയികളുടെ നടത്തം, രീതികൾ ഇവയൊക്കെ നോക്കി പഠിച്ചിട്ടുണ്ട്” – 2022 ലെ മിസ് കേരളയായി തിരഞ്ഞെടുക്കപ്പെട്ട കോട്ടയം കൈപ്പുഴ സ്വദേശി ലിസ് ജെയ്മോൻ ജേക്കബിന്റെ വാക്കുകളാണിത്.

ആത്മവിശ്വാസത്തിന്റെയും അർപ്പണമനോഭാവത്തിന്റെയും നിരന്തരമായ പരിശ്രമത്തിന്റെയും ഫലമാണ് ഓരോ വിജയവുമെന്ന് ഓർമിപ്പിക്കുന്ന വാക്കുകൾ.

കോട്ടയം ബി.സി.എം. കോളജിൽ ബി.എ. ഇംഗ്ലീഷ് പഠിക്കുമ്പോൾ സ്റ്റൈൽ ഐക്കോൺ മത്സരത്തിൽ ഒന്നാമതായത് തന്റെ ആത്മവിശ്വാസം വർധിപ്പിച്ചു എന്ന് ലിസ് പറയുന്നു. ഡിഗ്രി പൂർത്തിയാക്കിയശേഷം കൊച്ചി മക്ഫീ കമ്പനിയിൽ സോഫ്റ്റ്‌വേർ അസോസിയേറ്റായി ജോലി ചെയ്യുമ്പോഴും ക്രിയാത്മകമായ സൗന്ദര്യറാണി പട്ടം ലിസ്സിന്റെ മനസ്സിൽ ഉണ്ടായിരുന്നു.





മർച്ചന്റ് നേവിയിൽനിന്ന് വിരമിച്ചശേഷം മുഴുവൻ സമയം പ്ലാന്ററായ അച്ഛൻ ജയ്മോൻ, അമ്മ സിമി എന്നിവരുടെ അകമഴിഞ്ഞ പിന്തുണയും സഹകരണവും വിജയത്തിലേക്കുള്ള യാത്ര എളുപ്പമാക്കിയെന്ന് ലിസ് പങ്കുവച്ചു.

കാര്യക്ഷമമായ രക്ഷാകർത്തൃബന്ധത്തിലൂടെ എന്താണ് ഉദ്ദേശിക്കുന്നതെന്ന നിർണായക ചോദ്യത്തെ മികച്ച രീതിയിൽ കൈകാര്യം ചെയ്യുവാൻ ലിസിനായി. നാലു വയസ്സുള്ള ഇരട്ടസഹോദരങ്ങളുള്ള ലിസിന്റെ പക്വതിയുള്ള മറുപടി വേദിയെ ആവേശഭരിതമാക്കി. “ഞാനടക്കം അഞ്ചു മക്കളാണ് വീട്ടിൽ. ഞാൻ 12–ാം ക്ലാസിൽ പഠിക്കുമ്പോഴാണ് ഇളയ ഇരട്ടക്കുട്ടികൾ യോഹാനും യാരയും ഉണ്ടാകുന്നത്. അവർക്കിപ്പോൾ നാലു വയസ്സ്. അവർക്ക് ഞാൻ ചേച്ചിയെക്കാൾ അമ്മയെപ്പോലെയാണ്. എന്തിനും നിഴലായി ഞാൻ കൂടെയുണ്ട്.”

ഈ മറുപടിക്കു ശേഷമുള്ള ഹൃദയവികാരങ്ങൾ പങ്കുവെച്ചത് ഇങ്ങനെയാണ്.

“അപ്പോൾ മനസ്സിൽ ഐശ്വര്യ റായിയാണു നിറഞ്ഞത്. ഒരിക്കൽ ഐശ്വര്യയോട് എപ്പോഴും മാതാപിതാക്കൾ കൂടെയുള്ളത് ബാധ്യതയാകില്ലേ എന്ന് വിദേശമാധ്യമ പ്രതിനിധിയുടെ ചോദ്യത്തിന്, “എനിക്കത് തരുന്ന ധൈര്യം വലുതാണ്. അവരെ കാണാൻ മുൻകൂട്ടി അനുവാദം വേണ്ടായെന്നത് അനുഗ്രഹം” എന്ന് ഐശ്വര്യ പറഞ്ഞ മറുപടിപോലൊന്ന് പറയാൻ കഴിഞ്ഞുവെന്ന സന്തോഷം തോന്നി.”

ഫാഷൻഗ്ലാമർ ആരാധകർ ഉറ്റുനോക്കുന്ന മിസ് കേരള വേദിയിൽ 23 സുന്ദരിമാരെ പിന്തള്ളിയാണ് ലിസ് അഴകിന്റെ കിരീടം ചൂടിയത്. ബുദ്ധിയും സൗന്ദര്യവും മികവിന്റെ അളവുകോലായി മാറിയ വേദിയിൽ കണ്ടത് ഇഞ്ചോടിഞ്ചു പോരാട്ടമാണ്. റാംപ് വോക്കിൽ മിന്നിത്തിളങ്ങിയും ചോദ്യങ്ങൾക്ക് ഔചിത്യത്തോടെ മറുപടി നൽകിയും ലിസ് വിജയത്തിലേക്കു നടന്നടുക്കുകയായിരുന്നു. സ്വയം പരിചയപ്പെടുത്തൽ റൗണ്ട് മുതൽ ലിസ് മത്സരത്തിൽ മുന്നിട്ടുനിന്നു. വിജയം അപ്രതീക്ഷിതമായിരുന്നുവെന്നും അനുഗ്രഹത്തിന്റെ നിമിഷമായിരുന്നു അതെന്നും ലിസ് പ്രതികരിച്ചു. ഇംപ്രസാരിയോ സംഘടിപ്പിച്ച മത്സരത്തിന് സിനിമാതാരം സിജോയ് വർഗീസ്, സംവിധായകൻ ജിബു ജേക്കബ് തുടങ്ങിയവരാണ് വിധി നിർണയിച്ചത്.

ഫഹദ് ഫാസിലിനെ ആരാധിക്കുന്ന ലിസിന് സിനിമയിലേക്ക് കടക്കാൻ താത്പര്യമുണ്ട്. സൗന്ദര്യമത്സരങ്ങൾ പണക്കാർക്കു മാത്രമുള്ള വേദിയല്ലെന്നും സാധാരണക്കാർക്കും പങ്കെടുക്കാമെന്നും ലിസ് പറഞ്ഞു. മത്സരവേദിയിലെത്താൻ കഠിനപ്രയത്നവും പരിപൂർണ സമർപ്പണവുമാണ് വേണ്ടതെന്നും ലിസ് കൂട്ടിച്ചേർത്തു. ■

# കേരളത്തെ ഭക്ഷണം കഴിപ്പിച്ചു കൊല്ലുന്നതാര്?

*1–ാംപേജ് തുടർച്ച*

ഒരാൾ മരണപ്പെടുമ്പോൾ മാത്രമാണ് ഏതുവിഷയത്തിലും സർക്കാർ ഉണർന്നു പ്രവർത്തിക്കുക. ഉല്ലാസയാത്രയ്ക്കിടയിൽ ബോട്ടിൽനിന്ന് ഒരാൾ വീണു മരിച്ചാൽ ഉടൻ അന്വേഷണമായി. എല്ലാ ബോട്ടിലും ലൈഫ് ജാക്കറ്റ് ഉണ്ടാവണമെന്ന് ഉത്തരവിടുകയും ചെയ്യും. പിഴക് ബസപകടം നടന്ന ഉടനെ ബസിലുണ്ടായിരുന്ന യാത്രക്കാർക്ക് പെട്ടെന്നു പുറത്തിറങ്ങാൻ കഴിയാതെവന്നപ്പോൾ എല്ലാ ബസുകളുടെയും പിറകിലും വലതുവശത്തും എമർജൻസി ഡോർ നിർബന്ധമാക്കി ഉത്തരവിറക്കി. ഏറ്റവും ഒടുവിൽ വടക്കാഞ്ചേരി ടൂറിസ്റ്റ് ബസ് അപകടത്തെത്തുടർന്ന് ടൂറിസ്റ്റ് ബസുകളുടെ കളർ വെളുത്തതാണെങ്കിൽ അപകടം ഉണ്ടാവില്ലെന്നാണ് കണ്ടെത്തിയിരിക്കുന്നത്. ഏതു മേഖലയിലും ഒരു മരണം ഉണ്ടായിക്കഴിയുമ്പോൾ അതുമായി ബന്ധപ്പെട്ട ചില ഉത്തരവുകൾ ഉണ്ടാകുന്നുണ്ട്. പക്ഷേ, അവ കൃത്യമായി നടപ്പാക്കുന്നില്ലാത്തതാണ് കേരളം നേരിടുന്ന പ്രശ്നം. ഏതു നിയമവും അട്ടിമറിക്കാൻ ബന്ധപ്പെട്ടവർ ഒളിഞ്ഞും തെളിഞ്ഞും ശ്രമിക്കുന്നതിന്റെ ഒരുദാഹരണം കുറിക്കട്ടെ: അന്യസംസ്ഥാനങ്ങളിൽനിന്നു കേരളത്തിലെത്തുന്ന മത്സ്യം മായം കലർന്നതാണെന്ന ആക്ഷേപം വർധിച്ചുവന്നപ്പോൾ പരിശോധനകൾ നടന്നു. സർക്കാർതലത്തിലുള്ള പരിശോധനാഫലം വൈകുന്നത് പലപ്പോഴും കുറ്റവാളികൾ രക്ഷപ്പെടാൻ ഇടയാക്കാറുണ്ട്. 2015–16 കാലഘട്ടത്തിൽ കേരളത്തിലെത്തുന്ന മത്സ്യത്തിൽ വ്യാപകമായി ഫോർമാലിൻ, അമോണിയ തുടങ്ങിയ വിഷരാസപദാർഥങ്ങൾ കണ്ടെത്തിയതായി റിപ്പോർട്ടുകൾ ഉണ്ടായിരുന്നു. മീൻ വാങ്ങാൻ മാർക്കറ്റിലെത്തുന്ന ഏതൊരാൾക്കും വളരെ എളുപ്പത്തിലും ചെലവു കുറഞ്ഞ രീതിയിലും മീനിലെ മായം കണ്ടെത്താനുള്ള സ്ട്രിപ്പ് സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയിലെ ശാസ്ത്രജ്ഞർ 2017 ൽ കണ്ടുപിടിച്ചു. ഒരു തുള്ളി ലായനി സ്ട്രിപ്പിൽ ഒഴിച്ച് മീനിന്റെ പുറത്തുവച്ചാൽ ഉണ്ടാകുന്ന നിറംമാറ്റത്തിലൂടെ മായം കലർന്ന മീനാണോ എന്നു കണ്ടെത്താൻ കഴിയുമെന്നും ഇതിന് അഞ്ചു രൂപയുടെ മാത്രം ചെലവേ ഉണ്ടാകുകയുള്ളൂവെന്നും സർക്കാർ അറിയിച്ചിരുന്നു. ഈ സ്ട്രിപ്പ് ആവശ്യാനുസരണം കേരളത്തിലെ എല്ലാ മത്സ്യ മാർക്കറ്റിലും എത്തിക്കുമെന്നു പറഞ്ഞെങ്കിലും നടപടിയായില്ല.

നിയമനിർമാണം നടത്തിയതുകൊണ്ടുമാത്രം കാര്യമായില്ല. അതു നടപ്പാക്കിയാലേ നിയമത്തിന്റെ ഗുണം ജനങ്ങളിലേക്ക് എത്തുകയുള്ളൂ. ഏതു നിയമവും അട്ടിമറിക്കാൻ ബന്ധപ്പെട്ടവർ ഒളിഞ്ഞും തെളിഞ്ഞും ശ്രമിക്കും. ചെലവു കുറഞ്ഞതും സങ്കീർണതകളില്ലാത്തതുമായ പരിശോധാരീതികൾ കണ്ടുപിടിച്ചതുകൊണ്ടു മാത്രം അതിന്റെ ഗുണം ജനങ്ങൾക്കു കിട്ടില്ല. അതു വേണ്ടവിധത്തിൽ നടപ്പാക്കാനുള്ള ഇച്ഛാശക്തി അധികാരികൾക്കുണ്ടാവണം. ഇങ്ങനെയുള്ള പരിശോധനയുടെ അടിസ്ഥാനത്തിൽ ആരാണു പ്രതികളാകേണ്ടതെന്നാണ് അടുത്ത ചോദ്യം. ഹോട്ടലുടമ പ്രതിയാകുന്നതാണ് സാധാരണ കണ്ടുവരുന്നത്. അവർക്ക് ഇക്കാര്യത്തിലുള്ള ഉത്തരവാദിത്വത്തിൽനിന്ന് ഒഴിഞ്ഞുമാറാൻ കഴിയില്ല. എന്റെ അഭിപ്രായത്തിൽ ഹോട്ടലുടമകളെപ്പോലെതന്നെ ഉത്തരവാദിത്വം ഭക്ഷണം ഉണ്ടാക്കുന്ന പാചകക്കാർക്കുമുണ്ട്. അവർ തങ്ങളുടെ പേരും പ്രശസ്തിയും നിലനിറുത്താനും തങ്ങൾ കാരണമാണ് ഹോട്ടലുകളിൽ കസ്റ്റമേഴ്സ് കൂടുതലുണ്ടാവുന്നതെന്നു സ്ഥാപിക്കാനും കൂടുതൽ രുചിയും മണവും ലഭിക്കുന്നതിനുള്ള കൃത്രിമ ചേരുവകൾ ചേർക്കുന്നത് അപകടകരമായ ഒരു പ്രവണതയാണ്.

ഹോട്ടലുകളിൽ നടത്തുന്ന ഭക്ഷ്യസുരക്ഷാപരിശോധന വെറുമൊരു പ്രഹസനം മാത്രമാണെന്നാണ് ഉപഭോക്താക്കളുടെ അഭിപ്രായം. പരിശോധനയ്ക്കുവരുന്ന ഉദ്യോഗസ്ഥർ യൂണിഫോം ധരിക്കണമെന്നു നിയമമുണ്ട്. ഈ നിയമം പരിശോധനാസമയങ്ങളിൽ പാലിച്ചുകാണാറില്ല. പരിശോധനയുടെ പേരിൽ സ്ഥാപനങ്ങളിൽനിന്ന് ബ്രാൻഡ് കമ്പനികളുടെ സാധനങ്ങൾ മാത്രം ശേഖരിച്ചുകൊണ്ടുപോകുന്നുവെന്നും പരാതികളുണ്ട്.

പാകം ചെയ്ത ഭക്ഷണം പരിശോധിക്കുന്നതോടൊപ്പംതന്നെ ഉണ്ടാക്കാൻ വാങ്ങിവച്ചിരിക്കുന്ന സാധനങ്ങളും നിലവാരമുള്ളതാണോ എന്നു പരിശോധിക്കണം. ഉദാഹരണത്തിന്, പലപ്രാവശ്യം ഉപയോഗിച്ചു മാറ്റിവച്ചിരിക്കുന്ന കറുത്തനിറമുള്ള എണ്ണയാണോ വീണ്ടും വീണ്ടും പാചകത്തിന് ഉപയോഗിക്കുന്നതെന്നു പരിശോധിക്കണം. അങ്ങനെ കാണപ്പെടുന്ന ഹോട്ടലുകൾക്കും ബേക്കറികൾക്കും എതിരെ നടപടികൾ എടുക്കേണ്ടതുമാണ്.

ഉപഭോക്താക്കൾ ശ്രദ്ധിക്കേണ്ട പ്രധാനപ്പെട്ടകാര്യം പരസ്യങ്ങളിൽ ആകൃഷ്ടരായി അവയ്ക്കു പിന്നാലെ പോകരുതെന്നതാണ്. പലവിധ പരസ്യങ്ങളുടെ സ്വാധീനത്തിൽപ്പെട്ടു കബളിപ്പിക്കപ്പെടുന്നവർ അനവധിയാണ്. സുപ്രീംകോടതിയിൽ ഭക്ഷണത്തിന്റെ ഗുണനിലവാരത്തെക്കുറിച്ച് ഒരു കേസ് വന്നപ്പോൾ കേന്ദ്രഗവൺമെന്റിനോട് ഒരു കൗണ്ടർ അഫിഡവിറ്റ് ഫയൽ ചെയ്യാൻ കോടതി ആവശ്യപ്പെട്ടു. ഈ അഫിഡവിറ്റിൽ സർക്കാർ നൽകിയിരിക്കുന്നത്, ഇന്ത്യയിൽ വിതരണം ചെയ്യുന്ന പാലിൽ സിന്തറ്റിക് സാധനങ്ങൾ ചേർക്കുന്നതിനു പുറമേ, സോപ്പുപൊടി, എണ്ണ, കാസ്റ്റിക് സോഡ, വെളുത്ത പെയിന്റ് തുടങ്ങിയ പലതും ചേർക്കുന്നുണ്ടെന്നാണ്. ഇന്ത്യയിൽ വിതരണം ചെയ്യുന്ന പാൽ, ഫുഡ് ആന്റ് സേഫ്റ്റി നിയമപ്രകാരം 68 ശതമാനംപോലും സുരക്ഷിതമല്ലെന്നു തെളിഞ്ഞു.

യാതൊരു തത്ത്വദീക്ഷയുമില്ലാതെ ലാഭത്തിനുവേണ്ടിമാത്രം പ്രവർത്തിക്കുന്ന കച്ചവടക്കാരെ പൊതുസമൂഹത്തിനു മുമ്പിൽ തുറന്നുകാണിക്കേണ്ടതാണ്. ഇത്തരം വാർത്തകൾ വന്നതിന്റെ വെളിച്ചത്തിൽ പല സ്ഥാപനങ്ങളും പേരുമാറ്റി ‘വീട്ടിൽ ഊണ്, ഹോംലി ഫുഡ്’ തുടങ്ങിയ പുതിയപേരുകളിൽ കളം മാറിച്ചവിട്ടുന്നു.

ഹോട്ടലുകൾ കൊലയാളികളായി മാറുന്നുണ്ടോ എന്ന ചിന്ത മലയാളികളിൽ ഉരുത്തിരിഞ്ഞിട്ടുണ്ട്. പല സാഹചര്യങ്ങൾകൊണ്ടും ഹോട്ടൽ ഭക്ഷണത്തെ ആശ്രയിക്കേണ്ടിവരുന്ന ആളുകൾക്കു നല്ല ഭക്ഷണം കൊടുത്താൽ പൊതുജനാരോഗ്യം തകരാറിലാകാതിരിക്കുകയും ഹോട്ടലുകളുമായി ബന്ധപ്പെട്ടു ജീവിക്കുന്നവർക്കു ജീവസന്ധാരണത്തിനാവശ്യമായ വരുമാനം കണ്ടെത്താൻ സാധിക്കുകയും ചെയ്യും. ■

# മരണംവരെ വിശ്വസ്തതയോടെ

*കർദിനാൾ റോബർട്ട് സറാ രചിച്ച 'ആധ്യാത്മികജീവിതത്തിന്റെ മതബോധനം' എന്ന ഗ്രന്ഥത്തെക്കുറിച്ച് ഒരു പഠനം.*

10



ഫാ. കുര്യാക്കോസ് നരിതൂക്കിൽ

**ഈ**ശോയുടെ പരസ്യജീവിതത്തിന്റെ ആരംഭത്തിൽ കാനായിലെ കല്യാണവീട്ടിൽ വെള്ളം വീഞ്ഞാക്കിക്കൊണ്ട് ആദ്യ അടയാളമായ അദ്ഭുതം പ്രവർത്തിച്ചു. വിവാഹത്തിന്റെ വിശുദ്ധീകരണമാണ് അവിടെ സംഭവിച്ചത്.



ഈ വിഷയത്തെക്കുറിച്ച് തുടർന്നു പ്രതിപാദിക്കുന്നതിനു മുമ്പ്, വിവാഹമെന്ന കൂദാശയെക്കുറിച്ചു വിശദീകരണം നല്കുന്നതിനുമുമ്പ്, സ്ത്രീയെപ്പറ്റി നവ്യമായ കാഴ്ചപ്പാട് അവതരിപ്പിക്കട്ടെ എന്നു പറഞ്ഞുകൊണ്ടാണ് കർദിനാൾ സറാ ഈ അധ്യായം തുടങ്ങുന്നത്.

**സ്ത്രീ**

ദൈവം മനുഷ്യനായത് പരിശുദ്ധകന്യകയിൽനിന്നാകയാൽ ദൈവമാതാവ് എന്നു വിളിക്കപ്പെടാൻ അവൾ യോഗ്യയായി. അമ്മയ്ക്ക് ഈശോ നല്കിയ സ്നേഹാദരവുകൾ എല്ലാ സ്ത്രീകൾക്കും നല്കപ്പെടേണ്ട ആദരവിന്റെയും സ്നേഹത്തിന്റെയും പ്രതിരൂപമാണ്.

മാതാവിലൂടെ സ്ത്രീത്വം മഹത്ത്വവത്കരിക്കപ്പെട്ടു. പുരുഷന്റെ പങ്കാളി എന്ന നിലയിൽ അവളിൽ പ്രശോഭിക്കേണ്ട ഗുണങ്ങൾ ഏവയെന്ന് ഗ്രന്ഥകാരൻ പറഞ്ഞുവയ്ക്കുന്നുണ്ട്. അവ ആർദ്രത, ശാലീനത, ശാന്തത, ശ്രവണസന്നദ്ധത, അംഗീകരിക്കാനുള്ള സന്മനസ്സ്, അർപ്പണബോധം, പരിത്യാഗം എന്നിവയും മനുഷ്യരാശിക്ക് ഏറ്റവും ആവശ്യമായ ഔദാര്യവും മഹാമനസ്കതയുമാണ് (പേജ് 186).

അശ്ലീലചിത്രങ്ങളും വേശ്യാവൃത്തിയും പരസ്യബോർഡുകളിലെ സ്ത്രീനഗ്നതാപ്രദർശനവും സ്ത്രീയെ ലൈംഗികവസ്തുവായി കാണുകയും ഉപയോഗത്തിനുശേഷം ഉപേക്ഷിക്കുകയും ചെയ്യുന്ന പ്രവണതയുമെല്ലാം സ്ത്രീയുടെ അന്തസ്സിനെതിരേയുള്ള എത്ര വലിയ അപരാധവും അവഹേളനവുമാണെന്ന് കർദിനാൾ ചോദിക്കുന്നു. "പരിശുദ്ധമറിയത്തെ നമ്മുടെ അമ്മയായി ഈശോ നല്കിയതുമുതൽ ഓരോ സ്ത്രീയെയും അമ്മയായോ പെങ്ങളായോ വേണം കാണാൻ. സ്ത്രീയുടെമേൽ പതിക്കുന്ന നമ്മുടെ നോട്ടം ആഴമായ ബഹുമാനത്തിന്റെയും ശുദ്ധതയുടെയും നന്ദിയുടെയും മതിപ്പിന്റെയും കണ്ണുകൾകൊണ്ടുള്ളതായിരിക്കണം." കർദിനാൾ സറായുടെ സുവിശേഷാധിഷ്ഠിതമായ ഈ വാക്കുകൾ ഏകദേശം പദാനുപദം ഞാനിവിടെ മൊഴിമാറ്റം ചെയ്തിരിക്കുകയാണ്. അദ്ദേഹം തുടരുന്നു: സ്ത്രീയോടുള്ള നമ്മുടെ സ്നേഹം പാവനവും പരിശുദ്ധവുമായിരിക്കണം. ഈ സ്നേഹം ജഡികാഗ്രഹത്തിന്റെ ബന്ധനത്തിൽനിന്ന് ഉദ്ഭവിക്കുന്നതായിരിക്കരുത്; മറിച്ച്, വിശുദ്ധ ബർണാർദ് പറയുന്നതുപോലെ മനസ്സിനെ സ്വതന്ത്രമാക്കുന്ന പരിശുദ്ധിയിൽനിന്നായിരിക്കണം. ദൈവത്തിന്റെ ആർദ്രതയുടെ സജീവ സാന്നിധ്യം എന്ന നിലയിൽ സ്ത്രീയെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യാൻ നമുക്കു കടമയുണ്ട്. മോചനപത്രം നല്കി ഉപേക്ഷിക്കപ്പെടേണ്ടവളല്ല ഭാര്യയെന്ന കർത്താവിന്റെ വാക്കുകൾ ഇവിടെ പ്രസക്തമാണ്.

**ദൈവസ്ഥാപിതമായ വിവാഹം എന്ന കൂദാശ അപകടത്തിൽ**

വിവാഹമെന്ന കൂദാശയിലൂടെയുള്ള അവിഭാജ്യമായ ഭാര്യാഭർത്തൃബന്ധം എല്ലാവിധ സ്വവർഗബന്ധങ്ങളെയും അംഗീകരിക്കുന്ന ആധുനിക പാശ്ചാത്യസംസ്കാരത്തിൽ ഗുരുതരമായ അപകടത്തിലാണ്.

വിവാഹത്തെപ്പറ്റി പ്രകൃതിയും ദൈവവെളിപാടും സഭയുടെ പ്രബോധനാധികാരവും ഒരുപോലെ പഠിപ്പിക്കുന്ന വസ്തുതകൾ പാശ്ചാത്യയൂറോപ്യൻരാജ്യങ്ങൾ നിഷേധിക്കുന്നു. പാശ്ചാത്യസംസ്കാരത്തിന്റെ ക്രിസ്തീയവേരുകൾ മറക്കുകയും ക്രിസ്തീയതയുടെ എല്ലാ അടയാളങ്ങളും തുടച്ചുനീക്കാനായി ഈ രാജ്യങ്ങൾ നിയമനിർമാണം നടത്തുകയും ചെയ്യുന്നു. കർദിനാൾ സറായുടെ നിരീക്ഷണങ്ങൾ ഇപ്രകാരം തുടരുകയാണ്. ബനഡിക്ട് പതിനാറാമൻ പാപ്പായുടെ വാക്കുകൾ കടമെടുത്തുകൊണ്ട് അദ്ദേഹം പറയുന്നു: "ആപേക്ഷികതയുടെ സ്വേച്ഛാധിപത്യത്തിന്റെ അതിപ്രസരത്തിന്റെ നടുവിലാണ് നമ്മൾ ഇന്നു ജീവിക്കുന്നത്. വസ്തുനിഷ്ഠമായ ധാർമികതത്ത്വങ്ങളുടെ അഭാവമാണ് അവർക്കാവശ്യം. ദൈവം മരിച്ചെന്നു ഘോഷിച്ച നീഷ്ചേയും ലൈംഗികതൃക്ഷ്ണയ്ക്ക് കടിഞ്ഞാണിടരുതെന്നു പ്രഘോഷിച്ച ഫ്രോയിഡും രംഗം കീഴടക്കിയിരിക്കുകയാണ്!

ദൈവം മാത്രമല്ല പിതാവ്, മാതാവ്, ഭാര്യ, ഭർത്താവ് തുടങ്ങി എല്ലാ അധികാരങ്ങളും ഫ്രോയിഡിയൻ കാഴ്ചപ്പാടിൽ വിലക്കുകൾക്കും വികാരങ്ങളുടെ അടിച്ചമർത്തലിനും കാരണങ്ങളായിത്തീരുന്നു. അതുകൊണ്ട്, മനുഷ്യനിലെ മനഃസാക്ഷിപോലും നിഷിദ്ധമായി അവർ കരുതുന്നു.

കുടുംബം എന്ന അതിപുരാതനപ്രസ്ഥാനത്തെ, മിശിഹാ സ്ഥാപിച്ച സഭയിലെ ഈ കൂദാശയെ, ഉന്മൂലനാശത്തിലേക്കു നയിക്കുന്ന ഈ ചിന്താഗതിയെ ധൈര്യമായി തെറ്റുധാരണകൾക്ക് ഇടം നല്കാതെ സുദൃഢവും സുസ്ഥിരവുമായ വാദങ്ങൾ നിരത്തി പ്രതിരോധിക്കാൻ സഭയ്ക്കു കടമയുണ്ട്. തിബോ കൊളെൻ എന്ന ഫ്രഞ്ചുചിന്തകൻ 2018 ൽ എഡിറ്റ് ചെയ്ത "ക്രിസ്തീയവിവാഹത്തിനു ഭാവിയുണ്ടോ?" എന്ന ഗ്രന്ഥം ആരംഭിക്കുന്നത് താഴെപ്പറയുന്ന പ്രസ്താവനയോടെയാണ്: "വിവാഹം പ്രതിസന്ധിയിലാണ്. പ്രകൃത്യാതന്നെ അസ്ഥിരമായ അഭിലാഷങ്ങളുടെ പൂർത്തീകരണം മാത്രമാണ്. ഒരു വ്യക്തിയുടെ ജീവിതലക്ഷ്യം എന്ന ആധുനികനിലപാടാണ് വിവാഹത്തെ ദുർബലപ്പെടുത്തുന്നത്. തദ്ഫലമായി ദാമ്പത്യ ഐക്യത്തിന് ഉലച്ചിൽ തട്ടുകയും ബന്ധങ്ങൾ അസ്ഥിരമാവുകയും ചെയ്യുന്നു."

ഈ ഉദ്ധരണി നല്കിയശേഷം കർദിനാൾ റോബർട്ട് സറാ, സഭ ഇന്നു നേരിടേണ്ട രണ്ടു വെല്ലുവിളികളെക്കുറിച്ചു പ്രതിപാദിക്കുന്നു. ഒന്നാമതായി, ദാമ്പത്യസ്നേഹത്തിന്റെ അടർക്കളത്തിൽ മുറിവേറ്റവർക്ക് അഭയം നല്കി അവരുടെ മുറിവുകൾ വച്ചുകെട്ടി സത്യത്തിന്റെ മാർഗത്തിലൂടെ അവരെ യഥാർഥ ഭിഷഗ്വരനായ ഈശോമിശിഹായുടെ പക്കലേക്ക് ആനയിക്കുക. രണ്ടാമതായി, വിശ്വാസത്തിന്റെയും ധാർമികതയുടെയും കാര്യങ്ങളിൽ സഭയുടെ സനാതനപഠനങ്ങളെ ബലികഴിക്കാതെ കുടുംബപ്രശ്നങ്ങൾ അനുഭവിക്കുന്നവരെ അനുയാത്ര ചെയ്യുക. ഈ രണ്ടു വെല്ലുവിളികളും നേരിടാനാവശ്യമായ ബൗദ്ധികവെളിച്ചം അത്യന്താപേക്ഷിതമാണ്.

**വിവാഹത്തെ സംബന്ധിച്ച ക്രൈസ്തവദർശനം**

രണ്ടാംവത്തിക്കാൻ സൂനഹദോസിന്റെ 'സഭ ആധുനികയുഗത്തിൽ' എന്ന പ്രമാണരേഖയിൽ 48-ാമത്തെ നമ്പറിൽ വിവാഹം എന്തെന്നു സംക്ഷിപ്തമായി രേഖപ്പെടുത്തുന്നുണ്ട്. ആ ഭാഗം ഗ്രന്ഥകാരൻ ഉദ്ധരിക്കുന്നുമുണ്ട്.

സ്ത്രീയുടെയും പുരുഷന്റെയും സ്നേഹത്തിലധിഷ്ഠിതമായ, ജീവിതാന്ത്യംവരെ നിലനില്ക്കുന്ന പരസ്പരസമ്മതത്തിന്റെ ഉടമ്പടിയാണ് വിവാഹം. സന്താനോത്പാദനവും മക്കളുടെ വളർത്തലും വിവാഹത്തിന്റെ അവിഭാജ്യഘടകമാണെന്നും 'ദൈവം യോജിപ്പിച്ചത് മനുഷ്യൻ വേർപെടുത്തരുതെന്നും' പ്രസ്തുത ഖണ്ഡികയിൽ സൂനഹദോസ് പഠിപ്പിക്കുന്നു. ഈ കൂദാശ സ്നേഹവും വിശ്വസ്തതയും ആവശ്യപ്പെടുന്നുവെന്നും മിശിഹായുടെ നിരന്തരസാന്നിദ്ധ്യത്താൽ അനുഗൃഹീതമാണെന്നും ഓർമിപ്പിക്കുന്നു.

കർദിനാൾ സറാ തുടർന്നുപറയുന്നു: സഭയല്ല വിവാഹം ആരംഭിച്ചത്. അന്നു നിലവിലിരുന്ന ഒരു സമ്പ്രദായം അവരും തുടർന്നു. പുതിയ അർഥതലങ്ങൾ നല്കുകയും കാനൻ നിയമത്തിൽ നിർവചിക്കപ്പെടുകയും ചെയ്തിരിക്കുന്നു. വിവാഹജീവിതം സ്നേഹത്തിലുള്ള കൂട്ടായ്മയാണന്നും വിവാഹ ഉടമ്പടിയിൽ നല്കപ്പെടുന്ന സമ്മതം കാലാകാലത്തോളമാണെന്നും ദമ്പതികളുടെ സ്നേഹത്തിന്റെ ഫലമായ കുഞ്ഞുങ്ങൾക്കു ജന്മം നല്കാനും അവരെ വളർത്താനുമുള്ളതാണന്നുമുള്ള കാര്യങ്ങൾ നിർവചനത്തിൽ ഉൾച്ചേർത്തിട്ടുണ്ട് (CCEO No. 776).

**വിവാഹത്തിന്റെ അഭേദ്യത**

പഴയനിയമത്തിൽ ദൈവത്തിനു തന്റെ ജനത്തോടുള്ള സ്നേഹത്തെ ദാമ്പത്യസ്നേഹത്തോടാണ് ഉപമിച്ചിരുന്നത്. (ഹോസിയ 2, 16–18) പുതിയനിയമകാലത്തും രണ്ടു ക്രൈസ്തവർ തമ്മിലുള്ള വിവാഹബന്ധത്തെ മിശിഹായും സഭയും തമ്മിലുള്ള ബന്ധത്തോടാണു തുലനം ചെയ്തിരുന്നത് (എഫേ. 5, 29–22).

കർത്താവിന്റെ ദിവ്യരഹസ്യങ്ങളിൽ അടിയുറച്ചുനിന്ന്, സ്വയംദാനം ചെയ്തു ക്രൈസ്തവദമ്പതികൾ ജീവിക്കാനാണ് പൗലോസ് ശ്ലീഹാ ആഹ്വാനം ചെയ്യുന്നത്. അങ്ങനെ വിവാഹം നൈയാമിക ഉടമ്പടി മാത്രമല്ലെന്നു ദമ്പതികൾ തിരിച്ചറിയുന്നു.

ദൈവം വിശ്വസ്തനാണ്. മിശിഹാ തന്റെ മണവാട്ടിയായ സഭയോടു വിശ്വസ്തയായിരിക്കുന്നതുപോലെ ഭാര്യാഭർത്താക്കന്മാർ വിശ്വസ്തരായിരിക്കണം.

വിശുദ്ധ ജോൺ ക്രിസോസ്തോം, ഭർത്താവ് ഭാര്യയോടു പറയുന്നതായി ഒരു പ്രസംഗത്തിൽ പ്രസ്താവിക്കുന്നു: "മറ്റെല്ലാറ്റിനെയുംകാൾ ഞാൻ നിന്നെ വിലമതിക്കുന്നു... മറ്റെല്ലാറ്റിനും ഉപരിയായി നിന്റെ സ്നേഹം ഞാൻ വിലമതിക്കുന്നു. നിന്നിൽനിന്ന് അകന്നിരിക്കുന്നതിനെക്കാൾ എന്നിൽ അസ്വസ്ഥത ഉളവാക്കുന്ന മറ്റൊന്നുമില്ല. (വി. ജോൺ ക്രിസോസ്തോം, കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം നമ്പർ 2365 കാണുക.)

**വിശ്വസ്തത**

ദമ്പതികളുടെ സ്ഥിരവും ഉറപ്പുള്ളതുമായ പരസ്പരസ്നേഹമാണ് വിശ്വസ്തത. എന്തെങ്കിലും അഭിപ്രായഭിന്നതയോ വഴക്കോ ഉണ്ടാകുമ്പോൾ വേർപിരിയാനുള്ളതല്ല വിവാഹം. എന്നാൽ, ദാമ്പത്യ അവിശ്വസ്തതയും വിവാഹമോചനവും വർദ്ധിച്ചുവരുന്നു. സിവിൽവിവാഹമോ മതപരമായ വിവാഹമോ കൂടാതെ കൂടിത്താമസിക്കുന്ന യുവാക്കളുടെ എണ്ണം വർദ്ധിക്കുന്നു. എന്നാലും ഈശോ ഫരിസേയരോടെന്നപോലെ സഭ വിശ്വസ്തതയും അവിഭാജ്യതയും വിവാഹത്തിന്റെ സത്തയുടെ ഭാഗമാണെന്നും വിവാഹമോചനം മക്കളെ എത്രമാത്രം ദോഷകരമായി ബാധിക്കുന്നുവെന്നും പഠിപ്പിക്കുന്നു.

സ്ത്രാസ്ബുർഗ് അതിരൂപതയുടെ മെത്രാപ്പോലീത്താ ആയിരുന്ന ലെയോൺ അർത്യൂർ എൽഷൻഴേയെ ഉദ്ധരിച്ചുകൊണ്ടാണ് കർദിനാൾ സറാ ഈ പരിചിന്തനങ്ങൾ ഉപസംഹരിക്കുന്നത്.

"വിശ്വസ്തതയോടെ ജീവിതകാലം മുഴുവൻ ജീവിച്ചുകൊള്ളാമെന്നു പ്രതിജ്ഞയെടുക്കുന്നത് 'ഭ്രാന്താ'ണെന്നു ചിന്തിക്കുന്നവർ കാണും. എന്നാൽ, ഒരു വിശ്വാസി തന്റെ തീരുമാനത്തിന് ദൈവസഹായം യാചിക്കുന്നു. ദൈവത്തിന് നമ്മുടെ വിശ്വസ്തതയിലുള്ള പ്രത്യാശയാണ് ദമ്പതികൾക്കു ധൈര്യം പകരുന്നത്. വിശ്വാസി എന്ന പേരിന് അർഹമായവിധം പ്രഹസനം കൂടാതെ സത്യസന്ധതയോടെ വ്യാപരിക്കാൻ ക്രിസ്ത്യാനിക്കു കഴിയണം." 'ഫിദേലിസ്' എന്നാണ് ലത്തീനിൽ ക്രൈസ്തവനെ വിളിക്കുന്നത്. ആ വാക്കിന് വിശ്വാസി എന്നും വിശ്വസ്തൻ എന്നും അർഥമുണ്ട്.

■

# ദൈവത്തിന്റെ വിനീതദാസൻ

■ വിക്ടർ വിപിൻ വില്യംസ്

**പാ**വങ്ങളുടെ ദൈവം എന്നും ജീവിക്കുന്ന സുവിശേഷം എന്നും വിളിക്കപ്പെട്ടിരുന്ന ഇറ്റലിക്കാരനായിരുന്ന ഒരു ഈശോസഭാവൈദികൻ മലബാറിലുണ്ടായിരുന്നു. ലീനസ് മരിയ സുക്കോൾ എന്നായിരുന്നു അദ്ദേഹത്തിന്റെ പേര്. പക്ഷേ, ആ പേരുകേട്ടാൽ ചിലപ്പോൾ അറിഞ്ഞെന്നു വരില്ല. എന്നാൽ, സുക്കോളച്ചൻ എന്ന് ഒറ്റവാക്കിൽ പറഞ്ഞുനോക്കൂ; പ്രത്യേകിച്ച് മലബാറുകാരോട്. അവരുടെ മുഖത്ത് സ്നേഹവും ആദരവും ഒരുപോലെ നിറയുന്നതുകാണാം. അവരെ സംബന്ധിച്ച് സുക്കോളച്ചൻ എന്ന പേരിനു കാരുണ്യമെന്നും സ്നേഹമെന്നും അർഥമുണ്ട്. സുക്കോളച്ചൻ കേരളക്കരയ്ക്കു പ്രിയപ്പെട്ടതായതിന്റെ കഥ ഇപ്രകാരമാണ്:

ജപ്പാനിലോ ആഫ്രിക്കയിലോ പോയി മിഷനറി പ്രവർത്തനം നടത്താൻ ആഗ്രഹിച്ച ഒരാൾ ഇറ്റലിയിൽ ഉണ്ടായിരുന്നു. പക്ഷേ, ദൈവം അദ്ദേഹത്തെ കൊണ്ടുവന്നെത്തിച്ചത് കേരളത്തിലെ കണ്ണൂരിലാണ്. ഈശോസഭക്കാരനായിരുന്നു അദ്ദേഹം. ഇറ്റലിയിൽ 1916 ൽ ജനിച്ച ലീനസ് മരിയ സുക്കോൾ എന്ന സുക്കോളച്ചൻ മലബാറിലെ പാവങ്ങളുടെയും അശരണരുടെയും ആലംബമായി മാറിയത് പിന്നീടുള്ള ചരിത്രം.

**ദൈവത്തെ അറിഞ്ഞ ജീവിതം**

സുക്കോളച്ചനെ കാണാനെത്തുന്നവരെ സ്വാഗതം ചെയ്തിരുന്നത്, 'അച്ചനെ കാണുന്നതിനു മുമ്പ് ദൈവാലയത്തിൽ പ്രാർഥിക്കുക' എന്ന ലിഖിതമായിരുന്നു. നിങ്ങളുടെ ആവശ്യങ്ങൾക്കു മറുപടി നൽകുന്നവൻ അവിടെയാണെന്നു ജനങ്ങളെ ഓർമപ്പെടുത്തിയിരുന്നു ആ വാചകം. ദൈവാലയത്തിൽ എത്തുന്നവർ ദൈവത്തെ കാണുന്നു, തനിക്കരികിൽ എത്തുന്ന അശരണരിൽ താൻ ദൈവത്തെ കാണുന്നുമെന്ന തന്റെ ജീവിതംകൊണ്ട് അച്ചൻ പഠിപ്പിച്ചു. "നിങ്ങൾ എന്റെ ഈ സഹോദരരിലൊരുവനോടു ചെയ്തപ്പോഴെല്ലാം എനിക്കുതന്നെയാണു ചെയ്തത്' എന്ന ബൈബിൾ വചനത്തെ ഏറെ ഇഷ്ടപ്പെട്ട സുക്കോളച്ചൻ, കഷ്ടപ്പെടുന്ന അപരനിൽ ദൈവത്തെ കണ്ടു. അതുകൊണ്ടുതന്നെയാവാം തന്റെ മുറിയിലേക്കുള്ള വാതിലിനോടു ചേർന്ന ഭിത്തിയിൽ തന്റെ പേരെഴുതിയ ഫലകത്തിനു തൊട്ടുമുകളിലായി ഈ വാക്കുകൾ രേഖപ്പെടുത്തിവച്ചത്.

**ജീവിതം മാതൃകയാക്കിയ വ്യക്തി**

ആലംബഹീനർക്കുവേണ്ടി ലക്ഷങ്ങൾ ചെലവഴിക്കുമ്പോഴും ചോർന്നൊലിക്കാതിരിക്കാൻ പ്ലാസ്റ്റിക് വിരിച്ച ഓടുമേഞ്ഞ കെട്ടിടത്തിൽ രണ്ടു ബഞ്ചുകൾ ചേർത്തുവച്ച് അതിനു മുകളിൽ ഒരു പായ വിരിച്ചാണ് സുക്കോളച്ചൻ കിടന്നുറങ്ങിയിരുന്നത്. രണ്ടു പ്രാവശ്യം തുന്നിക്കൂട്ടിയ ചെരിപ്പു പൊട്ടിയപ്പോൾ മൂന്നാമതും തുന്നുന്നതിനായി അച്ചൻ കൈക്കാരനെ ഏല്പിച്ചു. ഈ ചെരുപ്പ് ഇനിയും തുന്നാൻ ചെന്നാൽ ചെരുപ്പുകുത്തി എന്നെ കളിയാക്കും, അതുകൊണ്ട് അച്ചനു ഞാൻ പുതിയതൊന്നു വാങ്ങിത്തരാം എന്നു പറഞ്ഞപ്പോൾ, 'എനിക്കു ദാരിദ്ര്യവ്രതമാണെന്നു നിനക്കറിയില്ലേ നീ വാങ്ങിത്തന്നാലും ഞാനത് ഉപയോഗിക്കില്ല.' എന്ന് അച്ചൻ കർശനമായി പറഞ്ഞു. മറ്റുള്ളവർക്കു ഫാനും മറ്റു സൗകര്യങ്ങളും ലഭ്യമാക്കിയ അച്ചൻ ഒരിക്കലും ഫാനിന്റെ കുളിർക്കാറ്റ് അറിഞ്ഞിട്ടില്ല. അച്ചനുവേണ്ടി പാകം ചെയ്യുന്ന ഭക്ഷണം പ്രത്യേക പാത്രങ്ങളിലാക്കി മേശപ്പുറത്തു വയ്ക്കുമായിരുന്നു. ഊണുമേശയിൽ പാത്രങ്ങൾ നിറഞ്ഞപ്പോൾ അച്ചൻ അതു വിലക്കി. 'മറ്റുള്ളവരോടൊപ്പം മതി എനിക്കും; പുറമേനിന്ന് ആരെങ്കിലും വന്നുകണ്ടാൽ ഇവിടെ വിഭവസമൃദ്ധമായ സദ്യയാണെന്നു കരുതും' എന്നു പറയുമായിരുന്നു. സുക്കോളച്ചൻ ഉപയോഗിച്ചിരുന്ന കുടയുടെ കാൽ, പട്ടി കടിച്ചുമുറിച്ചിട്ടും കുടയൊന്നു മാറിവാങ്ങാൻ അച്ചൻ തയ്യാറായില്ല. പുതിയൊരു കുട കൈക്കാരൻ വാങ്ങിനൽകിയെങ്കിലും അദ്ദേഹം അത് തിരസ്കരിച്ചു. ഒടുവിൽ, കടുത്ത നിർബന്ധത്തിനു വഴങ്ങി ആ കുടയുടെ കാൽ മാറ്റാൻ അദ്ദേഹം തയ്യാറായി. അത്രത്തോളം നിലപാടുകളിൽ കാർക്കശ്യവും ബന്ധങ്ങളിൽ ഊഷ്മളതയും പുലർത്തിയ വ്യക്തിയായിരുന്നു സുക്കോളച്ചൻ.

**അനാഥരുടെ ആലംബം**

ഒരിക്കൽ സുക്കോളച്ചനെക്കണ്ടു സഹായം അഭ്യർഥിക്കുന്നതിനായി ഡയാലിസിസ് ചെയ്തുകൊണ്ടിരിക്കുന്ന ഒരു രോഗി എത്തി. അയാൾ തന്റെ കഷ്ടതകൾ വിവരിച്ചു. അച്ചൻ അയാൾക്ക് ഒരു ചെക്കു നൽകി. പക്ഷേ, ചെക്കിലെ തുക കുറഞ്ഞുപോയി എന്നുകണ്ട അയാൾ അത് അച്ചന്റെ മുഖത്തെറിഞ്ഞു ക്ഷുഭിതനായി മടങ്ങി. ഇനി അയാൾക്ക് പണമോ സഹായമോ നൽകേണ്ടതില്ലെന്ന് അച്ചനോട് എല്ലാവരും പറഞ്ഞു. എന്നാൽ, തുക കൂട്ടിയെഴുതിയ മറ്റൊരു ചെക്ക്, അച്ചനെ പതിവായി സന്ദർശിച്ചിരുന്ന ഒരാൾവശം ആരുമറിയാതെ അച്ചൻ കൊടുത്തയച്ചു.

**മലബാറിന്റെ മഹാമിഷനറി സുക്കോളച്ചൻ ദൈവദാസ പദവിയിൽ. സുക്കോളച്ചൻ അന്ത്യവിശ്രമം കൊള്ളുന്ന കണ്ണൂർ മരിയാപുരം തീർഥാടനദൈവാലയത്തിൽ, അദ്ദേഹത്തിന്റെ ഒമ്പതാം ചരമവാർഷികദിനത്തിലായിരുന്നു (ജനുവരി 6) ദൈവദാസപ്രഖ്യാപനം.**

എഴുപതിനായിരത്തിലധികം വീടുകൾ അച്ചൻ നിർമിച്ചു നൽകി. കിണറുകൾ, തൊഴിലവസരങ്ങൾ അങ്ങനെ ഒരു വ്യക്തിയുടെ ജീവിതത്തെ കരുപ്പിടിപ്പിക്കാൻ വേണ്ടതെല്ലാം അച്ചൻ നൽകി. അച്ചൻ പണിതു നൽകിയ വീടുകളെല്ലാം ഒരേ രീതിയിൽ, ഒരേ സൗകര്യങ്ങൾ ഉള്ളവയായിരുന്നു. വീടിനാവശ്യമായ മര ഉരുപ്പടികൾ തന്റെ പണിശാലയിൽനിന്ന് അച്ചൻ പണിതുനൽകി. ആ ചുവരുകൾക്കുള്ളിൽനിന്നു തൊഴിൽ പഠിച്ച് ജീവിതമാർഗം കണ്ടെത്തിയവർ അനേകരാണ്. ഒന്നിനും അച്ചൻ കണക്കുകൾ സൂക്ഷിച്ചിരുന്നില്ല. തന്റെ സഹായം പറ്റുന്നവർ അർഹരോ അനർഹരോ എന്ന് അദ്ദേഹം ചൂഴ്ന്നുനോക്കിയില്ല. കണക്കുകൾ നോക്കുന്ന സർവശക്തനിൽ എല്ലാം സമർപ്പിച്ചു.

**സുക്കോളച്ചൻ എന്ന അദ്ഭുതം**

സുക്കോളച്ചൻ പട്ടുവം പള്ളിവികാരിയായിരിക്കുന്ന സമയം. വൈകുന്നേരമായാൽ അവിടെ തവളകളുടെ നിർത്താതെയുള്ള കരച്ചിൽ കേൾക്കാം. പ്രാർഥനയ്ക്കുപോലും അലോസരം സൃഷ്ടിക്കുന്ന തവളകളുടെ കരച്ചിൽ അച്ചന് അസഹനീയമായി. ഒടുവിൽ, 'നാളെമുതൽ കരയേണ്ടാട്ടോ' എന്ന് അച്ചൻ തവളകളോടു പറഞ്ഞു. പിന്നീട് അവിടെ തവളകൾ കരഞ്ഞിട്ടില്ല.



**അവസാനനാളുകൾ**

എപ്പോഴും ചിരിക്കുന്ന മുഖത്തോടെ പ്രത്യക്ഷപ്പെട്ടിരുന്ന സുക്കോളച്ചൻ ഒരുതരത്തിലും മറ്റുള്ളവർക്കു സങ്കടം ഉണ്ടാക്കരുതെന്ന് ആഗ്രഹിച്ചു. ശ്വാസകോശത്തിൽ കാൻസർ അതിന്റെ സംഹാരതാണ്ഡവമാടിയപ്പോഴും വേദനയുടെ ഒരു ചെറുകണികപോലും അച്ചൻ പുറത്തുകാണിച്ചില്ല. ഒടുവിൽ ആസന്നമായ മരണത്തിന് ഡോക്ടർ കുറിച്ച സമയത്തിനുമുമ്പേ അദ്ദേഹം യാത്രയായി. 2014 ജനുവരി 6 നായിരുന്നു മരണം. സുക്കോളച്ചൻ പണികഴിപ്പിച്ച മരിയാപുരം നിത്യസഹായമാതാ ദൈവാലയത്തിനുള്ളിൽ അദ്ദേഹത്തിന്റെ ഭൗതികശരീരം അടക്കംചെയ്തു. ആ കല്ലറയ്ക്കു മുകളിൽ അന്വർഥമായ ഈ വാചകങ്ങൾ നമുക്കു കാണാം: "ദൈവത്തിൽനിന്ന് ദൈവത്തോടൊപ്പം ദൈവത്തിങ്കലേക്ക്." സുക്കോളച്ചനെക്കുറിച്ചുള്ള അനുഭവങ്ങൾ അവസാനിക്കുന്നില്ല. അത് നാഴികമണിയുടെ ചലനംപോലെ അനുസ്യൂതം തുടരുകയാണ്. സുക്കോളച്ചൻ എന്ന മനുഷ്യസ്നേഹിയോടുള്ള ജനങ്ങളുടെ സ്നേഹമാണ് ആ ഘടികാരത്തിന്റെ ഊർജം; അത് നിലയ്ക്കുന്നില്ല. ഇത്തരം ജീവിതങ്ങളായിരിക്കണം നമ്മൾ മാതൃകയാക്കേണ്ടത്. ■




മാത്യൂസ് ആർപ്പൂക്കര




കടലിനെ പൂർണമായോ ഭാഗികമായോ ആശ്രയിച്ചു ജീവിക്കുന്ന പക്ഷികളെയാണ് കടൽപ്പക്ഷികൾ എന്നു പറയുക. കരയിലെ പക്ഷികളെക്കാൾ കൂടുതൽ കാലം കടൽപ്പക്ഷികൾക്ക് ആയുസുണ്ട്. കടൽപ്പക്ഷികളിൽ പ്രധാന ഇനമാണ് കടൽക്കാക്കകൾ. ലാറസ് കാനസ് എന്നാണ് കടൽക്കാക്കകളുടെ ശാസ്ത്രനാമം. ഏഷ്യ, യൂറോപ്പ്, ആഫ്രിക്ക, വടക്കേ അമേരിക്ക തുടങ്ങിയ സ്ഥലങ്ങളിൽ കടൽക്കാക്കളെ ധാരാളമായി കാണുന്നു. കടൽക്കാക്കയുടെ സാധാരണ നിറം ചാരമോ, വെളുപ്പോ ആകും. ഇത്തരം നിറങ്ങൾ ഇടകലർന്നും കാണാം. ചർമത്തിൽ ആവരണം ചെയ്യപ്പെട്ട പാദങ്ങളാണുള്ളത്. പാദങ്ങൾക്ക് മഞ്ഞ, പച്ചകലർന്ന നിറമാവും. ചുണ്ടുകൾക്കും ഏതാണ്ട് ഇതേ നിറം.

കടൽക്കാക്കകളിലെ ചിലയിനങ്ങൾ കൃഷിയിടങ്ങളിലേക്കു വന്ന് ആ സാഹചര്യങ്ങളോട് പൊരുത്തപ്പെട്ടു ജീവിച്ചു കാണുന്നുണ്ട്. തടിച്ചുകൊഴുത്ത ശരീരപ്രകൃതമാണ് കടൽക്കാക്കയുടേത്. നീണ്ട വീതിയുള്ള ചിറകുകളുടെ അറ്റം കറുപ്പായിരിക്കും. ചിറകു വിടർത്തിപ്പിടിച്ച് അനായാസേന ഒഴുകിപ്പറക്കും. ഇടയ്ക്കിടെ വെള്ളത്തിൽ നിൽക്കുന്ന മരക്കുറ്റികളാണ് ഇഷ്ടപ്പെട്ട ഇരിപ്പിടങ്ങൾ. മീൻപിടുത്തക്കാരുടെ തോണികളെ അനുഗമിക്കുക ഇവയുടെ പതിവാണ്. ചത്തതും ചീഞ്ഞതും തിന്നു കടലോരം ശുചിയാക്കുന്ന പക്ഷികളാണിവ. ഏറ്റവും വലിയ കടൽക്കാക്കയ്ക്കു ചിറകറ്റംമുതൽ ചിറകറ്റം വരെ 1.6 മീറ്റർ നീളവും ചെറുതിനു 60 സെ. മീറ്റർ നീളവുമാണുള്ളത്. തറയിലുണ്ടാക്കുന്ന കൂടുകളിൽ പെൺകടൽക്കാക്ക രണ്ടോ മൂന്നോ മുട്ടയിടുന്നു. മൂന്നോ നാലോ ആഴ്ച ആണും പെണ്ണും മാറി മാറി അടയിരിക്കും. പ്രജനനക്കാലമായാൽ ഇണയെ കണ്ടെത്താൻ മുൻകൈയെടുക്കുക പെൺകടൽക്കാക്കൾതന്നെ. ആകർഷകമായി നൃത്തമിട്ടും ആഹാരസാധനങ്ങൾ പങ്കിട്ടും ഇണകൾ മനസികമായി അടുക്കും. പിന്നീടാണ് രണ്ടുപേരും ചേർന്ന് കൂടൊരുക്കുക. ആൺകടൽക്കാക്കകൾ കൂടു കെട്ടാനുള്ള സാമഗ്രികൾ കൊണ്ടുവരികയും അതുപയോഗപ്പെടുത്തി പെൺകടൽക്കാക്കൾ സമർഥമായി കൂടൊരുക്കുകയും ചെയ്യുന്നു. കുഞ്ഞുങ്ങളെ പരിപാലിക്കൽ രണ്ടുപേരും ചേർന്നാണ്. രണ്ടുമാസക്കാലത്തോളം കുഞ്ഞുങ്ങൾ മാതാപിതാക്കളുടെ സംരക്ഷണയിലാണ്.

കടൽക്കാക്കകൾ നാല്പതോളം ഇനങ്ങളുണ്ട്. ലോകത്ത് ഒട്ടുമിക്ക സമുദ്രമേഖലകളിലും ഇവയെ കണ്ടുവരുന്നു. മുൾവാലൻ, സൂചിച്ചുണ്ടൻ, മീൻകോരി, വലിയ കടൽക്കാക്ക, ചെറിയ കടൽക്കാക്ക എന്നിങ്ങനെ പല ഇനങ്ങൾ കേരളത്തിന്റെ തീരങ്ങളിൽ കാണാം. തവിട്ടും കറുപ്പും പുള്ളികളുള്ള വെളുത്ത പക്ഷികളാണ് ഒട്ടു മിക്ക കടൽക്കാക്കളും. പരുന്തിന്റേതുപോലുള്ള വീതിയേറിയ ചിറകുകളും താറാവിന്റേതുപോലെ ചർമാവൃതമായ പാദവും കടൽക്കാക്കയ്ക്കുണ്ട്. കൊക്ക് കൂർത്ത് അല്പം വളഞ്ഞതാണ്. ചിലയിനങ്ങളാകട്ടെ, പുഴകളിലെയും കായലുകളിലെയും താമസക്കാരാണ്. ■



നോവൽ 13 ഇഗ്നേഷ്യസ് കലയന്താനി

# മഴനിലാവ്

*കഥാസാരം: ഒരു നിർധന നമ്പൂതിരിക്കുടുംബത്തിലെ അഞ്ചു പെൺമക്കളിൽ മൂത്തവളാണ് ഇന്ദുലേഖ. അവൾക്കു ദൂരെ സ്കൂളിൽ റ്റീച്ചറായി ജോലികിട്ടി. ട്രെയിനിൽ ജോയിൻ ചെയ്യാൻ പോകവേ, സ്കൂൾ മാനേജർ ആനന്ദന്റെ മകനെ പരിചയപ്പെട്ടു. പിന്നീടവർ നല്ല സുഹൃത്തുക്കളായി. അവർ തമ്മിൽ പ്രണയമാണെന്ന് സഹപ്രവർത്തകയായ സ്നേഹലത മാനേജരെ തെറ്റിദ്ധരിപ്പിച്ചു. കോപാകുലനായ മാനേജർ അവളെ പിരിച്ചുവിട്ടു. അത് വീട്ടിലറിയിക്കാതെ ഇന്ദു വൃദ്ധദമ്പതികൾ മാത്രം താമസിക്കുന്ന ഒരു ക്രൈസ്തവവീട്ടിൽ നുണപറഞ്ഞ് വീട്ടുജോലിക്കു നിന്നു. സ്കൂളിലെ ജോലി തിരികെക്കിട്ടുമെന്ന പ്രതീക്ഷ അസ്തമിച്ചപ്പോൾ ജോലി കിട്ടാൻവേണ്ടി കൊടുത്ത അഞ്ചുലക്ഷം രൂപ തിരികെവാങ്ങാൻ ഇന്ദു ഒരു ദിവസം മാനേജരുടെ വീട്ടിലെത്തി. (തുടർന്നു വായിക്കുക)*

**ആ**നന്ദൻ വല്ലാത്തൊരു ഭാവത്തോടെ ഇന്ദുവിനെ നോക്കി. ആ കണ്ണുകളിൽ ഒരു സർപ്പം പത്തിവിരിച്ചാടുന്നതുപോലെ ഇന്ദുവിനു തോന്നി.

ഒരു വെടലച്ചിരിയോടെ ആനന്ദൻ അവളെ സമീപിച്ചു.

"ഇയാളെ പിരിച്ചുവിട്ടതിൽ എനിക്കതിയായ ദുഃഖമുണ്ട്. പിന്നീട് ആലോചിച്ചപ്പോൾ ചെയ്തതു തെറ്റായിപ്പോയീന്നു തോന്നി. സാരമില്ല. തെറ്റുതിരുത്താൻ ഞാൻ തയ്യാറാ. ഇയാൾക്ക് എന്റെ തുണിക്കടയിൽ മുപ്പതിനായിരം രൂപ ശമ്പളത്തിൽ അക്കൗണ്ടന്റായി തത്കാലം ഒരു ജോലി തരാം. അടുത്ത വർഷം സ്കൂളിൽ വേക്കൻസിയുണ്ടാവുമ്പം അങ്ങോട്ടു നിയമിക്കുകയും ചെയ്യാം."

"നന്ദി സാർ." ഇന്ദു കൈകൂപ്പി.

"പറയുന്നതനുസരിച്ച് മര്യാദയ്ക്ക് നിന്നോളാന്നു വാക്കുതരണം.'

"നിൽക്കാം സാർ. ഞാനിനി ഒരിക്കലും അഭിഷേകിനോടു മിണ്ടുകപോലും ചെയ്യില്ല."

"അതുമാത്രം പോരല്ലോ." ആനന്ദൻ വലതുകൈ ഉയർത്തി അവളുടെ തോളിൽ വച്ചു. പൊള്ളലേറ്റപോലെ ഇന്ദു ഒന്നു നിന്നു. അയാളുടെ വായിൽനിന്ന് മദ്യത്തിന്റെ ഗന്ധം പുറത്തേക്കു വന്നു. ഇന്ദുവിന്റെ കരം പിടിച്ചുയർത്തി കൈവെള്ളയിൽ തലോടിക്കൊണ്ട് ആനന്ദൻ തുടർന്നു:

"ഒരു മുതലാളി തൊഴിലാളി ബന്ധം നമ്മൾ തമ്മിൽ വേണ്ട. നല്ല ഫ്രണ്ട്സായി കഴിയാം. ഇന്ദുവിന് കാശിന് എപ്പ ആവശ്യം വന്നാലും എന്നോടു ചോദിച്ചാൽ മതി. അച്ഛനെ നമുക്ക് നല്ല ആശുപത്രീൽകൊണ്ടേ ചികിത്സിക്കാന്നേ."

പൊടുന്നനെ ഇന്ദു കൈവലിച്ചിട്ട് ആനന്ദിനെ നോക്കി കൈകൂപ്പി യാചിച്ചു:

"പ്ലീസ്... ഒരു മകളായി എന്നെ കണ്ട് എന്നോടു ദയ കാണിക്കണം. മനസ്സും ശരീരവും കളങ്കപ്പെടുത്തിയിട്ട് ഒരു ജീവിതം ഞാൻ മുമ്പോട്ടു കൊണ്ടുപോകില്ല സാർ."

"ചത്തു കഴിഞ്ഞാൽ ചീഞ്ഞുപോണ ദേഹമല്ലേ ഇത്. ജീവിക്കുന്ന കാലത്ത് പത്തുകാശ് ഇതുകൊണ്ട് ഒണ്ടാക്കാൻ നോക്ക്. ഇപ്പഴത്തെക്കാലത്ത് ഇതു വല്ലതും വല്യ കാര്യാണോ?"

ആനന്ദൻ അവളെ ഇടതുകൈ ചുറ്റി തന്നിലേക്കു ചേർത്തപ്പോൾ ഇന്ദു കുതറിമാറി.

"തൊട്ടുപോകരുത്." അവളുടെ കണ്ണുകളിൽ തീ ജ്വലിച്ചു.

"എനിക്കിയാളുടെ സഹതാപോം വേണ്ട ജോലീം വേണ്ട. തന്ന അഞ്ചുലക്ഷം തിരിച്ചുതന്നേക്കൂ. ഞാൻ പൊയ്ക്കോളാം."

"ഏത് അഞ്ചുലക്ഷം? ഞാൻ തന്നോട് കാശു വാങ്ങിച്ചോ? വാങ്ങിച്ചെങ്കിൽ തെളിവു കാണിക്ക്."

"എന്താ സാർ ഈ പറയുന്നത്?" ഇന്ദു അങ്കലാപ്പോടെ നോക്കി.

"നീ വലിയ ശീലാവതിയല്ലേ? ഞാൻ കാശുവാങ്ങീന്ന് നീ പോയി കേസുകൊടുക്ക്."

ആനന്ദൻ വെല്ലുവിളിച്ചു.

ഇന്ദു കൈകൂപ്പി യാചിച്ചു.

"കാശു കിട്ടിയില്ലെങ്കിൽ ഞാൻ ആത്മഹത്യ ചെയ്യേണ്ടിവരും സാർ. പലേടത്തുനിന്നും കടം വാങ്ങിയ കാശാണ്. തിരിച്ചു കൊടുക്കണം."

"പോയി ആത്മഹത്യ ചെയ്യെടീ. നീയൊക്കെ ജീവിച്ചിരുന്നിട്ട് ആർക്ക് എന്തു പ്രയോജനം?"



ആനന്ദൻ പല്ലുഞെരിച്ചുകൊണ്ടു തുടർന്നു: "സ്നേഹിച്ചാൽ ഞാൻ ഹൃദയം പറിച്ചുതരും. വെറുത്താൽ മുച്ചൂടും തീർക്കും. മനസ്സിലായോ?"

"സാർ ഞാനൊരു..."

"നീ കൂടുതലൊന്നും പറയണ്ട. ചെന്ന് നിന്റെ അച്ഛനെ കൂട്ടിക്കൊണ്ടുവാ. എനിക്കയാളോട് രണ്ടു വർത്തമാനം പറയണം."

ഇന്ദു എത്ര യാചിച്ചിട്ടും പണം കൊടുക്കാൻ തയ്യാറായില്ല ആനന്ദൻ. ദേഷ്യവും സങ്കടവും നിറഞ്ഞ മനസ്സോടെയാണവൾ പടിയിറങ്ങിയത്.

മടക്കയാത്രയിൽ ബസിലിരിക്കുമ്പോൾ ആലോചിച്ചു. ഇനി ജീവിച്ചിരുന്നിട്ട് എന്തു കാര്യം? ജോലിയുമില്ല പണവുമില്ല എന്ന സ്ഥിതിവന്നാൽ...? അച്ഛനോട് എന്തു പറയും? പണം കൊടുത്തതിനു രേഖയോ തെളിവോ ഇല്ല. സാക്ഷികളുമില്ല. കോടതിയിൽ പോയാലും പ്രയോജനമുണ്ടാവില്ല. ഇന്ദു കർച്ചീഫുകൊണ്ട് മിഴികൾ തുടച്ചു. അച്ഛന്റെ കാര്യം ഓർക്കുമ്പോഴാണ് ചങ്കു പൊട്ടിപ്പോകുന്നത്. അച്ഛനിതൊന്നും താങ്ങാനുള്ള കരുത്തുണ്ടാവില്ല.

തിരുവല്ലയിൽ ചാണ്ടിക്കുഞ്ഞിന്റെ വീട്ടിലേക്കായിരുന്നു ഇന്ദുവിന്റെ മടക്കയാത്ര. വീട്ടിലെത്തിയപ്പോൾ മണി ആറ്.

"അച്ഛനോട് കാര്യങ്ങളെല്ലാം പറഞ്ഞോ?" ചെന്നു കയറിയതേ ത്രേസ്യാ ചോദിച്ചു.

"അച്ഛന്റെ സ്ഥിതിയോർത്തപ്പം ഒന്നും പറയാൻ തോന്നിയില്ലയമ്മേ. ഒരുപാട് കണക്കുകൂട്ടലുകൾ നടത്തിക്കൊണ്ടിരിക്കാ പാവം. അനിയത്തിയോടു കാര്യങ്ങളെല്ലാം പറഞ്ഞു."

"നീ പറയുന്നതൊക്കെ സത്യമാണോന്ന് ആർക്കറിയാം. ഒരു കാര്യം ചെയ്യ്. അനിയത്തിയുടെ നമ്പരിങ്ങു താ. ഞാനൊന്നു വിളിച്ചു ചോദിക്കട്ടെ."

ഇന്ദു സീതാലക്ഷ്മിയുടെ ഫോൺ നമ്പർ കൊടുത്തു. ത്രേസ്യാ ആ നമ്പരിൽ വിളിച്ച് അന്വേഷിച്ചു. ഇന്ദു പറഞ്ഞതൊക്കെ ശരിയാണെന്ന് അറിഞ്ഞപ്പോൾ തെല്ല് ആശ്വാസമായി.

"വിളിച്ചത് നിന്റെ അനിയത്തിയെത്തന്നെയാണോന്ന് ആർക്കറിയാം. പഠിച്ച കള്ളിയാ നീ. എന്നെ പറ്റിക്കാൻ പലതും ചെയ്യും. എന്തായാലും തുണി മാറിയിട്ട് വേഗം അടുക്കളേലേക്കു ചെല്ല്.'

ഇന്ദു റൂമിൽ പോയി വേഷം മാറിയിട്ട് അടുക്കളയിലേക്കു പോയി.

വൈകുന്നേരം ഇന്ദു കുളിക്കാനായി പുറത്തെ ബാത്റൂമിൽ കയറിയപ്പോൾ ത്രേസ്യാ അവളുടെ കിടപ്പുമുറിയിൽ പ്രവേശിച്ചു. മുറിയുടെ ഒരു കോണിൽ വച്ചിരുന്ന അവളുടെ ബാഗിൽ ത്രേസ്യായുടെ കണ്ണുകൾ ഉടക്കി. ബാഗിന്റെ സിബ് തുറന്നു നോക്കിയപ്പോൾ ആദ്യം കണ്ടത് ഇന്ദുവിന്റെ മൊബൈൽ ഫോണാണ്. അതെടുത്ത് തിടുക്കത്തിൽ അവർ ചാണ്ടിക്കുഞ്ഞിന്റെ അടുക്കൽ വന്നു.

"ഇതൊന്നു നോക്കിക്കേ. ആരെയൊക്കെയാ അവളു വിളിച്ചിരിക്കുന്നേന്ന് അറിയാല്ലോ." ഫോൺ ചാണ്ടിക്കുഞ്ഞിനു നീട്ടി.

ചാണ്ടിക്കുഞ്ഞ് നോക്കിയിട്ടു പറഞ്ഞു:

"ഒരു സുജാത, ഹെഡ്മിസ്ട്രസ്. പിന്നെ ഒരു അശ്വതി, ഒരു സീതാലക്ഷ്മി.'

"ഈ സുജാത ഇവളു പഠിപ്പിച്ച സ്കൂളിലെ ഹെഡ്മിസ്ട്രസായിരിക്കും അല്ലേ?"

"ആയിരിക്കുമല്ലോ."

"നമുക്കാ നമ്പരിലേക്കൊന്നു വിളിച്ചുനോക്കിയാലോ? ഇവളു പറഞ്ഞതൊക്കെ നേരാണോന്നറിയാലോ."

"ഉം."

ചാണ്ടിക്കുഞ്ഞ് സുജാതയുടെയും ആനന്ദന്റെയും നമ്പർ ഒരു കടലാസിൽ കുറിച്ചെടുത്തിട്ട് ഫോൺ ത്രേസ്യായ്ക്കു കൈമാറി. ത്രേസ്യാ വേഗം അതുകൊണ്ടുപോയി ഇന്ദുവിന്റെ ബാഗിൽ ഭദ്രമായി വച്ചു. തിരിച്ചുവന്നിട്ട് അവർ ഭർത്താവിനോടു പറഞ്ഞു: "ഇപ്പത്തന്നെ വിളിക്ക്."

ചാണ്ടിക്കുഞ്ഞ് സുജാതയുടെ നമ്പർ ഡയൽ ചെയ്തു. സുജാതയെ ലൈനിൽ കിട്ടി. ഇന്ദുവിനെപ്പറ്റി ചോദിച്ചപ്പോൾ ആരാണ് വിളിക്കുന്നതെന്നായി ചോദ്യം. ചാണ്ടിക്കുഞ്ഞ് വിശദമായി കാര്യങ്ങൾ പറഞ്ഞു.

"ആ പെണ്ണിനെ ഇവിടെ ജോലീന്നു പിരിച്ചുവിട്ടതാ." സുജാത പറഞ്ഞു.

"എന്താ കാരണം?"

"സ്വഭാവദൂഷ്യം. അല്ലാതെന്താ. പിരിച്ചുവിട്ട കാരണമൊന്നും പറഞ്ഞില്ലേ അവളു നിങ്ങളോട്?"

"മാനേജരുടെ ഇഷ്ടത്തിനു വഴങ്ങാത്തതുകൊണ്ട് പിരിച്ചുവിട്ടെന്നാ പറഞ്ഞത്."

"അതു വിശ്വസിച്ചോ നിങ്ങള്? അവളിവിടെ വന്ന അന്നുതന്ന മാനേജരുടെ മകനെ വളയ്ക്കാൻ നോക്കി. പല തവണ മുന്നറിയിപ്പു കൊടുത്തിട്ടും നേരെയാകാത്തതുകൊണ്ടാ പിരിച്ചുവിട്ടത്. നിങ്ങളു വിചാരിക്കുന്നപോലെ അത്ര പാവമൊന്നുമല്ല അവള്. സകല തരികിടയും ഉണ്ട്. വിഷം തന്നു കൊന്നിട്ട് ഒള്ളത് അടിച്ചോണ്ടു പോകാതിരിക്കാൻ സൂക്ഷിച്ചോ. കൂടുതലൊന്നും എനിക്കു പറയാനില്ല." സുജാത ഫോൺ കട്ട് ചെയ്തു.

ചാണ്ടിക്കുഞ്ഞ് വിഷണ്ണഭാവത്തിൽ ഭാര്യയെ നോക്കി.

"ഇപ്പം എങ്ങനെയിരിക്കുന്നു? നിങ്ങൾക്ക് അവളോടു വലിയ സഹതാപമായിരുന്നല്ലോ."

ത്രേസ്യാ ഭർത്താവിന്റെ നേരേ ചീറി. ചാണ്ടിക്കുഞ്ഞ് മുഖം കുമ്പിട്ട് ഇരിക്കയായിരുന്നു.

"ഇനി ഒന്നും നോക്കണ്ട. പോലീസിനെ വിളിച്ചുവരുത്തി കയ്യോടെ ഏല്പിക്കുക. അവരവളെ കൊണ്ടുപോയി പീഡിപ്പിക്കുകയോ വീട്ടിലാക്കുകയോ എന്താന്നുവച്ചാൽ ചെയ്യട്ടെ."

"അവളു വല്ല കടുംകൈയും ചെയ്താൽ?"

"ദേ പിന്നേം തുടങ്ങി നിങ്ങൾക്കു സഹതാപം. നിങ്ങൾക്കു വയ്യെങ്കിൽ ഞാൻ സാറായോടു പറയാം. അവളു വിളിച്ചോളും പോലീസിനെ."

ത്രേസ്യാ മൊബൈൽ എടുത്ത് സാറായെ വിളിച്ചു കാര്യങ്ങൾ പറഞ്ഞു.

കുളികഴിഞ്ഞു വന്ന്, ഇന്ദു ഒന്നും അറിയാതെ വീട്ടുജോലിയിൽ മുഴുകി. ത്രേസ്യായും ചാണ്ടിക്കുഞ്ഞും ഒന്നും പറഞ്ഞതുമില്ല.

പിറ്റേന്ന് ഉച്ചകഴിഞ്ഞപ്പോൾ ഗേറ്റിനരികിൽ ഒരു പോലീസ് ജീപ്പ് വന്നുനിന്നു. സബ് ഇൻസ്പെക്ടർ ഗോപിനാഥ് ഗേറ്റു തുറന്ന് വേഗം വീട്ടിലേക്കു കയറി. ചാണ്ടിക്കുഞ്ഞും ത്രേസ്യായും അദ്ദേഹത്തെ സ്വീകരിച്ച് അകത്തു കയറ്റി ഇരുത്തി കാര്യങ്ങൾ വിശദീകരിച്ചു. ഇന്ദു പിന്നാമ്പുറത്ത് വസ്ത്രങ്ങൾ വിരിച്ചിടുകയായിരുന്നു.

"വിളിക്കവളെ." സബ് ഇൻസ്പെക്ടറുടെ നിർദേശം കിട്ടിയതും ത്രേസ്യാ ചെന്ന് ഇന്ദുവിനെ വിളിച്ചു. കൈകഴുകി തുടച്ചിട്ട് ഇന്ദു ത്രേസ്യായുടെ പിന്നാലെ സ്വീകരണമുറിയിലേക്കു വന്നു.

സെറ്റിയിലിരുന്ന സബ് ഇൻസ്പെക്ടറെ കണ്ടതും അവളൊന്നു നടുങ്ങി. എസ്.ഐ. അവളെ അടിമുടിയൊന്നു നോക്കിയിട്ട് ആജ്ഞാപിച്ചു:

"ഇങ്ങോട്ട് മാറിനില്ലെടീ."

ഇന്ദു ഭയന്ന് അയാൾ ചൂണ്ടിക്കാണിച്ച സ്ഥലത്തേക്കു മാറി നിന്നു. *(തുടരും)*

# സൈക്കോപാത്തിനെ അറിയുമ്പോൾ

■ ഡോ. സി. വെള്ളരിങ്ങാട്ട്

ലളിതമായിപ്പറഞ്ഞാൽ സൈക്കോപാത്ത് മാനസികരോഗിയാണ്. ഇംഗ്ലീഷിൽ സൈക്കോ പാത്തോളജി എന്നൊരു പദമുണ്ട്. ഗ്രീക്കിലെ മൂന്നു പദങ്ങൾ ചേർന്നതാണ് ഈ വാക്ക്. സൈക്കോസ് + പാത്തോസ് + ലോഗോസ്. അവയുടെ അർഥം - 1. സൈക്കോസ് = സൈക്കി, anima (*latin*) ആത്മാവ്, മനസ്സ്, അരൂപി, ആത്മാവ് = ജീവന്റെ തത്ത്വം the principle of life (ഇതിന്റെ വേർപാട് മരണം) ജീവന്റെ തത്ത്വം ജന്തുക്കൾക്കും വൃക്ഷങ്ങൾക്കുമുണ്ടെന്ന് അരിസ്റ്റോട്ടിൽ.

2. പാത്തോസ് Sufferance = സഹനം (രോഗം സഹനമാണല്ലോ).

3. ലോഗോസ് = ശാസ്ത്രം, പഠനം, വചനം (in Bible), വാക്ക്. സൈക്കോപാത്തോളജി മാനസികരോഗപഠനം (ശാസ്ത്രം) ആണ്.

സാധാരണ മനുഷ്യൻ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നതിൽനിന്നു വ്യത്യസ്തമായി മനോരോഗികൾ ചെയ്യും. അതേസമയം, ചെയ്യുന്നത് നല്ലതും വേണ്ടതുമാണെന്നു സൈക്കോപാത്ത് ചിന്തിക്കും! തന്മൂലം ചെയ്തതിനെപ്പറ്റി അയാൾക്കു പശ്ചാത്താപം ഉണ്ടാകുകയില്ല, മാനസാന്തരത്തിനും ഇടമില്ല.

മാനസികാരോഗ്യം നഷ്ടപ്പെട്ടവർ പലതരക്കാരാണ്. രോഗവും പലവിധമാണല്ലോ. സൈക്കോപാത്തിനെപ്പറ്റി ചിന്തിക്കാം. അടുത്തകാലത്ത് വാർത്തകളിൽ നിറഞ്ഞുനിന്നത് മുഹമ്മദ് ഷാഫി എന്ന സൈക്കോപാത്താണ്. പ്രഥമ ദൃഷ്ട്യാ സൈക്കോപാത്ത് ഒരു നോർമൽ മനുഷ്യനാണ്. സരസമായി സംസാരിക്കും. ആളുകളോടു നന്നായി ഇടപെടും. അങ്ങനെ മനസ്സിൽ കണ്ട ഇരയുമായി അടുപ്പത്തിലാകും. മിക്കവാറും ഇര സ്ത്രീയായിരിക്കും. സാവധാനം സ്ത്രീയെ വശത്താക്കും. അതിനു ഗൂഢലക്ഷ്യങ്ങൾ ഉണ്ടായിരിക്കും. അത് മറ്റുള്ളവരിൽനിന്നു മറച്ചുപിടിക്കും. ഇത്രയുംമാത്രം വച്ചുകൊണ്ട് അയാൾ സൈക്കോപാത്താണെന്ന് ആരും പറയും?



**ആരാണ് മനോരോഗി?**

മനോരോഗികളെപ്പറ്റി സാധാരണക്കാർ വിചാരിക്കുന്നത് അവർക്കു ബുദ്ധിയില്ല, അഥവാ ഉള്ളത് നേരാംവണ്ണം ഉപയോഗിക്കുന്നില്ല എന്നാണ്. അതു മുഴുവൻ ശരിയല്ല. ഫ്രഞ്ച് ദാർശനികൻ, ഷോൺശിത്തോം പറഞ്ഞത് മാനസികരോഗികൾ 'ബുദ്ധി - reason - (intellectual faculty) ഒഴിച്ച് ബാക്കി എല്ലാം നഷ്ടപ്പെട്ടവർ' ആണ് എന്നാണ്. അതു ശരിയാണ് എന്നു കാണിക്കുന്ന ഒരനുഭവം കുറിക്കട്ടെ: വളരെ വർഷങ്ങൾക്കുമുമ്പ് ഞങ്ങൾ രണ്ടുമൂന്നു പേർ, മനോരോഗികളെ ചികിത്സിക്കുന്ന ഒരു സ്ഥാപനത്തിൽ അവരെ കാണാൻ പോയി. അവിടെ ഇരുമ്പുജനലിൽക്കൂടി ഒരാൾ ഇംഗ്ലീഷിൽ എന്തോ ചോദിച്ചു. ഞങ്ങൾ ഇംഗ്ലീഷിൽത്തന്നെ മറുപടി കൊടുത്തു. ഉടനെ അയാൾ പറയുകയാണ്, 'ഞാൻ മലയാളിയാണ്' എന്ന്. കളിയാക്കപ്പെട്ട ഞങ്ങൾ സ്ഥലം വിട്ടു.

**ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടവ**

കുട്ടികൾ ചെറുപ്പമായിരിക്കുമ്പോൾത്തന്നെ രക്ഷാകർത്താക്കൾ അവരെ നിരീക്ഷിക്കണം experiments and observations വഴിയാണ് അറിവു ലഭിക്കുന്നത്. അവരുടെ പെരുമാറ്റം, പ്രതികരണം - സംസാരം മുതലായവ ശ്രദ്ധിക്കണം. മാനസിക വൈകല്യങ്ങൾ ഉണ്ടെങ്കിൽ അവ ചെറിയ തോതിൽ ദൃശ്യമാകും. സൈക്കോപാത്ത് ചായ്വ് ഉള്ളവരിലും അതു കണ്ടുപിടിക്കാം. ഉദാ. കള്ളംപറയുക, ആരും പെട്ടെന്ന് കണ്ടുപിടിക്കാത്തവിധം കള്ളത്തരം കാണിക്കുക, മൃഗങ്ങളെ ഉപദ്രവിക്കുക, അതിൽ രസിക്കുക മുതലായവ.

ചെറുപ്രായത്തിൽ കുട്ടികളിൽ ചില പെരുമാറ്റവൈകല്യങ്ങൾ കണ്ടെന്നിരിക്കും. ഉടനെ അവരെ ശാസിക്കുകയോ ശിക്ഷിക്കുകയോ അല്ല ചെയ്യേണ്ടത്. ശാന്തമായി കുട്ടിയെ ചേർത്തുപിടിച്ചുകൊണ്ടു കാര്യം പറഞ്ഞു മനസ്സിലാക്കുക. ക്ഷമയോടെ കാത്തിരിക്കുക. പെട്ടെന്ന് ആരും പൂർണതയിൽ എത്തുന്നില്ല. ഇന്നത്തെ കുട്ടികൾ, മുൻതലമുറയെക്കാൾ ഉണർവും ബുദ്ധിയും ഉള്ളവരാണ്. അതുകൊണ്ട് നാളത്തെ പൗരന്മാരാകേണ്ട ഇന്നത്തെ കുട്ടികൾ, മയക്കുമരുന്നിന് അടിമകളോ മദ്യപാനാസക്തിയുള്ളവരോ ക്രിമിനൽ സ്വഭാവക്കാരോ സൈക്കോപാത്തുകളോ ആയി വളരാതിരിക്കാൻ മാതാപിതാക്കൾ, അധ്യാപകർ, കുട്ടികളുൾപ്പെട്ട സംഘടനകളിലെ ഉത്തരവാദിത്വപ്പെട്ടവർ മുതലായവർ ശ്രദ്ധിക്കണം. അവർക്കു മാതൃകയാകുകയും വേണം. തെറ്റുചൂണ്ടിക്കാണിച്ചാൽ മാത്രം മതിയാകില്ല. ശരി ഏത്, എന്തുകൊണ്ട് എന്നുകൂടി വിവരിച്ചുകൊടുക്കണം. ■

## ഈശോ

FROM THE BIBLE 37



ഫാ. തോമസ് പാട്ടത്തിൽചിറ CMF

# തുപ്പ്

തിരുമുഖമാകെ തുപ്പൽത്തുള്ളികളാൽ നനഞ്ഞ് അവൻ നിന്നു. മാതാവിന്റെ മുത്തങ്ങളും, വളർത്തച്ഛന്റെ കരലാളനങ്ങളും പതിഞ്ഞ, ജ്ഞാനികൾ കാണാൻ കൊതിച്ച അവന്റെ മൃദുവദനത്തിൽ പരിഹാസത്തിന്റെ പരകോടിയെന്നവണ്ണം കണ്ടവരൊക്കെയും കാർക്കിച്ചു തുപ്പി. കേവലമൊരു തുപ്പലകലത്ത് അവരുടെ രക്ഷ ശിക്ഷയായി മാറി. അവന്റെ നെറ്റിത്തടവും, കൺപോളകളും, കവിളിണകളും ചുണ്ടുകളുമൊക്കെ അവരുടെ കലി കുറുകിയ കഫം കലർന്ന ഈളയാൽ പൊതിയപ്പെട്ടു. തുണ്ടിലും തുമ്പിലും തുപ്പലിലുംവരെ സൗഖ്യം കരുതിവച്ച ആ മനുഷ്യസ്നേഹിയുടെ കോമളാനനം ഒരു കോളാമ്പിക്കു സമമായി. എന്നാൽ, ആ നീചനരന്മാരുടെ ഉമിനീർക്കണങ്ങൾ നമ്മുടെ രക്ഷകൻ തുടച്ചുനീക്കിയില്ല. നിന്ദനങ്ങൾക്കൊന്നിനും അവനെ നിഷ്പ്രഭനോ, നിർജ്ജീവനോ ആക്കാൻ കഴിഞ്ഞില്ല. മണ്ണിൽ കഴിഞ്ഞ നാളുകളിൽ അവൻ ആരുടെയും മുഖത്തു തുപ്പിയില്ല. തുപ്പിയതൊക്കെയും പൂഴിയിലേക്കായിരുന്നു. അത് അന്ധരുടെ അക്ഷികളിൽ അഞ്ജ്ജനമായെഴുതി കാഴ്ചയുടെ തിരി തെളിക്കാനും അതുവഴി അവരുടെ മുഖത്ത് ആനന്ദം നിറയ്ക്കാനുമായിരുന്നു. സൗഖ്യത്തിന്റെ സുഗന്ധമുള്ള തൈലമായിരുന്ന അവന്റെ തുപ്പൽകൊണ്ട് തൃപ്തിപ്പെട്ടവർ പലരുമുണ്ടായിരുന്നു.



മുഖത്തു തുപ്പുന്നത് അവജ്ഞയുടെ ഏറ്റം നീചമായ പ്രകടനമാണ്. അറപ്പുളവാക്കുന്നവയുടെമേലാണ് സാധാരണ നാം കാർക്കിച്ചുതുപ്പുന്നത്. മൃഗങ്ങളുടെ മുഖത്തുപോലും ആരും തുപ്പാറില്ല. അങ്ങനെയെങ്കിൽ, മൃതപ്രായനായ ഒരാളുടെ മുഖത്തു തുപ്പിയത് അയാൾ മൃഗത്തെക്കാൾ വെറുക്കപ്പെട്ടവനായിരുന്നതുകൊണ്ടല്ലേ? നമ്മുടെ രക്ഷാകരചരിത്രത്തിൽ പതിച്ച ആ ഉമിനീർബിന്ദുക്കൾ നമ്മുടെ മുഖത്തു പതിക്കേണ്ടവയായിരുന്നു. നമ്മുടെ ആട്ടും തുപ്പുമേൽക്കുന്ന അനുഭവം ആർക്കും ഉണ്ടാകാതിരിക്കട്ടെ. മറ്റുള്ളവരെ നമ്മേക്കാൾ ശ്രേഷ്ഠരും ബഹുമാന്യരുമായി ഗണിക്കുക. ആരോടെങ്കിലുമുള്ള വിദ്വേഷത്തിന്റെ ആധിക്യം കാട്ടാൻ നമ്മുടെ വായിലെ രണ്ടു തുള്ളി തുപ്പൽ ധാരാളം മതി. വായിലുള്ളിടത്തോളം കാലം ഉമിനീര് നമുക്കു പ്രിയപ്പെട്ടതാണ്. എന്നാൽ, തുപ്പിക്കളയുന്ന നിമിഷംമുതൽ അത് അറപ്പുളവാക്കും. കഠിനഹൃദയർക്കു മാത്രമേ മറ്റുള്ളവരുടെ മുഖത്ത് അത്ര കൃത്യമായി തുപ്പാൻ കഴിയൂ. നമുക്കു മറ്റുള്ളവരോട് ചിലപ്പോൾ വെറുപ്പു തോന്നുകമാനുഷികമാണ്. പക്ഷേ, അത് പ്രകടിപ്പിക്കുന്ന രീതി മൃഗീയമാകരുത്. തല്ലുന്നതിനും തലോടുന്നതിനും, പുകഴ്ത്തുന്നതിനും ഇകഴ്ത്തുന്നതിനും, നമസ്കരിക്കുന്നതിനും, തമസ്കരിക്കുന്നതിനുമൊക്കെ പരിധികളുണ്ടാകണം. അവ ലംഘിക്കുമ്പോൾ നാം നാമല്ലാതായി മാറുകയും നമ്മുടെതന്നെ നാശം കുറിക്കപ്പെടുകയും ചെയ്യും. കഴിവതും ആരെയും വെറുക്കാതിരിക്കാം. മനുഷ്യരെ വെറുത്താൽ ഭൂമിയിൽ മറ്റാരെയാണ് നാം സ്നേഹിക്കുക? മറ്റുള്ളവരുടെയല്ല, നമ്മുടെതന്നെ മ്ലേച്ഛതകളുടെ മുഖത്തു തുപ്പാൻ ധൈര്യപ്പെടാം. നമ്മുടെ ഹൃദയങ്ങളെ കൂടുതൽ മൃദുലവും മാംസളവുമാക്കി മാറ്റാൻ ശ്രമിക്കാം, പ്രാർഥിക്കാം. ■

# നാടുവിടല്ലേ, വരുന്നൂ വിദേശവാഴ്സിറ്റികൾ!



സിൽജി ജെ. ടോം

ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്കു തൊഴിലും മികച്ച ജീവിതവും സ്വപ്നം കണ്ടുള്ള സഞ്ചാരം മലയാളിക്കു പണ്ടേ ശീലമാണ്. എന്നാൽ, ഇപ്പോൾ നമ്മുടെ കുട്ടികൾ കോളജ് പഠനകാലംമുതൽ നാടുവിട്ടു പുറത്തേക്കു പോവുകയാണ്. ഭാവിയെക്കുറിച്ചു നിറമുള്ള സ്വപ്നങ്ങൾ കാണുന്ന ഭൂരിഭാഗം കുട്ടികളും ഉപരിപഠനത്തിനായി നമ്മുടെ നാട്ടിലും രാജ്യത്തും നിൽക്കാൻ താത്പര്യപ്പെടുന്നില്ലെന്നതാണ് നിലവിലെ ട്രെൻഡ്. നാളെയിലേക്കു പ്രതീക്ഷയോടെ കണ്ണുനട്ടിരിക്കുന്ന വിദ്യാർഥികൾക്ക് സാധ്യതകളുടെ വലിയൊരു ലോകംതന്നെ വിദേശയൂണിവേഴ്സിറ്റികൾ ഒരുക്കിവച്ചിട്ടുണ്ട്. അതിലേറെ മികച്ച തൊഴിലവസരങ്ങളും അവർക്കവിടെ ലഭ്യമാണ്. അതുകൊണ്ടാണ് നമ്മുടെ കുട്ടികൾ എത്ര പണം മുടക്കിയും വിദ്യാഭ്യാസത്തിനായി വിദേശങ്ങളിലേക്കു ചേക്കേറുന്നത്.

ലോകറാങ്കിങ്പ്രകാരം ആയിരം സർവകലാശാലകൾ എടുത്താൽ വളരെക്കുറച്ച് ഇന്ത്യൻ സർവകലാശാലകളേ അതിലുണ്ടാവൂ എന്നതും നമ്മുടെ കുട്ടികളെ വിദേശവിദ്യാഭ്യാസത്തിലേക്കു വല്ലാതെ അടുപ്പിക്കുന്നുണ്ട്. യു.കെ., കാനഡ തുടങ്ങിയ വിദേശരാജ്യങ്ങളിൽ റാങ്കിങ്ങിൽ വളരെ മുന്നിൽ നിൽക്കുന്ന സർവകലാശാലകളിൽ പഠിക്കാനാണ് നാടുവിട്ടുപോകുന്ന വിദ്യാർഥികൾക്ക് അവസരം കിട്ടുന്നത്.

ബിരുദം, ബിരുദാനന്തരബിരുദം, പിഎച്ച്.ഡി, പോസ്റ്റ് ഡോക്ടറേറ്റ് റിസർച്ചുകൾ തുടങ്ങിയവയ്ക്കാണ് ഇന്ത്യൻ വിദ്യാർഥികൾ വിദേശപഠനത്തെ കാര്യമായി ആശ്രയിക്കുന്നത്. ഡിപ്ലോമപോലുള്ള കോഴ്സുകൾക്കു ശേഷവും നിരവധി പഠനാവസരങ്ങളും സാധ്യതകളും വിദേശത്തുണ്ട്. വിവിധ വിദേശഭാഷകൾ, അതതു രാജ്യങ്ങളിൽനിന്നുതന്നെ പഠിക്കാനും പരിശീലിക്കാനും അന്താരാഷ്ട്ര അംഗീകാരമുള്ള സർട്ടിഫിക്കറ്റുകൾ നേടാനും സഹായിക്കുന്ന വിദേശകോഴ്സുകളും കുട്ടികളെ ആകർഷിക്കുന്നു.

വിദേശപഠനം ആഗ്രഹിച്ചുള്ള കുട്ടികളുടെ ഒഴുക്ക് മുതലാക്കാൻ ലക്ഷ്യമിട്ട് 'വിദേശപഠന കൺസൾട്ടന്റ്' എന്ന പേരിൽ വളരെയധികം സ്ഥാപനങ്ങൾ ഇന്ന് കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. അവർ വൻതോതിൽ പരസ്യങ്ങൾ നൽകി പത്രമാധ്യമങ്ങളോടു ചേർന്നും അല്ലാതെയും വിദേശപഠനമേളകൾ നടത്തി കുട്ടികളെയും രക്ഷിതാക്കളെയും ആകർഷിക്കുന്നു. കേരളത്തിൽ ഇപ്പോൾ ഇത്തരത്തിൽ മൂവായിരത്തോളം വിദേശവിദ്യാഭ്യാസ കൺസൾട്ടൻസികൾ ഉണ്ടെന്നാണ് റിപ്പോർട്ട്.

വിദേശ സർവകലാശാലകൾ തേടിയുള്ള ഇന്ത്യൻ വിദ്യാർഥികളുടെ ഒഴുക്കിനു തടയിടാൻ ഇന്ത്യയിൽ അവർക്കു കാമ്പസ് തുറക്കാൻ അനുവാദം നല്കണമെന്ന് പ്രമുഖ വിദ്യാഭ്യാസവിദഗ്ദ്ധർ വളരെ മുമ്പുതന്നെ സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നതാണ്. അതിന് അവസരമൊരുക്കാനുള്ള യു.ജി.സിയുടെ നിലവിലെ നീക്കം പൊതുവെ സ്വാഗതം ചെയ്യപ്പെടുന്നുണ്ട്. വിദേശയൂണിവേഴ്സിറ്റികൾക്ക് ഇന്ത്യയിൽ പ്രവർത്തിക്കാൻ അനുമതി നൽകുന്നതിനുള്ള കരടുനയരേഖ യു.ജി.സി. പുറത്തിറക്കിയതോടെ ഈ നീക്കത്തെ അനുകൂലിച്ചും പ്രതികൂലിച്ചും ചർച്ചകളേറെ നടക്കുന്നു. വിദേശത്തു പോകാതെതന്നെ വിദേശയൂണിവേഴ്സിറ്റികളിൽ പഠിക്കാൻ നമ്മുടെ നാട്ടിലെ വിദ്യാർഥികൾക്ക് അവസരം ലഭിക്കുന്നുവെന്നത് ഏറെ സ്വാഗതാർഹമാണ്.

കേരളത്തിൽനിന്ന് വിദേശരാജ്യങ്ങളിൽ പഠിക്കാൻ പോകുന്ന കുട്ടികളുടെ എണ്ണത്തിൽ കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ വലിയ വർധനയാണ് ഉണ്ടായിരിക്കുന്നതെന്നു കണക്കുകൾ വ്യക്തമാക്കുന്നു. മുപ്പതിനായിരത്തിലേറെ വിദ്യാർഥികളാണ് ഓരോ വർഷവും കേരളത്തിൽനിന്നുമാത്രം ചൈന, റഷ്യ, യുക്രെയ്ൻ, യു.കെ, യു.എസ്. തുടങ്ങിയ രാജ്യങ്ങളിൽ പഠനത്തിനായി ചേക്കേറുന്നത്. 2021 ൽ മാത്രം നാലരലക്ഷം വിദ്യാർഥികളാണ് ഇന്ത്യയിൽനിന്ന് വിദേശസർവകലാശാലകളിൽ പഠനം നടത്താൻ പോയതെന്ന് യു.ജി.സി ചെയർമാൻ എം. ജഗദേഷ്കുമാർ ചൂണ്ടിക്കാട്ടുന്നു. 2800–3800 കോടി ഡോളർ ഇതിലൂടെ രാജ്യത്തിനു പുറത്തുപോയി. 2022 ലാകട്ടെ 6.46 ലക്ഷത്തിലേറെ വിദ്യാർഥികളാണ് രാജ്യം വിട്ട് പഠിക്കാൻ പോയത് (ഇത് നവംബർ വരെയുള്ള കണക്കാണ്). കുട്ടികൾ വിദേശത്തേക്കു പഠിക്കാൻ പോകുന്നതുമൂലം വിദേശനാണ്യം വൻതോതിൽ നഷ്ടപ്പെടുന്ന സാഹചര്യമാണുള്ളത്. ഓരോ വർഷവും ശരാശരി മൂവായിരം കോടി ഡോളർ ഇന്ത്യയ്ക്കു നഷ്ടമാകുന്നു എന്നാണു കണക്ക്. വിദ്യാഭ്യാസത്തിന്റെ പേരിൽ ഇന്ത്യയിൽനിന്നു വിദേശത്തേക്കുള്ള പണമൊഴുക്ക് വലിയ ഒരു പരിധിവരെ തടയാൻ യു.ജി.സിയുടെ പുതിയ തീരുമാനം വഴിയൊരുക്കും.




വിദേശസർവകലാശാലകളുടെ കടന്നുവരവ് അധ്യാപകരുടെ ജോലിസാധ്യത ഉയർത്തും. മികച്ചതും പരിഷ്കൃതവും പുതുക്കിക്കൊണ്ടിരിക്കുന്നതുമായ ഒരു വിദ്യാഭ്യാസസംവിധാനത്തിലേക്കു നമ്മുടെ സംവിധാനങ്ങളും മാറ്റപ്പെടും.

ഇതേസമയം, വിദേശസ്ഥാപനങ്ങളുടെ കാമ്പസുകളിൽ നമ്മുടെ എത്ര വിദ്യാർഥികൾക്കു പഠിക്കാനും ഉന്നതനിലവാരമുള്ള വിദ്യ നേടാനും കഴിയുമെന്നതു ചിന്തിക്കേണ്ടതുണ്ട്. ഇവിടെ ആരംഭിക്കുന്ന വിദേശസർവകലാശാലകളിൽ ഇന്ത്യയിൽനിന്ന് എത്രപേരെ പ്രവേശിപ്പിക്കുന്നുവെന്നത് ഏറെ പ്രസക്തമാണ്. ഈ സ്ഥാപനങ്ങളിൽ വിദേശവിദ്യാർഥികളെ പ്രവേശിപ്പിക്കുന്നതിനു വിലക്കില്ല. വിദേശവാഴ്സിറ്റികളുടെ പ്രവേശനനടപടികൾ, ഫീസ്, കോഴ്സ് ഘടന എന്നിവയെല്ലാം പ്രസ്തുതസ്ഥാപനങ്ങൾക്കുതന്നെ തീരുമാനിക്കാമെന്നാണ് കരടുമാർഗരേഖയിൽ പറയുന്നത്. കടുത്ത നിയന്ത്രണങ്ങൾ കൊണ്ടുവന്നാൽ പ്രമുഖ വാഴ്സിറ്റികളൊന്നും ഇങ്ങോട്ടുവരാൻ താത്പര്യപ്പെടില്ല.

വിദേശവാഴ്സിറ്റികൾ വന്നാലും അതു സമ്പന്നർക്കു മാത്രമേ പ്രയോജനപ്പെടൂ എന്ന വാദങ്ങളും കാണാതിരിക്കാനാവില്ല.

മക്കളുടെ നല്ല ഭാവിക്കായി സ്ഥലവും വീടുംപോലും വില്പന നടത്തി വിദേശത്തു പോകുന്ന നിരവധി കുടുംബങ്ങൾ നമ്മുടെ നാട്ടിലുള്ളപ്പോൾ, വിദേശവാഴ്സിറ്റികളുടെ കടന്നുവരവ് ഏറെ സ്വാഗതാർഹമാണെന്നു പറയാം. ഉയർന്ന സാമ്പത്തികശേഷിയുള്ളവർ മാത്രമല്ല, സാധാരണക്കാർപോലും ഏതുവിധേനയും മക്കളെ ഉപരിപഠനത്തിനു വിദേശത്ത് അയയ്ക്കാൻ ശ്രമിക്കുന്ന കാലമാണിത്. അത്തരമൊരു സാഹചര്യത്തിൽ നമ്മുടെ യുവതലമുറയെ ഒരു പരിധിവരെ നാട്ടിൽ പിടിച്ചുനിർത്താൻ വിദേശവാഴ്സിറ്റികളുടെ കടന്നുവരവു സഹായിച്ചേക്കും.

ഉന്നതവിദ്യാഭ്യാസം സംബന്ധിച്ച സുപ്രധാന തീരുമാനമെന്ന നിലയിൽ ചർച്ചകളിലൂടെ സാധാരണക്കാരുടെ ആശങ്കകൾ പരിഗണിച്ച് കുറ്റമറ്റ രീതിയിൽ ഈ തീരുമാനം നടപ്പാക്കാൻ സാധിച്ചാൽ ഭാവിതലമുറയെ സംബന്ധിച്ചിടത്തോളം ഏറെ പ്രയോജനപ്രദമാകും. ■

---

**ശ്രേഷ്ഠമലയാളം**

ഡേവിസ് സേവ്യർ

# ആന്റി (Anti)



മലയാളത്തിലെ ഒരു പ്രമുഖ ദിനപത്രത്തിൽ ഈയടുത്തകാലത്ത് ഇങ്ങനെ അച്ചടിച്ചുകണ്ടു: "ആൻടി റാബീസ് വാക്സിന്റെ ഉപയോഗത്തിൽ 57 ശതമാനം വർദ്ധന" ഇംഗ്ലീഷിന്റെ ഉച്ചാരണത്തിൽ നിലവാരപ്പെട്ട സ്വനവ്യവസ്ഥ നടപ്പിലാക്കാൻ മലയാളത്തിനു കഴിഞ്ഞിട്ടില്ല. അതുകൊണ്ടാവണം ആന്റിയെ ആൻടി എന്ന മട്ടിൽ പത്രങ്ങൾ അച്ചടിച്ചുതുടങ്ങിയിരിക്കുന്നത്. നാളിതുവരെ ആന്റി എന്നെഴുതി വന്നിരുന്നതിനെയാണ് ഇപ്പോൾ ആൻടി ആക്കി മാറ്റിയത്. മലയാളത്തിന്റെ അക്ഷരമാലയിലെ പല ശബ്ദങ്ങൾക്കും സമാനമായ വർണങ്ങൾ ഇംഗ്ലീഷിലില്ല. തന്മൂലം ഉച്ചാരണത്തിലും എഴുത്തിലും ശിഥിലതകൾ കടന്നു കൂടുന്നു.

ഇംഗ്ലീഷിലെ 'T' മലയാളത്തിലെ 'ട' യോ 'റ്റ' യോ അല്ല. മൂർധന്യമായ സ്പർശസ്വഭാവമുള്ള ശ്വാസിയായ വർണമാണ് മലയാളത്തിൽ ട കാരം. ഇംഗ്ലീഷിലെ Tourist മലയാളത്തിൽ എങ്ങനെയാണ് ഉച്ചരിക്കേണ്ടതും എഴുതേണ്ടതും? ടൂറിസ്റ്റ്, റ്റൂറിസ്റ്റ്, തൂറിസ്റ്റ്? തമ്മിൽ ഭേദം ടൂറിസ്റ്റ് എന്നല്ലേ പറയാനാവൂ. മലയാളത്തിൽ റ്റയ്ക്കുള്ള ഉച്ചാരണബലം ഇംഗ്ലീഷിൽ പദാദിയിൽ വരുന്ന t യ്ക്ക് ഇല്ല. 'ആന്റി' എന്ന ഉപസർഗത്തിലെ നകാരത്തിനുശേഷംവരുന്ന വർത്സ്യസ്പർശം മാത്രമാണത്. ഇപ്പോഴത്തെ മലയാളലിപികളിൽ ഒന്നുകൊണ്ടു T യുടെ ഉച്ചാരണമൂല്യം തൃപ്തികരമായി എഴുതിക്കാണിക്കാനാവില്ല.* അതുകൊണ്ട് ആന്റി എന്നോ ആൻടി എന്നോ എഴുതിക്കാണിച്ചാൽ അത് ഭാഗികോച്ചാരണം മാത്രമേ ആവുകയുള്ളൂ. പ്രതി, എതിർ, പകരം, നിവാരണം, വിരോധം തുടങ്ങിയവ അർത്ഥങ്ങളെക്കുറിക്കുന്ന ഉപസർഗമാണ് ആന്റി (Anti). നിഘണ്ടുകർത്താക്കൾ സ്വീകരിച്ചതും എഴുതിപ്പരിചയിച്ചതുമായ രൂപം 'ആന്റി'യാണ് എന്ന കാര്യം മറക്കാവതല്ല. എഴുതിശീലിച്ച പദങ്ങളെ ഇങ്ങനെ മാറ്റുന്നത് ദുഃസ്വാതന്ത്ര്യമാവില്ലേ? ഇംഗ്ലീഷിലെ ഭാഷാനിയമങ്ങൾ അതേപടി മലയാളത്തിൽ അനുവർത്തിക്കുന്നതിന് പ്രായോഗികബുദ്ധിമുട്ടുകളുണ്ട്. ഒരു പദം പല ലിപികൾ ഉപയോഗിച്ച് എഴുതുന്നതിനു പകരം ഏകത നിലനിറുത്തുകയാണ് വേണ്ടത്. പണ്ഡിതലോകം അംഗീകരിച്ച ആന്റിയെ ഇളക്കി 'ആൻടി'യാക്കേണ്ടതില്ല. സ്വാതന്ത്ര്യവും ദുഃസ്വാതന്ത്ര്യവും ഒന്നല്ലല്ലോ!

* പ്രബോധചന്ദ്രൻ നായർ, വി. ആർ. ഡോ., എഴുത്തു നന്നാവാൻ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2015, പുറം – 86.

# ലോകകപ്പ് ഹോക്കിയിൽ പ്രതീക്ഷയോടെ ഇന്ത്യ



സനിൽ പി. തോമസ്

ഒളിമ്പിക്സ് വെങ്കലമെഡൽ ജേതാക്കൾ. ലോകറാങ്കിങ്ങിൽ ആറാമത്. എല്ലാറ്റിനുമുപരി ആതിഥേയരും. ലോകകപ്പ് ഹോക്കി ഒഡീഷയിലെ ഭുവനേശ്വറിലും റൂർക്കലയിലുമായി നടക്കുമ്പോൾ ഇന്ത്യയുടെ അനുകൂല ഘടകങ്ങൾ ഇതൊക്കെത്തന്നെ. പക്ഷേ, ലോകകപ്പ് വിജയം അത്ര എളുപ്പമല്ല. സെമിയിൽ കടന്നാൽ നേട്ടം. അതിനപ്പുറമെന്തും ബോണസ്. അദ്ഭുതം സംഭവിച്ചാൽ താരങ്ങൾ കോടീശ്വരന്മാരാകും. കപ്പ് വീണ്ടെടുത്താൽ ഓരോ ഇന്ത്യൻതാരത്തിനും ഒരു കോടി രൂപ വീതമാണ് ഒഡീഷ മുഖ്യമന്ത്രി നവീൻ പട്നായിക് പാരിതോഷികം പ്രഖ്യാപിച്ചിരിക്കുന്നത്. 2018 ൽ ഭുവനേശ്വറിൽ ആറാം സ്ഥാനം നേടിയ ഇന്ത്യ നേരത്തേ 1982 മുംബൈയിൽ ലോകകപ്പു നടന്നപ്പോൾ അഞ്ചാമതും 2010 ൽ ന്യൂഡൽഹിയിൽ എട്ടാമതുമാണ് ഫിനിഷ് ചെയ്തത്. അതുകൊണ്ടാണ് ഇത്തവണ സെമിഫൈനലിൽ കടന്നാൽ നേട്ടംതന്നെയെന്നു മുൻകൂട്ടിപ്പറഞ്ഞത്.

ഗ്രഹാം റീഡിന്റെ ശിക്ഷണത്തിൽ ഡിഫെൻഡർ ഹാർമൻപ്രീത്സിങ്ങിന്റെ നേതൃത്വത്തിൽ ഇറങ്ങുന്ന ഇന്ത്യൻ ഇന്ത്യൻ ടീമിൽ കേരളത്തിന്റെ പ്രതിനിധി ഗോൾകീപ്പർ പി.ആർ. ശ്രീജേഷ് മാത്രം. മാനുവൽ ഫ്രഡറിക്സിനുശേഷം ഒളിമ്പിക് ഹോക്കിയിൽ വെങ്കലം നേടിയ ടീമംഗമായ ശ്രീജേഷ് ഒന്നാം ഇലവനിൽ സ്ഥാനം നേടുമെന്നു പ്രതീക്ഷിക്കാം. ടോക്കിയോയിലെ ഒളിമ്പിക് മെഡൽ നേട്ടത്തിൽ ശ്രീജേഷിനു കാര്യമായ സ്ഥാനമുണ്ടായിരുന്നു. അന്നു നായകനായിരുന്ന മധ്യനിരതാരം മൻപ്രീത്സിങ് ലോകകപ്പ് ടീമിലുണ്ട്. ശ്രീജേഷിന്റെയും മൻപ്രീതിന്റെയും അനുഭവസമ്പത്ത് ആതിഥേയർക്കു മുതൽക്കൂട്ടാകും. ശ്രീജേഷിന് ഇതു നാലാം ലോകകപ്പാണ്.

പതിനാറു ടീമുകൾ നാലു പൂളുകളിലായി മത്സരിക്കുന്നു. ഇന്ത്യ പൂൾ 'ഡി' യിൽ ഇംഗ്ലണ്ട്, സ്പെയിൻ, വെയിൽസ് ടീമുകൾക്കൊപ്പമാണ്. ഏറ്റവുമധികം തവണ ലോകകപ്പ് നേടിയിട്ടുള്ള (നാലു തവണ) പാക്കിസ്ഥാൻ ഇക്കുറി യോഗ്യത നേടിയില്ല എന്ന പ്രത്യേകതയുണ്ട്. ദക്ഷിണകൊറിയ, ജപ്പാൻ, മലേഷ്യ ടീമുകളാണ് ഇന്ത്യയ്ക്കു പുറമേ ഏഷ്യൻ പ്രതിനിധികൾ.

ബൽജിയമാണു നിലവിലെ ചാമ്പ്യന്മാർ. ജർമനി, ഓസ്ട്രേലിയ, നെതർലൻഡ്സ്, ന്യൂസിലൻഡ് ടീമുകളൊക്കെ കരുത്തരാണ്. ടോക്കിയോ ഒളിമ്പിക്സിൽ ഇന്ത്യയെ തകർത്ത (7-1) ഓസ്ട്രേലിയ ബർമിങ്ങാം കോമൺവെൽത്ത് ഗെയിംസിൽ ഇന്ത്യയെ നിഷ്പ്രഭരാക്കിയിരുന്നു (7-0). ആതിഥേയർ എന്ന നിലയിൽ കാണികളുടെ പിന്തുണ ലഭിക്കുമെങ്കിലും ഏതെങ്കിലും ടീമിനെതിരേ കനത്ത തോൽവിയുണ്ടായാൽ ഇന്ത്യ വിഷമിക്കും.





കൃഷൻ ബഹദൂർ പഥക്കാണ് ശ്രീജേഷിനൊപ്പം ഗോൾവല കാക്കാനുള്ളത്. സ്ട്രൈക്കർ അക്ഷദീപ് സിങ് അനുഭവസമ്പന്നനാണ്. മധ്യനിരയിൽ വിവേക് സാഗർ പ്രസാദ് മടങ്ങിയെത്തിയേക്കും. പക്ഷേ, ടോക്കിയോയിൽ ഏറെ തിളങ്ങിയ ഡ്രാക് ഫ്ളിക്കർ രൂപീന്ദർപാൽ സിങ്ങും ഡിഫൻഡർ ബിരേന്ദ്ര ലക്രയും വിരമിച്ചത് കനത്ത നഷ്ടംതന്നെയാണ്. പുതുമുഖങ്ങൾ അവസരത്തിനൊത്തുയരണം.

### ഇന്ത്യൻ ഹോക്കി തലസ്ഥാനമായി ഒഡീഷ

1975 ൽ കോലാലംപൂരിലാണ് ഇന്ത്യ ഒരേയൊരിക്കൽ ലോകകപ്പു വിജയിച്ചത്. അജിത്പാൽ സിങ്ങിന്റെ നേതൃത്വത്തിൽ ഇറങ്ങിയ ടീമിനെ ഒരുക്കിയത് പഞ്ചാബ് സർക്കാരായിരുന്നു. പഞ്ചാബിന്റെ സ്ഥാനം ഇന്ന് ഒഡീഷയ്ക്കാണ്. 2018 ൽ ഭുവനേശ്വറിൽ കലിംഗ സ്റ്റേഡിയത്തിലായിരുന്നു ടൂർണമെന്റ്. എങ്കിൽ ഇത്തവണ രണ്ടാമതൊരു വേദികൂടിയുണ്ട്. റൂർക്കലയിലെ ബിർസാമുണ്ട രാജ്യാന്തര ഹോക്കി സ്റ്റേഡിയം. ലോകത്തിലേക്കും വലിയ ഹോക്കി സ്റ്റേഡിയമാണിത്. 20,000 പേർക്ക് ഇരിപ്പിടമുണ്ട്. കളിക്കാർക്കു താമസ സൗകര്യമുൾപ്പെടെ ഒട്ടേറെ ആധുനികസംവിധാനങ്ങളോടുകൂടിയ സ്റ്റേഡിയം കേവലം 15 മാസംകൊണ്ടാണ് പൂർത്തിയാക്കിയത്.

നവീൻ പട്നായിക് ഒഡീഷ മുഖ്യമന്ത്രിയായ ശേഷം സംസ്ഥാനം കായികവികസനത്തിനു വലിയ പ്രാധാന്യമാണു നൽകുന്നത്. പുതിയൊരു കായികസംസ്കാരംതന്നെ ഭുവനേശ്വറിൽ ഉടലെടുത്തു. കലിംഗ സ്റ്റേഡിയവും അനുബന്ധസൗകര്യങ്ങളും ചുറ്റുവട്ടത്തെ പച്ചപ്പുമൊക്കെ നല്ലൊരനുഭവമാണ്. 2017 ൽ കലിംഗ സ്റ്റേഡിയത്തിൽ ഏഷ്യൻ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പ് നടന്നപ്പോൾ ഈ സൗകര്യങ്ങളും നവീൻ പട്നായിക് നടത്തിപ്പുകാര്യങ്ങളിൽ കാഴ്ചവച്ച സമർപ്പണവും ഈ ലേഖകൻ കണ്ടറിഞ്ഞതാണ്. ഒരു മുഖ്യമന്ത്രിയുടെ വീക്ഷണവും ഇച്ഛാശക്തിയും സംസ്ഥാനത്തിന്റെ കായികവികസനത്തിന് എങ്ങനെ പ്രയോജനപ്പെടുത്താമെന്നതിന്റെ ഉത്തമോദാഹരണം.

### ലോകകപ്പിൽ ഏഷ്യയ്ക്കു ചുവടുതെറ്റുന്നു

ലോകകപ്പ് ഹോക്കി എന്ന ആശയം കൊണ്ടുവന്ന പാക്കിസ്ഥാൻതന്നെയാണ് 1971 ൽ പ്രഥമ ലോകകപ്പ് സംഘടിപ്പിക്കാൻ ഒരുങ്ങിയത്. പക്ഷേ, രാഷ്ട്രീയ അനിശ്ചിതത്വം മൂലം അവർ പിന്മാറിയപ്പോൾ ബാർസിലോണയിൽ ആദ്യ ടൂർണമെന്റ് അരങ്ങേറി. ആദ്യ മൂന്നു പതിപ്പുകൾ ഏതാണ്ടു രണ്ടു വർഷ ഇടവേളകളിലാണു നടന്നത്. 1978 നു ശേഷം ഇടവേള നാലുവർഷമായി. 71 ൽ വെങ്കലവും 73 ൽ വെള്ളിയും കരസ്ഥമാക്കിയശേഷമാണ് 75 ൽ ഇന്ത്യ ചാമ്പ്യന്മാരായത്.

ഹോക്കിലോകകപ്പിന്റെ ചരിത്രം രണ്ടായി വേണം കാണുവാൻ. 1971 മുതൽ 82 വരെ സാധാരണ പുല്ലിലായിരുന്നു പ്രതലമൊരുക്കിയത്. 86 മുതൽ കൃത്രിമപുൽത്തകിടിയായി. ഫലം 86 ൽ ഇന്ത്യയും പാക്കിസ്ഥാനും സെമിയിൽ കടന്നില്ല. സാധാരണ പുൽപ്പുറത്തെ കളിയിൽ ഏഷ്യൻരാജ്യങ്ങൾ അഞ്ചിൽ നാലിലും ജേതാക്കളായി. 73 ൽ നെതർലൻഡ്സ് ഇന്ത്യയെ പിന്തള്ളി ചാംപ്യൻമാരായതു മാത്രമാണ് വ്യത്യസ്തമായത്. കൃത്രിമപ്രതലത്തിലാകട്ടെ, 1994 ൽ പാക്കിസ്ഥാൻ കിരീടം ചൂടിയത് വേറിട്ട കാഴ്ചയായി. അത്ര മാത്രം.

കൃത്രിമ ടർഫിന്റെ വേഗത്തിനൊത്ത് കളിവേഗം കൂട്ടിയ യൂറോപ്യൻ ടീമുകളും ഓസ്ട്രേലിയയും ന്യൂസിലൻഡുമൊക്കെ ഇത്തവണയും മികവു കാട്ടും. അവരുടെ ത്വരിതവേഗത്തിനൊപ്പം എത്രത്തോളം കുതിക്കാനാകുമെന്നതിനെ ആശ്രയിച്ചിരിക്കും ഇന്ത്യയുടെ സാധ്യതകൾ. പൂൾ ഘട്ടത്തിൽതന്നെ ഇംഗ്ലണ്ടും സ്പെയിനും ഇന്ത്യയ്ക്കു കടുത്ത വെല്ലുവിളി ഉയർത്തും. പാക്കിസ്ഥാൻ ഇല്ലാത്ത ലോകകപ്പിൽ ഏഷ്യയുടെ മഹത്തായ ഹോക്കി പാരമ്പര്യം ഉയർത്തിക്കാട്ടേണ്ട ചുമതല ഇന്ത്യയ്ക്കുണ്ട്.

■



ഇന്ത്യൻ ഹോക്കി ടീം ഒറീസ മുഖ്യമന്ത്രി നവീൻ പട്നായിക്കിനോടൊപ്പം

---

## പകരക്കാരനോ?

നുറുങ്ങുകഥ

ഉണ്ണി വാരിയത്ത്

എപ്പോഴും പരാതിപ്പെടുക അവന്റെ സ്വഭാവമാണ്.

"ഇല്ല, എന്നെ രക്ഷിക്കാൻ ഒരു മനുഷ്യനുമാവില്ല." അത് അവന്റെ വായ്ത്താരി.

അപ്പോഴൊക്കെ മനുഷ്യത്വമുള്ള ഒരാളല്ലെങ്കിൽ മറ്റൊരാൾ അവന്റെ രക്ഷകനായെത്തും.

എന്തിനും ഒരു പരിധിയൊക്കെയുണ്ടല്ലോ. അവൻ അവരെ ദുസ്സ്വാതന്ത്ര്യത്തോടെ മുതലെടുക്കാൻ തുടങ്ങിയപ്പോൾ അവർ അകലം പാലിച്ചുതുടങ്ങി. അപ്പോഴാണ് അവൻ ദൈവത്തെ കൂട്ടുപിടിക്കാൻ തുടങ്ങിയത്.

ദൈവം എന്താ പകരക്കാരനോ?



Deepanalam Weekly

RNI No : 16998/68
Vol. 55 No. 45 Date of Publication 12 Jan 2023
Annual Subscription Rate ₹400 (For Abroad ₹4500)

Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment



സ്വർണ്ണം വിൽക്കാൻ
ഏറ്റവും നല്ലത്
നമ്മുടെ അച്ചായൻസ് തന്നെ

TONY VALLIALIL ACHAYANS GROUP
SINCE 2005



# അച്ചായൻസ്
## ഗോൾഡ്

916 HALLMARKED JEWELLERY

കോട്ടയം | പാലാ | ചിങ്ങവനം | സംക്രാന്തി | കടുവാക്കുളം
ചേർത്തല | കടുത്തുരുത്തി
PH: 9072 388 172, 9847 113 429

18 വർഷത്തെ സേവനപാരമ്പര്യം

നിങ്ങളുടെ സ്വർണ്ണത്തിന് ഏറ്റവും ഉയർന്ന വില നൽകുന്നു | ബാങ്കിൽ പണയത്തിലിരിക്കുന്ന സ്വർണ്ണം എടുത്ത് ഉയർന്ന വിലയിൽ വിൽക്കുവാൻ സഹായിക്കുന്നു | മദ്ധ്യ തിരുവിതാംകൂറിൽ മാത്രമായി 15 ഷോറൂമുകൾ

33 വർഷത്തെ സേവനപാരമ്പര്യം

# നവഭാരത് കോളേജ്

അഡ്മിഷൻ തുടരുന്നു
+2 Science commerce humanities

6 മാസംകൊണ്ട് +2, 10
നാഷണൽ ഓപ്പൺ സ്കൂൾ (NIOS)

മരിയൻ ഹോസ്പിറ്റൽ Jn;
അരുണാപുരം പി.ഒ., പാലാ

Govt. V.H.S.S. നു സമീപം
പൊൻകുന്നം

Ph: 9495195739, 9495021259

B.A. - All subjects (M.G. University)
B.Com - Finance and Taxation
Co-Operation
M.A. - Malayalam, History
Regular, Postal & Holiday Classes

HINDI TTC
എസ്.എസ്.എൽ.സിയോ ഉപരിവിദ്യാഭ്യാസയോഗ്യതയോ ഉള്ളവർക്ക് ഒരു വർഷംകൊണ്ട് HINDI TTC പാസായി അദ്ധ്യാപകരാകാം.

ഉയർന്ന വിജയശതമാനം
ഹോസ്റ്റൽ സൗകര്യം

പരിചയസമ്പന്നരായ അധ്യാപകർ
വിദ്യാർത്ഥികൾക്കു ബസ് കൺസഷൻ

ABSOLUTE IAS ACADEMY
LEARN FROM THE BEST
TRIVANDRUM | KOCHI | CALICUT

KERALA'S No.1 IAS ACADEMY

Follow Us
www.absoluteiasacademy.com

DEGREE WITH CIVIL SERVICE
MISSION 1000 DAYS

ഇനി മലയാളത്തിലും
ഇംഗ്ലീഷിലും
IAS / KAS
പരീക്ഷയെഴുതാം.



"ജോബിൻ സാറിന്റെ ക്ലാസ്സുകളാണ് 314 മാർക്ക് നേടി മലയാളം ഓപ്ഷണലിന് അഖിലേന്ത്യാ ടോപ്പറാകുവാൻ എന്നെ സഹായിച്ചത്"
A.B. Silpa (Mark 314)
IPS Officer

EMI FACILITY

Dr.JOBIN S KOTTARAM
Phd, M.Phil, MBA (OB & HR), M.Sc (Psy), MA, PGJMC,
Author of 40 Books &
International Motivational Speaker
(FOUNDER - ABSOLUTE IAS ACADEMY)

For Registration call: 98467 44499, 94472 59402

HOLIDAY BATCH SATURDAY/SUNDAY
Time : 6.00PM to 9.00 PM

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org